
# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 ഡിസംബർ 26 | ദീപം 57 | നാളം 42 | Published from : PALA | പേജ് 20 | വില 8 രൂപ | www.deepanalam.org


**മേജർ ആർച്ചുബിഷപ്പ്**
**മാർ റാഫേൽ തട്ടിൽ**


# കരം കൊടുക്കാനും കരുത്തു പകരാനും
# സന്മനസ്സുള്ളവർക്കു സമാധാനം



സകലലോകത്തിനും സന്തോഷദായകമായ സദ്വാർത്തയാണ് ക്രിസ്മസ് - ക്രിസ്തുവിന്റെ തിരുജനനം. തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ഈ ലോകത്തെ സ്നേഹിച്ചു എന്നാണ് ക്രിസ്മസിനെക്കുറിച്ച് അപ്പസ്തോലനായ യോഹന്നാൻ പറയുന്നത്. ദൈവം മനുഷ്യനോടു കാണിച്ച ഏറ്റവും വലിയ സ്നേഹത്തിന്റെ അടയാളമാണ് ക്രിസ്മസ്. അതുകൊണ്ടുതന്നെ, ആരെയും മാറ്റിനിർത്താതെ എല്ലാവരെയും ചേർത്തുപിടിച്ച് ലോകത്തെ ഒരു കുടുംബമാക്കുന്ന തിരുനാളാണ് ഈശോയുടെ തിരുജനനത്തിന്റെ ഓർമപ്പെരുന്നാൾ. ക്രിസ്മസിൽ കർത്താവു തരുന്ന സന്തോഷത്തെയും സമാധാനത്തെയുംകുറിച്ചാണ് നാം കൂടുതൽ ധ്യാനിക്കുന്നതും ചിന്തിക്കുന്നതും പ്രാർഥിക്കുന്നതും.

ലോകത്തെ സൃഷ്ടിച്ച ദൈവം ലോകത്തിന്റെ മകുടമായി മനുഷ്യനെ സൃഷ്ടിച്ചു. ആദാമിനെ മണ്ണിൽനിന്നു മെനഞ്ഞെടുത്ത് അവന്റെ നാസാരന്ധ്രങ്ങളിലേക്കു ജീവശ്വാസം കൊടുത്ത ദൈവം അവനെ നോക്കിക്കൊണ്ടു പറഞ്ഞു: 'എന്റെ സ്വന്തം ഛായയും സാദൃശ്യവും.' ആദാമിന്റെ വാരിയെല്ലിൽനിന്ന് ഹവ്വായെ രൂപപ്പെടുത്തിയ ദൈവം ലോകത്തിൽ ആദ്യത്തെ വിവാഹം ആശീർവദിച്ചു. മനുഷ്യൻ ഈ ലോകത്തിലെ ദൈവത്തിന്റെ പ്രതിനിധിയാണ്. ദൈവം നേരിട്ട് ഈ ലോകത്തെ ഭരിക്കുന്നില്ല, മനുഷ്യനിലൂടെയാണ് ദൈവം ഈ ലോകത്തെ നയിക്കുന്നതും നിയന്ത്രിക്കുന്നതും.

ക്രിസ്മസ് സന്തോഷത്തിന്റെയും സമാധാനത്തിന്റെയും തിരുനാളാണ്. ഈ സന്തോഷവും സമാധാനവും വ്യക്തികളിൽനിന്നാരംഭിക്കണം. വ്യക്തികൾ കൂടുന്നതാണല്ലോ സമൂഹം. ആദാമിൽനിന്നാണ് ലോകം ആരംഭിക്കുന്നത്. ഹവ്വാ കൂട്ടിച്ചേർക്കപ്പെട്ടു. അതുകൊണ്ട്, വ്യക്തികൾ ലോകത്തിൽ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും വക്താക്കളാകണം, ഉപകരണങ്ങളായി മാറണം.

ക്രിസ്മസിനെ ഏറ്റവും കൂടുതൽ സ്നേഹിച്ച ഒരു വിശുദ്ധനാണ് അസ്സീസിയിലെ ഫ്രാൻസിസ്. അദ്ദേഹമാണ് അസ്സീസിയിലെ ഗ്രേച്ചോ എന്ന ഗ്രാമത്തിൽ ആദ്യമായി ക്രിസ്മസ് ക്രിബ് സജ്ജമാക്കിയത്. ഇന്നു ക്രിസ്മസ് ക്രിബ് ഇല്ലാത്ത വീടുകളോ സ്ഥാപനങ്ങളോ സ്ഥലങ്ങളോ ഇല്ല. അതിനു ജാതിയോ മതമോ ഒന്നുമില്ല. അത് തിരുജനനത്തിന്റെ ഒരടയാളമാണ്. എന്നാൽ, മനുഷ്യനു ദൈവം നല്കിയ വലിയ സ്വാതന്ത്ര്യത്തെ അവൻ ദുരുപയോഗപ്പെടുത്തി. ഇങ്ങനെ ദുരുപയോഗപ്പെടുത്താൻ മനുഷ്യനുണ്ടായ പ്രലോഭനം സ്വാർഥതയാണ്. തനിക്കു ദൈവമാകണം, തനിക്കു മുകളിൽ ആരുമുണ്ടാകാൻ പാടില്ല എന്ന ചിന്തയാണിത്. എല്ലാ പാപവും ആരംഭിക്കുന്നത് അഹന്തയിൽനിന്നും സ്വാർഥതയിൽനിന്നുമാണ്.

ക്രിസ്മസ് നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്ന സന്ദേശം അഹന്തയും സ്വാർഥതയുമില്ലാത്ത ഒരു ലോകത്തെക്കുറിച്ചു ചിന്തിക്കാനാണ്. തന്റെ ഏകജാതനെ ഈ ലോകത്തിലേക്കു നല്കാൻ ദൈവം തിരുമനസ്സായതിന്റെ പിന്നിൽ ഒരു വലിയ ത്യാഗമുണ്ട്, ഔദാര്യമുണ്ട്. ഈ വലിയ രക്ഷാകരദൗത്യത്തിൽ ദൈവത്തോടു സഹകരിക്കാൻ വിളിക്കപ്പെട്ട വ്യക്തികളുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടയാളാണ് മറിയം. മറിയത്തോടു മാലാഖ അറിയിക്കുന്ന സദ്വാർത്ത എന്താണ്? 'നീ ഗർഭം ധരിച്ച് ഒരു കുഞ്ഞിനെ പ്രസവിക്കും. അവൻ ലോകത്തിന്റെ രക്ഷകനായിരിക്കും.' മറിയം പറയുന്നുണ്ട്; 'ഇത് എങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ.' മാലാഖ മറുപടി പറഞ്ഞു: 'പരിശുദ്ധാത്മാവ് വരും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും. ദൈവത്തിന് ഒന്നും അസാധ്യമല്ല.' മറിയം പറഞ്ഞു: 'ഇതാ ഞാൻ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ.' നാം ദൈവത്തോടു സഹകരിച്ചാൽ ദൈവത്തിന് അസാധ്യമായി ഒന്നുമില്ല എന്ന വലിയ സത്യമാണ് ക്രിസ്മസിന്റെ മർമപ്രധാനമായ സന്ദേശം.

മറിയം ഗർഭവതിയായിരിക്കുന്നു എന്നറിഞ്ഞപ്പോൾ യൗസേപ്പ് ചഞ്ചലചിത്തനായി. കാരണം, അവരുടെ വിവാഹനിശ്ചയം കഴിഞ്ഞതേയുള്ളൂ. അവർ പരസ്പരം സംഗമിച്ചിട്ടില്ല. അവരുടെ വിവാഹജീവിതം ആരംഭിച്ചിട്ടില്ല. യൗസേപ്പിതാവ് മറിയത്തെ ഉപേക്ഷിച്ചുപോകാൻ തീരുമാനിച്ചു. മാലാഖ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് യൗസേപ്പിനോടു പറഞ്ഞു: 'ഇതു ദൈവത്തിന്റെ പദ്ധതിയാണ്. ദൈവത്തിന്റെ കൈകളിൽ നീ ഉപകരണമാണ്, മറിയം ഗർഭം ധരിച്ചിരിക്കുന്നത് നിന്നിൽനിന്നല്ലെന്ന് നിനക്കറിയാമല്ലോ. മറിയം ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽനിന്നാണ്.' സ്വപ്നത്തിൽനിന്നുണർന്ന യൗസേപ്പ് ദൈവഹിതത്തിനു കീഴടങ്ങി. മറിയത്തെ യൗസേപ്പ് സ്വന്തം ഭാര്യയായി സ്വീകരിച്ചു. യൗസേപ്പു നടത്തുന്ന ഒരു എക്സ്ട്രാമൈൽ യാത്രയുണ്ട്. അതു മനുഷ്യബുദ്ധിക്ക് അതീതമാണ്. ക്രിസ്മസ് നമ്മുടെ ജീവിതത്തിലും ഒരു എക്സ്ട്രാമൈലിലേക്കുള്ള വിളിയും നിയോഗവുമാണ്.

ക്രിസ്മസിലെ പരസ്പരധാരണയും സഹകരണവും എത്ര സജീവമാണെന്ന് ഓർമിക്കേണ്ടതാണ്. കാനേഷുമാരി കണക്കെടുക്കാൻ പോയപ്പോൾ മറിയത്തിനു പ്രസവവേദനയുണ്ടായി. കിടക്കാൻ ഇടമില്ലാതെ കഷ്ടപ്പെട്ടപ്പോൾ ആട്ടിടയന്മാർ കാലിത്തൊഴുത്തിൽ ഇടംകൊടുത്തു സഹകരിച്ചു. ഇടം കാട്ടുകയും കൊടുക്കുകയും ചെയ്യുക, കരം കൊടുക്കുകയും കരുത്തുപകരുകയും ചെയ്യുക, ഇതൊക്കെ ക്രിസ്മസിന്റെ വലിയൊരു ചക്രവാളമാണ്, മഹനീയമായ സന്ദേശത്തിന്റെ ആവിഷ്കാരമാണ്.

ഇന്നു നമ്മുടെ സമൂഹത്തിൽ എത്രയോപേർ ഒറ്റപ്പെട്ടിരിക്കുന്നു. വാർധക്യത്തിൽ മക്കളാൽ ഉപേക്ഷിക്കപ്പെടുന്ന മാതാപിതാക്കൾ, പണച്ചെലവിന്റെയും മറ്റു പ്രതികൂലസാഹചര്യങ്ങളുടെയും സമ്മർദത്തിൽ മക്കളെ വേണ്ടെന്നുവയ്ക്കുന്ന ദമ്പതികൾ... ഇവിടെയൊക്കെയാണ് ക്രിസ്മസിന്റെ അർഥം കൂടുതലായി ധ്യാനിക്കേണ്ടത്.

▶ 8

ക്രിസ്മസ് പുതുവത്സരാശംസകൾ

സ്വർണ്ണം വിൽക്കാൻ
ഏറ്റവും നല്ലത് നമ്മുടെ
അച്ചായൻസ് തന്നെ

KERALA'S NO.1 GOLD BUYER

TONY VALLIALIL ACHAYANS GROUP
SINCE 2005

അച്ചായൻസ്
ഗോൾഡ് 916 HALLMARKED JEWELLERY

പാലാ | ഉഴവൂർ | കരിങ്കുന്നം

കോട്ടയം | ചങ്ങനാശ്ശേരി | ഏറ്റുമാനൂർ | എറണാകുളം | തൊടുപുഴ
ചിങ്ങവനം | സംക്രാന്തി | കടുത്തുരുത്തി | കടുവാക്കുളം | ചേർത്തല

Ph: 9072 388 172 | 8590 046 916

CASH FOR GOLD




ക്രിസ്മസ് പുതുവത്സരാശംസകൾ

Agrim@ അഗ്രിമ
ഷോപ്പിംഗ് കോംപ്ലക്സ്, പാലാ
9074556724

- കർഷക ഓപ്പൺ മാർക്കറ്റ്
- ഇക്കോ ഷോപ്പ്
- കാർഷിക നഴ്സറി
- കാർഷിക ഉപകരണങ്ങൾ
- ജൈവ വളങ്ങൾ
- പൂച്ചട്ടികൾ

അഗ്രിമ ടെക്
CCTV ക്യാമറ,
ഇന്ത്യൻ നിർമിത ഇൻവെർട്ടർ,
സൗണ്ട് സിസ്റ്റം എന്നിവ
ഉത്തരവാദിത്വത്തോടെ
സ്ഥാപിച്ചുകൊടുക്കുന്നു
Ph:994 700 28 76

അഗ്രിമ
സെൻട്രൽ നഴ്സറി, മുണ്ടുപാലം
കേരള ഗവ. അംഗീകൃതം
വിദേശ ഫലവൃക്ഷതൈകൾ
പൂച്ചെടികൾ, ജൈവവളങ്ങൾ
9074556726, 9074556714

keralagro കേരളാഗ്രോ സ്റ്റോർ
പാലാ
സെന്റ് തോമസ് പ്രസിന് സമീപം
"ഗുണമേന്മയുള്ള
കലർപ്പറ്റ ഭക്ഷ്യ കാർഷിക
ഉൽപന്നങ്ങൾ ഒരു കുടക്കീഴിൽ"
8078194619

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സംരംഭങ്ങൾ

ക്രിസ്മസ് പുതുവത്സരാശംസകൾ




പാലാ ഗോൾഡ് കവറിങ്



ആറുമാസം
ഗ്യാരന്റിയോടുകൂടിയ
ആഭരണങ്ങൾ

വിവാഹം
മറ്റ് ആഘോഷപരിപാടികൾ
എന്നിവയ്ക്കുള്ള
ആഭരണങ്ങൾ മിതമായ
നിരക്കിൽ വാടകയ്ക്ക്
നൽകപ്പെടുന്നു

കളറുപോയ ആഭരണങ്ങൾ
പ്ലേറ്റ് ചെയ്തു നൽകുന്നു

ഗവ.ഹോസ്പിറ്റൽ ജംഗ്ഷൻ
ന്യൂ മുനിസിപ്പൽ കോംപ്ലക്സ്
പാലാ
7736859931, 8848898874

# പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല



ബിഷപ് ഡോ. അലക്സ് വടക്കുംതല



**കാ**ലിത്തൊഴുത്തിന്റെ പരിമിതികളിലും അവൾ ആനന്ദവതിയായിരുന്നു. സ്വർഗത്തിന്റെ സാന്ത്വനസമ്മാനം ഒരു ഓമനക്കുഞ്ഞിന്റെ രൂപത്തിൽ തന്റെ കൈകളിൽ കിട്ടിയാൽപ്പിന്നെ ആനന്ദിക്കാതിരിക്കുന്നതെങ്ങനെ?

മറ്റൊരിക്കൽ യൂദയായിലെ മലമ്പ്രദേശത്തുള്ള ഒറ്റയടിപ്പാതയിലൂടെ തിടുക്കത്തിൽ ഒറ്റയ്ക്കു മറിയം ഓടിയെത്തിയത് ബന്ധുവായ എലിസബത്തിനെ ശുശ്രൂഷിക്കാനായിരുന്നു. ആ ഭവനത്തിൽവച്ച് ഒരു ആനന്ദഗീതം ആവർത്തിച്ച് ഉറക്കെ അവൾ ഏറ്റുപാടി: "എന്റെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു. എന്റെ ചിത്തം രക്ഷകനായ ദൈവത്തിൽ അത്യന്തം ആനന്ദിക്കുന്നു."

യഥാർഥത്തിൽ മറിയത്തിന് ആനന്ദിക്കാനെന്തിരിക്കുന്നു? ഭർത്താവുമായി ഒരുമിച്ചു ജീവിക്കാൻ തുടങ്ങുന്നതിനുമുമ്പേ ഗർഭവതിയായ സംഭവം മതിയല്ലോ നാട്ടിലെ വലിയ ദുരന്തമായിത്തീരാൻ! ആരു വിശ്വസിക്കും കെട്ടുകഥപോലെ മാത്രം കൈക്കൊള്ളാനാവുന്ന ഒരു വിവരണം! എന്തൊരു വലിയ ആന്തരികാസ്വസ്ഥതയും മാനസികപിരിമുറുക്കവുമാകും അങ്ങനെയുള്ള ഒരു വ്യക്തിക്ക്. പക്ഷേ, അപ്പോഴും മറിയത്തിന്റെ ഇഷ്ടഗാനം ഇതുതന്നെ: 'ആനന്ദിക്കുന്നു ഇന്നെന്റെ അന്തരാത്മാവ്.'

നിറവയറുമായാണ് അവളുടെ നീണ്ട യാത്ര. ഭരിക്കുന്ന സർക്കാരിന്റെ തീരുമാനമനുസരിച്ച് കാനേഷുമാരി പൂർത്തിയാക്കാൻ ബെത്‌ലഹേമിലേക്കു ഭർത്താവുമൊന്നിച്ചു പൂർണഗർഭിണിക്കു പാടില്ലാത്ത ഒരു പര്യടനം. അവിടെയെത്തിയപ്പോൾ പ്രസവത്തിനു സമയമായി എന്നു തിരിച്ചറിഞ്ഞു. വിവരിക്കാനാവാത്ത വേദനയും വിങ്ങലും. മരപ്പണിക്കാരനായ ഭർത്താവുമാത്രം സഹായിയായി അടുത്തുള്ളപ്പോൾ കടിഞ്ഞൂൽപ്രസവം നടക്കുന്നു. എന്തായിരിക്കും ആ മനസ്സിന്റെ വിഹ്വലതകൾ? എങ്കിലും അവൾ ആ കുഞ്ഞിനെ കണ്ടപ്പോൾ ആനന്ദവതിതന്നെ. കുഞ്ഞിനെ കൈകളിലേന്തുമ്പോഴുള്ള ആത്മസാഫല്യം!

തച്ചനായുള്ള ജോസഫും ഇതേ ആനന്ദനിർവൃതിയിലും സംതൃപ്തിയിലുമാണ്. യഥാർഥത്തിൽ അയാൾക്ക് ആനന്ദിക്കാൻ എന്തവകാശം! എന്തൊരു നിരുത്തരവാദിത്വത്തോടെയാണ് ആ മനുഷ്യൻ കാര്യങ്ങൾ ചെയ്തത്? പൂർണഗർഭവതിയായ ഒരു ഭാര്യയെയും കൂട്ടി, ഒരു മുൻകരുതലുമില്ലാതെ, ഒരു കുടുസ്സുമുറിപോലും അവിടെയെത്തിയാൽ താമസിക്കാനൊരുക്കാതെ അന്യനാട്ടിലേക്കുള്ള ദുരിതയാത്ര. തിരക്കുള്ള ഉത്സവകാലത്ത് 'സത്രത്തിൽ അവർക്കു സ്ഥലം കിട്ടിയില്ല' എന്നതു സ്വാഭാവികം. അവസാനം കാലിത്തൊഴുത്തിൽ അഭയം. കാലികൾക്കു നടുവിൽ കടിഞ്ഞൂൽ പുത്രനു ജനനം. എങ്കിലും ആ തച്ചന് മനസ്സു നിറയെ ആനന്ദംമാത്രം. എന്താണ് അതിനു നിദാനം? ഈ പരിമിതികളിലും ജോസഫിന് എങ്ങനെ സന്തോഷിക്കാനാകും? കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ പ്രവർത്തിക്കുന്ന ഒരാൾക്ക്, ദൈവഹിതം നിവർത്തിക്കുന്ന ഒരാൾക്ക്, പിന്നെ എന്തു നിരാശ!

ഫ്രാൻസീസ് പാപ്പാ എഴുതിയ 2025 ജൂബിലിയുടെ സ്ഥാപനഡിക്രിയുടെ പേര് 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്നാണ്. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്കെഴുതിയ ലേഖനം 5:5 ആണത്. പാപ്പാ വിവരിക്കുന്നു: "പ്രത്യാശിക്കുകയെന്നാൽ എന്താണെന്ന് എല്ലാവർക്കും അറിയാം. ഭാവി എന്തായിരിക്കും എന്നതിലുള്ള അനിശ്ചിതത്വം ഹൃദയത്തിൽ കുടികൊള്ളുമ്പോഴും സംഭവിക്കാനിരിക്കുന്ന നല്ല കാര്യങ്ങൾക്കായുള്ള പ്രതീക്ഷയും ദാഹവുമായി പ്രത്യാശ എല്ലാവരിലും കുടികൊള്ളുന്നു. ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വം ചിലപ്പോൾ പരസ്പരവിരുദ്ധമായ വികാരങ്ങൾ ഉണർത്താം. ഉറച്ച വിശ്വാസത്തിൽനിന്നു ഭയത്തിലേക്കും, ശാന്തതയിൽനിന്ന് ആകുലതയിലേക്കും, ഉറച്ചബോധ്യത്തിൽനിന്നു സന്ദേഹത്തിലേക്കും സംശയത്തിലേക്കും നയിക്കപ്പെടാം" (പേജ് 4). "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലതും നന്മയായി പരിണമിപ്പിക്കും!" (റോമ 8:28). ഹൃദയത്തിൽ പ്രത്യാശയും ആനന്ദവും നിറച്ച രണ്ടുപേരെയാണ് കാലിത്തൊഴുത്തിൽ നമുക്കു കാണാനാവുന്നത്.

> **മനസ്സിൽ ഈശ്വരൻ ജന്മംകൊണ്ടാൽ വലിയ കൃപയും സൗഭാഗ്യവും നമ്മിലും ഉണ്ടാകും. പരസ്പരം മനസ്സിലാക്കിയും കുറവുകൾ അംഗീകരിച്ചും കഴിഞ്ഞാൽ എല്ലാ പ്രതിസന്ധികൾക്കും പരിഹാരമായി. ദൈവഹിതത്തിനു വിട്ടുകൊടുത്ത ജീവിതമാണെങ്കിൽ ദൈവപരിപാലനയുടെ കരങ്ങൾ പരിമിതികളുടെ നടുവിലും കണ്ടെത്താനാവും.**

അരുമസുതൻ പിറക്കുംമുമ്പുതന്നെ ദൈവം അവർ ഇരുവരുടെയും ഹൃദയങ്ങളിലുണ്ട്. ഇതുപോലെ, മനസ്സിൽ ഈശ്വരൻ ജന്മംകൊണ്ടാൽ വലിയ കൃപയും സൗഭാഗ്യവും നമ്മിലും ഉണ്ടാകും. പരസ്പരം മനസ്സിലാക്കിയും കുറവുകൾ അംഗീകരിച്ചും കഴിഞ്ഞാൽ എല്ലാ പ്രതിസന്ധികൾക്കും പരിഹാരമായി. ദൈവഹിതത്തിനു വിട്ടുകൊടുത്ത ജീവിതമാണെങ്കിൽ ദൈവപരിപാലനയുടെ കരങ്ങൾ പരിമിതികളുടെ നടുവിലും കണ്ടെത്താനാവും. അപ്പോൾ ക്രിസ്മസിന്റെ സന്തോഷവും സമാധാനവും അനുഭവിക്കാനാവും. ഹാപ്പി ക്രിസ്മസ്! ഹാപ്പി ജൂബിലി 2025!



# വെറുതെ...



വിനായക് നിർമൽ

അങ്ങനെയാണ് അയാൾ അവിടെയെത്തിയത്.

അമ്മ പറഞ്ഞു: “കൊല്ലത്തിലൊരിക്കൽ മാത്രമല്ലേയുള്ളൂ. എല്ലാവരും ആഘോഷിക്കുന്നു. നമ്മളായിട്ടുമാത്രമെന്നാത്തിനാ.. എനിക്കറിയാം നിന്റെ മനസ്സും സങ്കടോം. പക്ഷേ, അതിന്റെ പേരിൽ നമ്മൾ മാത്രമായിട്ട് ഇങ്ങനെ.. നീ ചെല്ല്... ചെന്ന് ക്രിസ്തുമസിനുള്ള എന്തെങ്കിലുമൊക്കെ വാങ്ങിക്കോണ്ടു വാ...”

അമ്മയുടെ അത്രയുംവരെയുള്ള വാക്കുകൾ അയാളിൽ പ്രത്യേകിച്ചു യാതൊരുവിധത്തിലുള്ള ചലനവും സൃഷ്ടിച്ചില്ല എന്നതാണു സത്യം.

പക്ഷേ, അതിന്റെ തുടർച്ചയായി അമ്മ പറഞ്ഞതാണ് അയാളെ സത്യത്തിൽ അവിടെയെത്തിച്ചത്.

“അടുത്തവർഷം ഞാനുണ്ടാവുമോയെന്ന് ആരറിഞ്ഞു...”

സാധാരണമായി അമ്മ അത്തരം സെന്റിമെന്റ്സ് പറയുന്ന ആളല്ല. അതുകൊണ്ടുതന്നെ അയാൾക്ക് അതിൽ അസ്വാഭാവികമായിട്ടെന്തോ തോന്നുകയും അമ്മയെ സമാധാനിപ്പിക്കാനും സന്തോഷിപ്പിക്കാനുമായി ക്രിസ്മസിനുവേണ്ടി സാധനങ്ങൾ വാങ്ങാൻ തീരുമാനിക്കുകയുമായിരുന്നു. അമ്മ പറഞ്ഞതു ശരിയായിരുന്നു, അയൽവക്കത്തെ വീടുകളെല്ലാം മാസങ്ങൾക്കുമുമ്പുതന്നെ ക്രിസ്മസിന് ഒരുങ്ങിക്കഴിഞ്ഞിരുന്നു. ദീപാലങ്കാരങ്ങളും നക്ഷത്രങ്ങളും. പക്ഷേ, അയാളുടെ വീടിന്റെ ഇറയത്തുപോലും ഒരു നക്ഷത്രം ഉണ്ടായിരുന്നില്ല. അമ്മ അതൊക്കെ ആഗ്രഹിക്കുന്നുണ്ടെന്ന് അയാൾക്കറിയാമായിരുന്നു. താൻ വേണ്ടെന്നുവയ്ക്കുന്ന സന്തോഷങ്ങൾ മറ്റൊരാളുടെ ആഗ്രഹവും അയാളുടെ അവകാശവുമാണെങ്കിൽ അതു സാധിച്ചുകൊടുക്കുകയാണു വേണ്ടതെന്ന് അയാൾക്കറിയാമായിരുന്നു. അങ്ങനെയാണ് അയാൾ അവിടെയെത്തിയത്, സൂപ്പർമാർക്കറ്റിൽ.

ശരിയായിരുന്നു, പതിവിലും കൂടുതൽ തിരക്കായിരുന്നു അവിടെ. ക്രിസ്മസിന്റെ പേരിൽ എന്തൊക്കെയോ വാരിക്കൂട്ടാൻ മത്സരിക്കുകയാണു മനുഷ്യരെന്ന് അയാൾക്കു തോന്നി; ആഘോഷിക്കാൻ മനുഷ്യൻ ഓരോ കാരണങ്ങൾ കണ്ടെത്തി കാത്തിരിക്കുകയാണെന്നും. ഓണം, ക്രിസ്മസ്, വിഷു, ഈസ്റ്റർ... തങ്ങളുടെ ആഘോഷങ്ങൾക്കെല്ലാം വേണ്ടവിധത്തിലുള്ള ഒരു സാധൂകരണംകൂടി ഓരോരുത്തരും ആഗ്രഹിക്കുന്നുണ്ട്; സ്നേഹിക്കാനും വെറുക്കാനും കൊലപാതകത്തിനുംവരെ കാരണങ്ങൾ കണ്ടെത്തുന്നതുപോലെ...

കൂടുതലും ദമ്പതികളായിരുന്നു. അവിടവിടെയായി മാത്രമേ ഒറ്റയ്ക്കു ചിലരുണ്ടായിരുന്നുള്ളൂ. ഏതൊക്കെയോ ചില കാരണങ്ങളാൽ അവരും തന്നെപ്പോലെ ഒറ്റയ്ക്കായിപ്പോയവരായിരിക്കുമെന്ന് അയാൾ വെറുതെ കരുതി. കഴിഞ്ഞ വർഷത്തെ ക്രിസ്മസാണ് അയാളുടെ മനസ്സിലേക്കു പെട്ടെന്നു കടന്നുവന്നത്. അന്ന് ഷോപ്പിങ് നടത്താനും എല്ലാറ്റിനുമായി ലയ കൂടെയുണ്ടായിരുന്നു. അയാൾ ദീർഘമായൊന്നു നിശ്വസിച്ചു. ചില ഓർമകൾ കുടഞ്ഞെറിഞ്ഞാലും വിട്ടുപോകാത്ത ഉടുമ്പുകണക്കെയാണ്. അള്ളിപ്പിടിച്ചും നുള്ളിപ്പിടിച്ചും അവയിങ്ങനെ...

താൻ അവളെ ഓർമിക്കുന്നതുപോലെ അവൾ തന്നെയും ഓർമിക്കുന്നുണ്ടാവുമോ? ഒരുമിച്ചായിരുന്നപ്പോൾ അവളുടെ മനസ്സറിഞ്ഞെന്നോണം ചില സാധനങ്ങൾ വാങ്ങിവരുമ്പോഴും പെരുമാറുമ്പോഴും അവൾ അതിശയപ്പെടാറുണ്ടായിരുന്നു:

“യ്യോ ഇതെങ്ങനെ മനസ്സിലാക്കി? ഞാൻ മനസ്സിൽ ഓർത്തതേയുള്ളൂ / മനസ്സിൽ വിചാരിച്ചതേയുള്ളൂ.”

മനപ്പൊരുത്തം എന്നു പറഞ്ഞ് പരസ്പരം അഭിമാനിക്കുകയും അവളെ സന്തോഷിപ്പിക്കുകയുമായിരുന്നു ചെയ്തുകൊണ്ടിരുന്നത്. ഇപ്പോൾ ആ മനപ്പൊരുത്തമൊക്കെ എവിടെ? മനുഷ്യർ തമ്മിൽ പെട്ടെന്ന് അടുക്കുകയല്ല അകലുകയാണു ചെയ്തുകൊണ്ടിരിക്കുന്നത്. അടുക്കാൻ പല കാരണങ്ങൾ വേണം, അടുപ്പം നിലനിർത്താൻ ബോധപൂർവമായ ശ്രമങ്ങളും വേണം. പക്ഷേ, അകലാൻ ഒറ്റക്കാരണം മതി. അകലത്തിൽനിന്ന് അടുപ്പത്തിലേക്കു നടന്നടുക്കാൻ ശ്രമങ്ങൾ ആരും നടത്താറുമില്ല:

വീണ്ടും അടുക്കാൻ ബോധപൂർവം ശ്രമങ്ങൾ നടത്തിയില്ലെങ്കിൽ അകലം അവസാനമില്ലാതെ തുടരുകയേയുള്ളൂ. ഒരാളെങ്കിലും അടുക്കാൻ ശ്രമം നടത്തണം. അപ്പോൾമാത്രമേ അകലം ഇല്ലാതാവുകയുള്ളൂ. പക്ഷേ, ആര് എന്ന തർക്കം എല്ലാ അകലങ്ങളും തുടർന്നുകൊണ്ടുപോകുന്നതിനു പിന്നിലുണ്ടെന്നു തോന്നുന്നു.



“ഹലോ സർ, ഹാപ്പി ക്രിസ്മസ്” സൂപ്പർമാർക്കറ്റിന്റെ യൂണിഫോം ധരിച്ച പെൺകുട്ടി അടുത്തെത്തിയത് അപ്പോഴാണ്.

“സാർ ഇന്നും തനിച്ചാണോ... മേഡം വന്നില്ലേ?”

സ്ഥിരമായി വരുന്നതിനാൽ ആ പെൺകുട്ടിക്കു രണ്ടാളെയും പരിചയമുണ്ടായിരുന്നു. കഴിഞ്ഞ തവണയെല്ലാം വന്നപ്പോഴും അവൾ അതേ ചോദ്യം ചോദിച്ചിരുന്നു.

“ഇ... ഇല്ല...”

“മേഡം സുഖമായിരിക്കുന്നോ?”

“ഉം.”

ഷെൽഫുകളിൽ നിറച്ചുവച്ചിരിക്കുന്നവയിൽനിന്ന് എന്തൊക്കെയോ വാരിയിട്ടു. ‘ഇതു നല്ലതാ... ഈ ബ്രാൻഡാ മേഡം സെലക്ട് ചെയ്യുന്നത്’ എന്നെല്ലാം പറഞ്ഞ് ആ പെൺകുട്ടിയും സഹായത്തിനെത്തി. ബിൽ പേ ചെയ്തു മടങ്ങുമ്പോൾ പെൺകുട്ടി ഓർമിപ്പിക്കാൻ മറന്നില്ല:

“സാർ മേഡത്തിനും വിഷസ് കൊടുക്കണേ... അടുത്ത തവണ വരുമ്പോ മേഡത്തെയും കൂട്ടണം. ന്യൂ ഇയറിന്റെ കുറെ ഓഫറുകളുണ്ട്.”

സമ്മതഭാവത്തിൽ തലകുലുക്കി സാധനങ്ങളുമായി കാറിനരികിലേക്കു നടക്കുമ്പോഴാണ് ഫോൺ ബെല്ലടിച്ചത്.

“ഒരു കാര്യം നിന്നോടു പറയാൻ വിട്ടുപോയി.”

“എന്താ അമ്മാ, എന്തെങ്കിലും വാങ്ങണോ?”

“നീ ഒരു ഗിഫ്റ്റ് വാങ്ങണം.”

“എന്തു ഗിഫ്റ്റ്?”

“ഒരു ചുരിദാർ.”

“അമ്മയ്ക്കെന്തിനാണു ചുരിദാർ, അമ്മ സാരിയല്ലേ ഉടുക്കുന്നത്.”

“നീ മറന്നോ ലയയുടെ പിറന്നാളല്ലേ ഇരുപത്തിയാറ്... അവൾക്ക്...”

ഒന്നും മിണ്ടിയില്ല, മിണ്ടാൻ തോന്നിയില്ല എന്നതാവും ശരി.

“ഞാൻ ഇന്നോ നാളെയോ പോകാനുള്ള ആളാ... പക്ഷേ, നിങ്ങൾ എത്രയോ കാലം ജീവിച്ചിരിക്കാനുള്ളവരാ... പിണക്കമൊക്കെ തീർക്കാൻ ഇതല്ലേ അവസരം.”

“പിണങ്ങിയതും ഇറങ്ങിപ്പോയതും അവളല്ലേ... വിളിച്ചിട്ട് എടുക്കാത്തതും ഡിവോഴ്സ് വേണമെന്നാവശ്യപ്പെടുന്നതും അവളല്ലേ? എന്നെക്കൊണ്ട് പറ്റില്ല. അവൾടെ വീട്ടിൽപോകാൻ.”

“വീട്ടിൽ പോകണ്ടാടാ.. ബാങ്കിൽ പോയാ മതി. ഇരുപത്തിനാലും ഇരുപത്തിയഞ്ചുമല്ലേ അവധി.. ഈ സമയം അവളവിടെയുണ്ടാകും.”

“അമ്മേ ഞാൻ...”

“നീയൊന്നും പറയണ്ടാ... ഞാൻ പറഞ്ഞിട്ടാണു വന്നതെന്നുമാത്രം പറയാതിരുന്നാൽ മതി. നീ സന്തോഷത്തോടെ വന്നതാണെന്നും തന്നതാണെന്നും അറിയുമ്പോൾ അവൾക്കു സന്തോഷമാകും. നീയെന്നെ കൂടുതൽ സ്നേഹിക്കുന്നുവെന്നും പരിഗണിക്കുന്നുവെന്നുമല്ലേ അവളുടെ പരാതി... സാരമില്ലെടാ... ഭർത്താവിനോടു സ്നേഹമുള്ള ഏതൊരു പെണ്ണും അങ്ങനെയൊക്കെ പറയും. പണ്ട് ഞാനും നിന്റെ പപ്പയോട് അങ്ങനെതന്നെ പറഞ്ഞിട്ടുണ്ട്... അമ്മയായിക്കഴിയുമ്പോ എല്ലാം ക്ഷമിക്കാനും സഹിക്കാനും പെണ്ണു പഠിക്കും. ഭാര്യയാകുമ്പോൾ കഴിയാത്തതു പലതും... അതു മനസ്സിലാക്കിയാ അവൾ പറഞ്ഞതെല്ലാം നിനക്കു ക്ഷമിക്കാൻ തോന്നും.”

“അമ്മേ ഞാൻ...”

“സനൂ, അമ്മ പറയുന്നതു കേൾക്ക്... ക്ഷമിക്കുന്നതു തോൽവിയാണെന്ന് ആരാ നിന്നോടു പറഞ്ഞെ.. തോറ്റുകൊടുത്തവരേ എന്നും ജയിച്ചിട്ടുള്ളൂ.”

അയാൾക്കു ദേഷ്യം തോന്നി. മറുത്തൊന്നും പറയുന്നതിനെക്കാൾ ഫോൺ കട്ടു ചെയ്യുന്നതാണു നല്ലതെന്നു തോന്നി. അതനുസരിച്ച് ഫോൺ കട്ടു ചെയ്തു.

ലയ പറഞ്ഞ ഓരോ വാക്കും മനസ്സിലേക്കു തികട്ടിവരുന്നു. അതിലേറ്റവും വില കെട്ടതായി തോന്നിയത് അമ്മയെ കെട്ടിപ്പിടിച്ചിരിക്കാനാണെങ്കിൽ പിന്നെയെന്തിനാണ് എന്നെ കല്യാണം കഴിച്ചത്, അമ്മയെ കല്യാണം കഴിച്ചാൽപോരായിരുന്നോ എന്നു ചോദിച്ചതായിരുന്നു. അതിനു മറുപടി നല്കിയത് അവളുടെ കവിളത്തായിരുന്നു. അന്നാണ് അവൾ ഇറങ്ങിപ്പോയത്. കഴിഞ്ഞ വർഷത്തെ ക്രിസ്മസിന്റെ പിറ്റേന്ന്... ഒരു വർഷം. അതിനിടയിൽ പലവട്ടം അനുരഞ്ജനശ്രമങ്ങൾ.

(ശേഷം 18-ാം പേജിൽ)



# താളത്തിന്റെ സംഗീതമൈത്രി

## രാജ്യം പത്മശ്രീ, പത്മഭൂഷൺ, പത്മവിഭൂഷൻ എന്നീ പരമോന്നതബഹുമതികൾ നൽകി ആദരിച്ച വിശ്രുത തബലവാദകൻ സക്കീർ ഹുസൈൻ ഓർമയായി



ഡോ. മുകുന്ദനുണ്ണി

സക്കീർ പോയി. തബല ഇനി ഒരിക്കലും പഴയതുപോലെ ശബ്ദിക്കില്ല. തബല തുടങ്ങുന്നതും അവസാനിക്കുന്നതും അദ്ദേഹത്തിന്റെ കുടുംബത്തിലാണ്. എ മുതൽ സെഡ് വരെ. അള്ളാ (A) രാഖഖാൻമുതൽ സക്കീർ (Z) ഹുസൈൻവരെ. സക്കീർഭായിയുടെ സംഗീതജീവിതത്തെ ഓർക്കുമ്പോൾ എല്ലാവരും ഒരുപോലെ ഇങ്ങനെ സ്വയമറിയാതെ പറഞ്ഞുപോകുന്നു.

താളവിദ്വാനും കമ്പോസറും ഹിന്ദുസ്ഥാനിസംഗീതജ്ഞനും ലോക-സംഗീതങ്ങളെ സമന്വയിപ്പിക്കുന്ന കലാകാരനുമായിരുന്നു സക്കീർ ഹുസൈൻ. സാൻ ഫ്രാൻസിസ്കോയിലെ ഒരു ആശുപത്രിയിൽവച്ച് ഇഡിയോപതിക് പൾമണറി ഫൈബ്രോസിസ് (ശ്വാസകോശസംബന്ധമായ രോഗം) ബാധിച്ചു മരിക്കുമ്പോൾ അദ്ദേഹത്തിന് 73 വയസ്സായിരുന്നു.

ഭീംസെൻ ജോഷി, രവിശങ്കർ, ശിവകുമാർ ശർമ, അലി അക്ബർ ഖാൻ തുടങ്ങിയ നിരവധി മഹാസംഗീതജ്ഞന്മാരുടെ സംഗീതക്കച്ചേരികൾക്കു സക്കീർ ഹുസൈൻ തബല വായിക്കുന്ന ഒരു കാലമുണ്ടായിരുന്നു. എണ്ണമറ്റ സോളോ കച്ചേരികളിലൂടെ സംഗീതാസ്വാദകരെ കോരിത്തരിപ്പിച്ച ഇന്നലെകളും ഉണ്ടായിരുന്നു. തബലമാത്രമല്ല, ആ വിരലുകളിൽ തട്ടി നിരവധി പാരമ്പര്യവാദ്യങ്ങളും ആധുനികവാദ്യങ്ങളും നാദതാരങ്ങളായിട്ടുണ്ട്. കേരളത്തിന്റെ ചെണ്ടയോടും ആ തബല സംഗീതം സംസാരിച്ചിട്ടുണ്ട്. മട്ടന്നൂർ ശങ്കരൻകുട്ടി ചെണ്ടയിലും സക്കീർ തബലയിലും തീർത്ത സംഗീതസമന്വയത്തിന്റെ വീഡിയോ നാം പല തവണ കണ്ടുകഴിഞ്ഞു. നമുക്ക് അദ്ദേഹത്തിന്റെ സംഗീതം വീണ്ടും വീണ്ടും കേട്ടുകൊണ്ടിരിക്കാം. പക്ഷേ, ഇനി ലൈവ് ഇല്ല.

ക്ലാസിക്കൽ സംഗീതംമാത്രമായിരുന്നില്ല അദ്ദേഹത്തിന്റെ മേഖല. ഇംഗ്ലീഷ് ജാസ് ഗിറ്റാറിസ്റ്റ് ജോൺ മിക്ലോഗ്ലിൻ, ഇന്ത്യൻ വയലിനിസ്റ്റ് എൽ. ശങ്കർ, ഘടം വാദ്യകാരൻ വിക്കു വിനായക്റാം എന്നിവരോടൊപ്പം ചേർന്ന് 1973 ൽ അദ്ദേഹം ശക്തി എന്ന ഗ്രൂപ്പ് ഉണ്ടാക്കിയിരുന്നു. കിഴക്ക്-പടിഞ്ഞാറ് ഫ്യൂഷൻ മാത്രമായിരുന്നില്ല ശക്തി. വിക്കു വിനായക്റാമിന്റെ സാന്നിധ്യംകൊണ്ട് അത് ഇന്ത്യയുടെ തെക്കു-വടക്ക് താളസമന്വയംകൂടിയായിരുന്നു. കാലങ്ങൾക്കുശേഷം മിക്ലോഗ്ലിനും സക്കീർ ഹുസൈനും മറ്റു മൂന്നു പേരും ചേർന്ന് ശക്തി ഗ്രൂപ്പ് പുനർരൂപീകരിച്ചു. 2023 ലെ 'ദി മൊമന്റ്' എന്ന ആൽബം, ശക്തിയുടെ സൃഷ്ടിയായിരുന്നു. ലോകത്തിലെ ആദ്യത്തെ ഗ്ലോബൽ മ്യൂസിക് ആൽബം എന്ന വകുപ്പിൽ ഇതിന് ഗ്രാമ്മി അവാർഡ് ലഭിച്ചു.

ഇക്കൊല്ലം സക്കീർ ഹുസൈൻ രണ്ടു ഗ്രാമ്മി അവാർഡുകൾക്കുകൂടി അർഹനായി: ഗ്ലോബൽ മ്യൂസിക് പെർഫോമൻസിനും കണ്ടംപററി ഇൻസ്ട്രുമെന്റൽ ആൽബത്തിനും. 'ഏസ് വി സ്പീക്' എന്നായിരുന്നു ഈ സമന്വയത്തിന്റെ പേര്. ബേൻജോ വാദകൻ ബെലാ ഫ്ളെക്കും ഡബ്ൾ ബാസ്സ് വായിക്കുന്ന എഡ്ഗാർ മേയറും ബാംസുരി വാദകൻ രാകേഷ് ചൗരാസ്യയും ചേർന്ന് ഒരുക്കിയതാണ് ഈ ആൽബം.

സക്കീർ ഹുസൈൻ ഖുറെയ്ഷി 1951 ൽ ബോംബെയിൽ ജനിച്ചു, അള്ളാ രാഖ ഖുറെയ്ഷിയുടെ മൂത്ത പുത്രനായിട്ട്. അദ്ദേഹത്തിന്റെ അമ്മ ബാവി ബീഗം. ജനിച്ച് കുറച്ചുസമയത്തിനുള്ളിൽ ചെവിയിൽ പ്രാർഥന മന്ത്രിക്കണമെന്നാണ് ആചാരം. അള്ളാ രാഖ കുഞ്ഞിന്റെ ചെവിയിൽ മന്ത്രിച്ചു: തബലയുടെ ഏതാനും ബോലുകൾ. എന്താണ് ഈ ചെയ്യുന്നതെന്ന് ബീവി പരിഭ്രമിച്ചുചോദിച്ചപ്പോൾ അള്ളാ രാഖ പറഞ്ഞു: ഇതാണ് എന്റെ പ്രാർഥന.

അടുക്കളയിലെ പാത്രങ്ങളുടെയും കിണ്ണങ്ങളുടെയും പുറത്ത് കൊട്ടിക്കളിച്ചു വളർന്ന് സക്കീർ ഏഴാം വയസ്സിൽ അച്ഛന്റെ ശിഷ്യനായി. രാവിലെ നേരത്തേ എഴുന്നേറ്റ് മൂന്നു മണിക്കൂർ തബല വായിച്ച്, മദ്രസയിൽ പോയി ഖുറാൻ പഠിച്ച്, അടുത്തുള്ള റോമൻ കാത്തലിക് ചർച്ചിൽ പോയി സ്തോത്രങ്ങൾ പാടി സക്കീർ വളർന്നു. വീടിനടുത്തുള്ള പള്ളിയിൽനിന്ന് സൂഫി ഖവാലി സംഗീതം കേൾക്കാം. അങ്ങനെ കുട്ടിക്കാലം കടന്നുപോയി.



പന്ത്രണ്ടാം വയസ്സിലായിരുന്നു സക്കീറിന്റെ ആദ്യത്തെ തബലവാദന കച്ചേരി. പതിനെട്ടാം വയസ്സിൽ, 1970 ൽ, യു എസ്സിൽ അരങ്ങേറി. ന്യൂയോർക്ക് നഗരത്തിലെ ഈസ്റ്റ് വില്ലേജിൽ പ്രശസ്തമായ ഫിൽമോറിലെ കോൺസർട്ട് വെന്യുവിൽ രവിശങ്കറുടെ കച്ചേരിക്കു തബല വായിച്ചുകൊണ്ടായിരുന്നു അത്. അള്ളാ രാഖയ്ക്കു സുഖമില്ലായിരുന്നു. പകരം മകനെ ക്ഷണിച്ചു. പിന്നീട് രവിശങ്കറിന്റെ പരിപാടികളുടെ അവിഭാജ്യ ഘടകമായി അദ്ദേഹത്തിന്റെ തബലവാദനം.

ഒരു സംഗീതവിദ്വാൻമാത്രമായിരുന്നില്ല സക്കീർ ഹുസൈൻ. ജീവിക്കുകയെന്നാൽ സംഗീതത്തിൽ മുഴുകുക എന്നാണെന്നു മനസ്സിലാക്കിയതുകൊണ്ടായിരിക്കാം അദ്ദേഹം സംഗീതത്തെക്കുറിച്ചു പഠിക്കാൻ ഒരുങ്ങി. സംഗീതവും സംസ്കാരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അറിയാൻ ആഗ്രഹിച്ചു. എത്നോമ്യൂസിക്കോളജി പഠിക്കാൻ സിയാറ്റിലിലെ യൂണിവേഴ്സിറ്റി ഓഫ് വാഷിങ്ടണിൽ ചേർന്നു. പിഎച്ച്.ഡി. എടുത്തു. തുടർന്ന് അവിടെത്തന്നെ പഠിപ്പിച്ചു. പിന്നീട് നോർത്ത് കാലിഫോർണിയയിലേക്കു മാറി, സാൻ റാഫേലിലെ അലി അക്ബർ കോളജ് ഓഫ് മ്യൂസിക്കിൽ പഠിപ്പിക്കാൻ. അവിടെ 'താൾ വാദ്യ റിതം ബാൻഡി'നെ നയിച്ചു. വിവിധ സംസ്കാരങ്ങളിലെ താളവാദ്യങ്ങളെ കേന്ദ്രീകരിച്ച് താളസമന്വയങ്ങൾ പരീക്ഷിക്കുകയായിരുന്നു ആ ബാൻഡിന്റെ ലക്ഷ്യം. 'ഹാപ്പിനസ് ഇൻ ഡ്രമ്മിങ്' ഈ സംഘം സൃഷ്ടിച്ച ട്രാക്കുകളിലൊന്നാണ്. പിന്നീട് അതിനെ പുനഃസൃഷ്ടിച്ചതാണ് 'ഫയർ ഓൺ ദ മൗണ്ടൻ.'

സാമ്പ്രദായിക തബലവാദനത്തിന്റെ പുറത്തേക്കുള്ള സക്കീർ ഹുസൈന്റെ സാഹസികയാത്രകളെക്കുറിച്ചു പറഞ്ഞാൽ തീരില്ല. അതേസമയം, എല്ലാ സാഹസികയാത്രകളിലും അദ്ദേഹം ഹിന്ദുസ്ഥാനി തബലവാദനംതന്നെയാണു ചെയ്തുകൊണ്ടിരുന്നത്. 2022 ൽ കിയോട്ടോ പുരസ്കാരം സ്വീകരിക്കുമ്പോൾ അദ്ദേഹം പറഞ്ഞത്, 500 വർഷം മുമ്പ് ഹിന്ദുസ്ഥാനിതബലവാദനം എങ്ങനെയായിരുന്നോ അതുതന്നെയാണ് ഇപ്പോഴും താൻ ചെയ്തുകൊണ്ടിരിക്കുന്നത് എന്നാണ്. മുൻഗാമികൾ വായിച്ചതുതന്നെ പുതുതായി വായിക്കുകയാണെന്ന്. വായിക്കുന്നത് യാഥാസ്ഥിതികമായാണെന്ന് ഉദ്ദേശിച്ചല്ല; പകരം, ആ പഴയ ഭാഷ ഇപ്പോൾ എല്ലാ പുതിയ ഭാഷകളിലേക്കും പ്രകാശിപ്പിച്ചുകൊണ്ടിരിക്കുകയാണ് എന്ന അർഥത്തിൽ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ വേരുകളിൽനിന്നു വ്യതിചലിക്കാതെ, തന്റെ നൂതനമായ സാഹസികതകളെ അതേ വൃക്ഷത്തിന്റെ ശാഖകളാക്കി പരിണമിപ്പിക്കുന്നതിലൂടെ, ഒരുപക്ഷേ സക്കീർ ഹുസൈൻ തന്റെ സംഗീതത്തെ ഒരേസമയം ആഗോളസംഗീതവും അതേസമയം, ഹിന്ദുസ്ഥാനി സംഗീതവുമാക്കി നിലനിർത്തിയത് അദ്ദേഹത്തിന്റെ ഈ സർഗാത്മകമായ കൗശലംവഴിയാണ്. ഏതു സംസ്കാരത്തിന്റെ സംഗീതമായാലും അതിനോടു സ്വയം ഹിന്ദുസ്ഥാനിസംഗീതദ്വാരാ ബന്ധബിന്ദുക്കൾ തിരയുന്നതിലൂടെ...

അടുത്തകാലംവരെ സക്കീർ ഹുസൈൻ വർഷത്തിൽ ചുരുങ്ങിയത് 150 കച്ചേരികൾ ചെയ്തിരുന്നു. സൂക്ഷ്മമായ സംഗതികൾ വിളംബ-മധ്യ-ദ്രുത ലയങ്ങളിൽ മധുരനാദങ്ങൾ ധ്വനിപ്പിക്കുന്നത് കേൾക്കാൻ, അദ്ദേഹത്തിന്റെ വിരലുകൾ തബലയിൽ തട്ടി സംഗീതത്തിന്റെ ഘനമേഘമായുയരുന്നതു കാണാൻ, അതീവ ശ്രദ്ധയോടെ പ്രേക്ഷകർ അദ്ദേഹത്തിനു മുമ്പിൽ എപ്പോഴും ധ്യാനിച്ചിരുന്നു.

ഇന്ത്യ ടുഡേയ്ക്കു നൽകിയ ഒരു അഭിമുഖത്തിൽ സക്കീർ ഹുസൈൻ തന്റെ സംഗീതചിന്ത വ്യക്തമായി പറയുന്നുണ്ട്, ഇപ്രകാരം: ആളുകളുടെ ഇടയിൽ നടക്കുന്ന ഒരു സംഭാഷണമാണ് സംഗീതം. അത് ഒരു പ്രക്രിയയാണ് അഥവാ എല്ലാ അതിർത്തികളെയും വേലികളെയും മതങ്ങളെയും എല്ലാ ഇതര ജീവിതരീതികളെയും അതിവർത്തിക്കുന്ന ഒരു പ്രക്രിയയാണ്. മറ്റെന്തിൽനിന്നും വ്യത്യസ്തമായ ഒരു പ്രക്രിയ. സംഗീതജ്ഞന്മാരും കലാകാരന്മാരും പരസ്പരം ഇടപെടുന്നതുപോലെ ലോകത്തിലെല്ലാവരും പരസ്പരം ബന്ധപ്പെടുകയാണെങ്കിൽ നമുക്ക് കുറേക്കൂടി ശാന്തമായ ഒരു ഭൂലോകം സാധ്യമാകും. ■



# ദൈവത്തിന്റെ മനുഷ്യാന്വേഷണം




പ്രൊഫ. എം. തോമസ് മാത്യു

മനുഷ്യന്റെ ദൈവാന്വേഷണമാണ് എല്ലാ മതങ്ങളും ഉദ്ഘോഷിക്കുന്നത്; എന്നാൽ, ക്രിസ്തുമതം ദൈവത്തിന്റെ മനുഷ്യാന്വേഷണത്തെ പ്രഘോഷിക്കുന്നു. യേശു പറഞ്ഞ ഉപമകളിലൊന്നിൽ, എല്ലാ അവകാശവും കണക്കുപറഞ്ഞു വാങ്ങി പുറപ്പെട്ടുപോയ മകന്റെ മടങ്ങിവരവു കാത്തിരിക്കുന്ന പിതാവിന്റെ ചിത്രം മിഴിവോടെ വരച്ചുവച്ചിരിക്കുന്നത് എത്രയോവട്ടം നാം വായിക്കുകയും ധ്യാനിക്കുകയും ചെയ്തിരിക്കുന്നു. ഈ പിതാവ് സ്വർഗസ്ഥനായ പിതാവിന്റെ ഐഹികനിദർശനമാണ്; അഥവാ, സ്വർഗസ്ഥനായ പിതാവിനെ ഈ പിതാവിൽ പ്രതീകവത്കരിച്ചുകൊണ്ടാണ് യേശു ഈ കഥ പറയുന്നത്. ഈ മകൻ മടങ്ങിവരുമെന്നു കരുതാൻ എന്തു ന്യായമാണുള്ളത്? ഒരു ന്യായമേയുള്ളൂ - അവൻ മടങ്ങിവരണമെന്ന പിതാവിന്റെ തീവ്രമായ അഭിലാഷം. ആ അഭിലാഷത്തിന്റെ പിന്നിലുള്ളത് അളവില്ലാത്ത സ്നേഹമാണ്. അതിരും അളവുമില്ലാത്ത സ്നേഹത്തിനുമാത്രമേ ധൂർത്തജീവിതത്തിന്റെ മായികപ്രലോഭനങ്ങളുടെ വിളികേട്ട് ഇറങ്ങിപ്പോയ മകന്റെ മടങ്ങിവരവു പ്രതീക്ഷിക്കാനാകൂ. സ്നേഹത്തിന് അങ്ങനെയൊരു സവിശേഷവൈഭവമുണ്ട്. മകൻ മടങ്ങിവരണമെന്ന ആഗ്രഹംമാത്രമല്ല ഇവിടെയുള്ളത്. മടങ്ങിവരും എന്ന ഉറപ്പുകൂടിയുണ്ട്. ആ വിശ്വാസത്തിനു സരളമായ കാര്യകാരണബന്ധമില്ല.

സ്നേഹം സാമാന്യയുക്തിയുടെ വരുതിയിൽ വർത്തിക്കുന്ന വികാരമല്ല. ലൗകികമായ സ്നേഹംപോലും പ്രത്യക്ഷയുക്തിയുടെ വലയം ഭേദിക്കുന്നത് അനുഭവസത്യമായി നാം അറിയുന്ന യാഥാർഥ്യമാണ്. വിശ്വാസവും പ്രത്യാശയും സ്നേഹവുമാണ് ശാശ്വതമായി നിലനില്ക്കുകയെന്ന് പൗലോസ് അപ്പസ്തോലൻ പറയുന്നു. അങ്ങനെ പറഞ്ഞുനിറുത്തുകമാത്രമല്ല; ഇവയിൽ പ്രധാനം സ്നേഹമാണെന്ന് അടിവരയിട്ട് ഉറപ്പിക്കുകയും ചെയ്യുന്നു. സ്നേഹരഹിതമായി വിശ്വാസവും പ്രത്യാശയും സാധ്യമല്ലാത്തതുകൊണ്ടാണ് അങ്ങനെ എടുത്തുപറഞ്ഞിരിക്കുന്നത്. സ്നേഹമാണ് പരമമായ മൂല്യം. ലൗകികപ്രതിഭാസങ്ങളെ വിശദീകരിക്കാൻമാത്രം കൊള്ളാവുന്ന യുക്തിക്ക് ദൈവികസ്നേഹത്തെ വിധേയപ്പെടുത്തുക സാധ്യമല്ല. അല്ലെങ്കിൽ, മസ്തിഷ്കത്തിന്റെ യുക്തിക്കപ്പുറമാണ് ഹൃദയത്തിന്റെ യുക്തിയുടെ സ്ഥാനം. ആ യുക്തിയാണ്, സ്ഥൂലയുക്തികളെ പിന്തള്ളി ദൂരെനിന്നേ വരുന്ന മകനെ തിരിച്ചറിയുന്നത്. ഏതെല്ലാം കർമങ്ങളിൽ വ്യാപരിക്കുമ്പോഴും ആ വ്യഗ്രതകളിൽ ഉടക്കിപ്പോകാതെ ആ പിതാവിന്റെ കണ്ണ് നീണ്ടുനീണ്ടു ചെന്ന് ചക്രവാളരേഖയിൽ ഒരു പൊട്ട് തെളിയുന്നുണ്ടോയെന്നു പരതിക്കൊണ്ടിരിക്കും; അത് ഒരിക്കലും പിൻവലിക്കപ്പെടുന്നില്ല.

പാപിയുടെ മാനസാന്തരത്തിൽ സ്വർഗം എങ്ങനെ സന്തോഷിക്കുന്നു എന്നുകൂടി പറഞ്ഞുതരുന്നുണ്ട് ഈ ഉപമ. അക്കഥ വിസ്തരിക്കേണ്ട. എന്നാൽ, പോയവരൊക്കെ പോകട്ടെ, പുകഞ്ഞ കൊള്ളി പുറത്ത് എന്ന നിസ്സംഗത ദൈവസ്വഭാവത്തിൽ കലർന്നിട്ടില്ല എന്ന് ഈ ഉപമ വ്യക്തമാക്കുന്നു. കൊടിയ പാപങ്ങളിൽ വിവേകം കെട്ട് പുളച്ചു ജീവിക്കുന്നവനായാലും അവനിൽ ഒരു മടങ്ങിവരവിന്റെ സാധ്യത കെട്ടുപോകാതെ എരിഞ്ഞുകൊണ്ടിരിക്കുന്നു. കെടുവാതങ്ങൾക്കൊന്നും കെടുത്തിക്കളയാവതല്ല ഈ ജ്വാല. കാരണം, മനുഷ്യൻ എന്ന ഈ മൺചെരാതിൽ ഈ തിരി കൊളുത്തിവച്ചതു ദൈവമാണ്. അതിൽ, കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും എണ്ണ വറ്റിപ്പോകാതെ ദൈവം നിരന്തരം പകർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ പ്രത്യാശയ്ക്ക് അവസാനമില്ല. ലോകത്തിൽ ഇപ്പോഴും കുഞ്ഞുങ്ങൾ പിറക്കുന്നത് മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ പ്രതീക്ഷ അസ്തമിച്ചിട്ടില്ലെന്നതിന്റെ തെളിവാണെന്ന് ടാഗൂർ എഴുതിയിട്ടുണ്ട്.



വേദപുസ്തകത്തെ 'രക്ഷാകരചരിത്രം' - Salvation History - എന്നു വിളിക്കുന്നത് ദൈവത്തിന്റെ മനുഷ്യാന്വേഷണത്തിന്റെ, മനുഷ്യനെ എങ്ങനെ വീണ്ടെടുക്കേണ്ടൂ എന്ന അന്വേഷണത്തിന്റെ ചരിത്രം അതു സംഗ്രഹിക്കുന്നതുകൊണ്ടാണ്. ആ ചരിത്രത്തിന്റെ ഫലശ്രുതിയാണ് ക്രിസ്തുസംഭവം. ലോകത്തെക്കുറിച്ചുള്ള ദൈവത്തിന്റെ വിചാരപ്പെടലാണ് യേശുക്രിസ്തു. മനുഷ്യനെ നശിക്കാൻ വിടുകയില്ല എന്ന ദൈവനിശ്ചയത്തിന്റെ പിന്നിലെ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും മൂർത്തമായ അവതാരമായി അവിടുന്നു ഭൂമിയിലേക്കു വന്നു. മനുഷ്യരാശിക്കു മുഴുവൻ ഉണ്ടാകാൻ പോകുന്ന മഹാസന്തോഷം എന്നാണ് ആ വരവാർത്ത ആട്ടിടയന്മാരെ അറിയിച്ച ദൈവദൂതന്മാർ അതിനെ വിശേഷിപ്പിച്ചത്. ദൈവാലയത്തിൽവച്ച് ഈ ശിശുവിനെ കൈകളിലേന്തി വൃദ്ധനായ ശിമയോൻ ദൈവം ഒരുക്കിയ രക്ഷയെ തന്റെ കണ്ണു കണ്ടല്ലോ എന്നാണ് തന്റെ ജീവിതസാഫല്യത്തെ സാക്ഷ്യപ്പെടുത്തുന്നത്.

തിരുപ്പിറവി-ക്രിസ്മസ്-ആഘോഷിക്കുമ്പോൾ യഥാർഥത്തിൽ നാം ചെയ്യുന്നത്, ചെയ്യേണ്ടത്, ദൈവം നമുക്കുവേണ്ടി ഒരുക്കിയ രക്ഷയെ നാം കൈക്കൊള്ളുന്നു എന്നു പ്രഖ്യാപിക്കുകയാണ്. ക്രിസ്മസ് ദൈവസ്നേഹത്തിന്റെ ഉത്സവമാണ്. ഇതിനേക്കാൾ വലിയ എന്തു സമ്മാനമാണ് മനുഷ്യനു കൊടുക്കാൻ ദൈവത്തിനു കഴിയുക? ക്ഷമിക്കണം, ദൈവത്തിന്റെ കഴിവിന് ഞാൻ അതിരു കല്പിക്കുകയാണെന്നു തെറ്റിദ്ധരിക്കരുത്. അവനവനെ കൊടുക്കുന്നതിനപ്പുറം കൊടുക്കാൻ ഒന്നും ബാക്കിയില്ല. പുത്രൻ അവനവൻതന്നെ- ആത്മാ വൈ പുത്രനാമാസി - എന്നാണ് എല്ലാവരും വിശ്വസിക്കുന്നത്. അതുകൊണ്ട്, ദൈവം പുത്രനെ നല്കി എന്നതിനർഥം തന്നെത്തന്നെ നല്കി എന്നാണ്. യേശു ദൈവത്തിൽനിന്നു വന്നവൻമാത്രമല്ല, ദൈവവും ആയിരുന്നു. അതുകൊണ്ട്, ക്രിസ്മസ് ഒരു മഹാപുരുഷന്റെ ജനനത്തിരുനാളല്ല, ദൈവം മനുഷ്യന്റെ വീണ്ടെടുപ്പിനു തന്നെത്തന്നെ മോചനദ്രവ്യമായി നല്കിയതിന്റെ തിരുനാളാണ്.

സ്നേഹത്തിന്റെ അതിരെവിടെ എന്ന ചോദ്യത്തിനു സംശയച്ഛേദിയും കണിശവുമായ ഉത്തരം യേശു നല്കിയിട്ടുണ്ട്. 'ജീവൻ നല്കുന്നിടത്തോളം' എന്നാണ് ആ ഉത്തരം. ആത്മദാനത്തോളം നീണ്ടുകിടക്കുന്ന സ്നേഹത്തിന്റെ വഴിയിൽ പദം വച്ചതിന്റെ ഉത്സവമാണ് ക്രിസ്മസ്. നക്ഷത്രവിളക്കുതൂക്കിയും പുൽക്കൂടൊരുക്കിയും ക്രിസ്മസ് ആഘോഷിക്കുമ്പോൾ ബേത്‌ലഹേമിലെ പുൽക്കൂട്ടിൽ യേശു ജനിച്ച ചരിത്രസംഭവത്തിന്റെ ഓർമപുതുക്കുകമാത്രമല്ല ചെയ്യുന്നത്; അത് സ്നേഹം എന്ന മൂല്യത്തിന്റെ, എല്ലാ മൂല്യങ്ങളുടെയും കാതലായ സ്നേഹത്തിന്റെ, ആ സ്നേഹം ഒരുക്കിയ രക്ഷയുടെ ഓർമയാണു പുതുക്കുന്നത്. രക്ഷയുടെ ഓർമപുതുക്കൽ ആ രക്ഷയുടെ അനുഭവത്തിൽ പ്രവേശിക്കുന്നവർക്കുമാത്രം അവകാശപ്പെട്ടതാണ്.

രക്ഷയുടെ അനുഭവം എങ്ങനെയാണ് ഉണ്ടാകുന്നത്? ദൈവം ഒരു കാര്യംമാത്രമേ ആവശ്യപ്പെടുന്നുള്ളൂ - സ്നേഹിക്കുക. 'പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാൻ നിങ്ങളെ സ്നേഹിച്ചു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ' എന്നാണ് ക്രിസ്തു നല്കിയ കല്പന. മനുഷ്യനെ സ്നേഹിക്കാതെ ദൈവത്തെ സ്നേഹിക്കാൻ കഴിയുമോ എന്ന അന്വേഷണമായി ആധ്യാത്മികജീവിതം മാറിയതാണ് ലോകത്തിനു സംഭവിച്ച വിപത്ത്. അപരനിലേക്കുള്ള വഴി തുറക്കപ്പെടുമ്പോൾ ദൈവത്തിലേക്കുള്ള വഴിയാണു തുറക്കപ്പെടുന്നത്. അയല്ക്കാരനെ സ്നേഹിക്കാതെ ദൈവത്തെ സ്നേഹിക്കാൻ കഴിയുകയില്ല.

■

## ഉണ്ണിയേശു

■ പി. കെ. ഗോപി



### ഗാനം 1

പ്രിയമുഖമുള്ളൊരു കുഞ്ഞേശുവെന്നുള്ളിൽ
പനിനീർദലംപോലെ പുഞ്ചിരിച്ചൂ
പരിശുദ്ധാത്മാവിന്റെ കിരണംപോൽ പുൽക്കൂട്ടിൽ
പരിമളമംഗളത്തിരി തെളിഞ്ഞൂ.
ഇടയന്മാരകലെനിന്നാനന്ദ സംഗീതത്തുടികളിൽ
സ്തുതിപാടാൻ ശ്രുതിയിടുന്നു

പാതിരാത്താരകം ബേത്‌ലഹേമിന്റെ
യാതനത്തീയിൽ ഉദിക്കുന്നൂ...
പതിതന്റെ കണ്ണീർ തുടയ്ക്കുവാൻ ഭൂമിയിൽ
ഒരുവൻ പിറന്നെന്നു പാടുന്നൂ...
മാലാഖാമാരേ... സുഗന്ധധൂമം
പെയ്യുമാകാശവീഥിയിൽ വന്നാലും
രാജാധിരാജന്റെ എളിമപ്പിറവിയെ
പാരാകെ പാടിസ്തുതിച്ചാലും...!

മാനവമോചനം, പാപവിമോചനം
നാഥന്റെ വാക്കിൽ തെളിയുന്നൂ...
അബലന്റെ കൈചേർത്തഖിലവും വാഴുവാൻ
ഒരുവൻ വരുന്നെന്നു പാടുന്നൂ...
ശ്രീയേശുനാഥാ... അനന്തദീപംപോലെ-
യാത്മാവിലെന്നെന്നും വാണാലും
ദേവാധിദേവന്റെ സഹനപ്പെരുമയെ
പാരാകെ പാടിസ്തുതിച്ചാലും...!

### ഗാനം 2

പരിശുദ്ധാത്മാവു പറന്നിറങ്ങീ...
പരമപ്രകാശം പരന്നൊഴുകീ...
കിഴക്കുനിന്നിടയന്മാർ പാതിരാത്തണുപ്പത്ത്
മനുഷ്യപുത്രന്റെ ജന്മം തിരിച്ചറിഞ്ഞൂ...
കാലിത്തൊഴുത്തിലെ പുൽമെത്തയിൽ
ഒരു രാജാധിരാജൻ പിറവികൊണ്ടു...
ഒരു ദേവാധിദേവന്റെ പിറവികണ്ടു!

പൊന്നെവിടെ മൂരെവിടെ മാലാഖമാരേ...
മഞ്ഞുവീഴുമാകാശത്തെ നക്ഷത്രങ്ങളേ...
പുല്ലാങ്കുഴൽപ്പാട്ടെവിടെ ഇടയന്മാരേ..
നമുക്കിന്നുമുതലുണ്ണിയേശു സ്വന്തം... സ്വന്തം!

സത്യധർമച്ചാട്ടവാറാണവന്റെ കൈയിൽ
നിത്യമായ ദീപശിഖയവന്റെ കണ്ണിൽ
ഏഴകളെ തോഴരാക്കും അവന്റെ കൈകൾ
നമുക്കിന്നുമുതൽ ദൈവപുത്രൻ സ്വന്തം... സ്വന്തം!!

# തിരുപ്പിറവിയിൽ തുളുമ്പുന്ന സിനഡാലിറ്റി



ഫാ.ഡോ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ



സിനഡാത്മകസഭയെന്ന സ്വപ്നത്തെ യാഥാർഥ്യത്തിലെത്തിക്കാനുള്ള യജ്ഞത്തിലാണല്ലോ കത്തോലിക്കാസഭ. അതിന്റെ പ്രാരംഭപടിയായിട്ടാണ് 2021 ഒക്ടോബർ 9-ാം തീയതി സിനഡൽ പ്രക്രിയയ്ക്ക് ഫ്രാൻസിസ് പാപ്പാ റോമിൽ തുടക്കംകുറിച്ചത്. തുടർന്നുള്ള വർഷങ്ങളിൽ റോമിൽ സിനഡാലിറ്റിയെക്കുറിച്ചു ചർച്ചചെയ്യാൻ സിനഡു സമ്മേളനങ്ങൾ ഉണ്ടായിരുന്നു. 2024 ഒക്ടോബർ 27-ാം തീയതിയാണ് സിനഡാലിറ്റിയെക്കുറിച്ചുള്ള ചർച്ചകൾ സമാപിച്ചത്. ഇതിന്റെ പശ്ചാത്തലത്തിൽ തിരുപ്പിറവിയെക്കുറിച്ചു വിചിന്തനം ചെയ്യുന്നതു കരണീയമാണെന്നു തോന്നുന്നു.

സിനഡാത്മകസഭയുടെ പ്രാഗ്രൂപം ലോകരക്ഷകനായ മിശിഹായുടെ തിരുപ്പിറവിയിൽ നമുക്കു ദർശിക്കാനാകും. ഒന്നാമതായി, സിനഡാത്മകസഭ വിഭാവനം ചെയ്യുന്ന കൂട്ടായ്മയുടെ വലിയ ദൃഷ്ടാന്തം ഈശോയുടെ തിരുപ്പിറവിയിലുണ്ട്. ദൈവം നമ്മോടുകൂടെ (എമ്മാനുവേൽ) ആയത് ദൈവ-മനുഷ്യക്കൂട്ടായ്മയ്ക്കുവേണ്ടിയാണ്. ദൈവത്തോടുള്ള സമാനത നിലനിറുത്തേണ്ട കാര്യമായി പരിഗണിക്കാതെ സ്വയം ശൂന്യവത്കരണത്തിന്റെ മേലങ്കിയണിഞ്ഞ് ദൈവം മനുഷ്യാവതാരം ചെയ്തതും (ഫിലി. 2:6) മനുഷ്യരോടുള്ള സ്നേഹക്കൂട്ടായ്മമൂലമാണ്. ദൈവം മനുഷ്യനായത് മനുഷ്യനെ ദൈവികനാക്കാനായിരുന്നുവെന്ന വിശുദ്ധ ആഗസ്തീനോസിന്റെ വാക്കുകൾ ഇത്തരുണത്തിൽ പ്രസക്തമാണ്. ദൈവ-മനുഷ്യക്കൂട്ടായ്മയെ ശക്തീകരിക്കുകയും വെളിവാക്കുകയും ചെയ്ത മനുഷ്യാവതാരവേളയിൽ സ്വർഗത്തിന്റെയും ഭൂമിയുടെയും മനുഷ്യരുടെയും മാലാഖമാരുടെയും ആട്ടിടയരുടെയും ജ്ഞാനികളുടെയും കൂട്ടായ്മ രൂപപ്പെടുന്നു. മാത്രമല്ല, ദൈവജനത്തെ മുഴുവനും ശാന്തിയുടെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും കൂട്ടായ്മയിൽ ഒന്നിപ്പിക്കുന്ന കണ്ണിയായി തിരുപ്പിറവി മാറുന്നു. തന്മൂലം, സഭാത്മകകൂട്ടായ്മയെ ത്വരിതപ്പെടുത്തുമ്പോഴാണു സിനഡാലിറ്റിയും തിരുപ്പിറവിയും അർഥപൂർണമാകുന്നത്.

രണ്ടാമതായി, സിനഡാത്മകസഭ വിഭാവനം ചെയ്യുന്ന ശ്രവണത്തിന്റെ പാഠമാണ് തിരുപ്പിറവി നമുക്കു മുന്നിൽ അവതരിപ്പിക്കുന്നത്. മറിയം മംഗളവാർത്ത ശ്രവിക്കുകയും ദൈവഹിതത്തിനുമുമ്പിൽ ഇതാ കർത്താവിന്റെ ദാസി എന്നു പ്രഖ്യാപിക്കുകയും ചെയ്തു. മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട എന്ന ദൈവികവചസ്സുകളെ മാർ യൗസേപ്പും അക്ഷരശ്ശഃ ശ്രവിക്കുകയും സ്വീകരിക്കുകയും ചെയ്തതിന്റെ നേർക്കാഴ്ചയാണു തിരുപ്പിറവി. ദൈവഹിതം ശ്രവിച്ച് യൗസേപ്പ് മറിയത്തെ സ്വീകരിക്കുന്നതും അവർ വിശുദ്ധിയിൽ ജീവിക്കുന്നതും ആധുനികകുടുംബങ്ങൾക്കു മാതൃകയും വെല്ലുവിളിയുമാണ്. ദൈവികവചസ്സുകൾ ശ്രവിക്കാൻ നിരന്തരം കാതോർത്തതുകൊണ്ടാണ് ആട്ടിടയർക്കും ജ്ഞാനികൾക്കും ഉണ്ണിയീശോയെ കാണാൻ ഭാഗ്യം സിദ്ധിച്ചത്.

മൂന്നാമതായി, സിനഡാത്മകസഭ വിഭാവനം ചെയ്യുന്ന ഒരുമിച്ചുള്ള യാത്രയുടെ പരിച്ഛേദമാണ് തിരുപ്പിറവി. സിനഡ് എന്ന പദത്തിന്റെ അർഥംതന്നെ 'ഒരുമിച്ചുനടക്കുക' എന്നാണ്. ഈ പദം സൂചിപ്പിക്കുന്നതുപോലെ ആട്ടിടയരും ജ്ഞാനികളും ഒരുമയോടെയാണു യാത്ര ചെയ്തത്. നിങ്ങൾക്കായി ഒരു ലോകരക്ഷകൻ പിറന്നിരിക്കുന്നു എന്ന മാലാഖയുടെ സന്ദേശത്തിന്റെ ഉൾപ്പൊരുൾ ധ്യാനിച്ചുകൊണ്ടാണ് ആട്ടിടയർ പുൽക്കൂട്ടിലേക്കു യാത്രതിരിച്ചത്. രക്ഷകനെത്തേടിയാണു ജ്ഞാനികളും കിഴക്കുനിന്നു പുറപ്പെട്ടത്. യാത്രയുടെ ഇടയിലുണ്ടായ വൈതരണികളെയെല്ലാം അതിജീവിക്കാൻ കഴിഞ്ഞത് അവരുടെ ഒരുമയോടെയുള്ള നടത്തമായിരുന്നു. ഒരുമയോടെയുള്ള യാത്രാവേളകളിലാണു നക്ഷത്രങ്ങൾ വഴികാട്ടികളായി നമുക്കുമുമ്പേ നീങ്ങുന്നത്. യാത്രകളിലെ ഒരുമ നഷ്ടപ്പെടുമ്പോഴാണു ഹേറോദേസിന്റെ കൊട്ടാരങ്ങൾ നമ്മൾ തേടിപ്പോകുന്നത്. എന്നാൽ, ഒരുമയോടെയുള്ള നടത്തങ്ങളെല്ലാം കർത്താവിന്റെ തിരുസന്നിധിയിൽ നമ്മെ എത്തിക്കും. അതുകൊണ്ടാണ്, 'ഒരുമിച്ച്, എളിമയോടെ, ഔത്സുക്യത്തോടെ, ആനന്ദത്തോടെ, സഹോദരസ്നേഹത്തോടെ ഈശോയുടെ പാതയിൽ നടക്കുക' എന്ന് 2024 ഡിസംബർ 8 ന് റോമിൽവച്ചു നടന്ന കർദിനാൾമാരുടെ സ്ഥാനാരോഹണച്ചടങ്ങിൽവച്ചു ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിച്ചത്.

നാലാമതായി, നാനാത്വത്തിൽ ഏകത്വമാണ് സിനഡാത്മകസഭ വിഭാവനം ചെയ്യുന്നത്. വൈവിധ്യങ്ങളുടെ ആശ്ലേഷമാണ് തിരുപ്പിറവിയിൽ നാം കാണുന്നത്. മാലാഖമാരെമാത്രമല്ല, ആട്ടിടയരെയും ജ്ഞാനികളെയും മൃഗങ്ങളെയും പക്ഷികളെയുമെല്ലാം കാലിത്തൊഴുത്തിനുചുറ്റും നമുക്കു കാണാം. മാത്രമല്ല, പുൽക്കൂട്ടിൽ ഭൂജാതനായ ഈശോയെ അവർ തങ്ങളുടേതായ രീതിയിൽ കുമ്പിട്ടാരാധിക്കുകയും വണങ്ങുകയും ചെയ്യുന്നു. ഇപ്രകാരമുള്ള വൈവിധ്യങ്ങളെ അംഗീകരിക്കാനും ഉൾക്കൊള്ളാനും സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ വിപുലീകരിക്കാനും എല്ലാവരോടും സുവിശേഷം പ്രഘോഷിക്കാനും സിനഡാത്മകസഭ ആഹ്വാനംചെയ്യുന്നു.

ഇടവകസമൂഹവും കുടുംബവും മുന്നോട്ടു നീങ്ങേണ്ടത് പരസ്പരകൂട്ടായ്മയുടെയും ശ്രവണത്തിന്റെയും പാതയിലൂടെയാകണം. ഒരുമയോടെയുള്ള യാത്രകളിലൂടെ പരസ്പരം ഭാരങ്ങൾ വഹിക്കാനും ലക്ഷ്യബോധത്തോടെ നീങ്ങാനും തിരുപ്പിറവി നമ്മെ ഓർമിപ്പിക്കുന്നു. പതിതരെയും പാവപ്പെട്ടവരെയും പരിഗണിക്കാനും കുഞ്ഞുങ്ങളെയും പ്രായമായവരെയും ചേർത്തുനിർത്താനും പ്രകൃതിയെ സംരക്ഷിക്കാനും തിരുപ്പിറവി ചൂണ്ടുപലകയാകുന്നു. അനുദിനജീവിതത്തിരക്കുകൾക്കിടയിലും ഈശോയുടെ സ്വരം ശ്രവിക്കാൻ തിരുപ്പിറവി നമ്മെ ക്ഷണിക്കുന്നു. അങ്ങനെ ഈശോയുടെ ജനനവും സാർവത്രികസഭയുടെ ജൂബിലിയും സഭയുടെ പുത്തനുണർവിനും സഭാമക്കളുടെ വിശ്വാസതീക്ഷ്ണതയ്ക്കും സമൂഹത്തിന്റെ കൂട്ടായ്മയ്ക്കും നിദാനമായിത്തീരട്ടേയെന്ന് ആശംസിക്കുന്നു.

# സന്മനസ്സുള്ളവർക്കു സമാധാനം

(1-ാം പേജ് തുടർച്ച)

ക്രിസ്മസിൽ മനുഷ്യജീവനോടു കാണിക്കുന്ന ആദരം വളരെ പ്രധാനപ്പെട്ടതാണ്. മനുഷ്യനു ജനിക്കാനും ജീവിക്കാനും അഭിവൃദ്ധിപ്പെടാനും എവിടെയൊക്കെ സാധ്യതയുണ്ടോ ആ ഇടങ്ങൾ ചൂണ്ടിക്കാണിക്കാനും കൊടുക്കാനും കഴിയുന്നവർക്കു മാത്രമേ ക്രിസ്മസിന്റെ സന്തോഷം അനുഭവിക്കാൻ കഴിയൂ. ക്രിസ്മസിന്റെ സന്തോഷവും സമാധാനവും മാലാഖ സ്വർഗത്തിൽനിന്നു കൊണ്ടുവരുന്ന ഒരു ക്രിസ്മസ്കാലമല്ല ഇത്; മറിച്ച്, ജീവിതത്തിന്റെ വർത്തമാനകാല സാഹചര്യങ്ങളിൽ ഞാനും നിങ്ങളും കരം കോർക്കാനും കരുത്തുപകരാനും കാണിക്കുന്ന സന്മനസ്സാണ്. അതുകൊണ്ടാണ്, സന്മനസ്സുള്ളവർക്കു സമാധാനമെന്നു മാലാഖമാർ പാടിയത്. ഈ സന്മനസ്സിന്റെ വലിയ ആഘോഷമാകണം ക്രിസ്മസ്.

സമ്മാനങ്ങൾ കൈമാറുന്ന ഒരു കാലഘട്ടമാണ് ക്രിസ്മസ്. മറ്റുള്ളവരെ അംഗീകരിക്കാനും അവർക്ക് ഇടംകൊടുക്കാനും അവരുടെ സങ്കടക്കണ്ണീർ തുടച്ച് അവർക്കു കരുത്തുപകരാനും സാധിക്കുന്നതാകണം നമ്മുടെ ക്രിസ്മസ്സമ്മാനം. മുറിച്ചു പങ്കിടുന്നിടത്ത് ദൈവം പിറക്കുന്നതാണ് ക്രിസ്മസ്. എവിടെയാണോ പങ്കുവയ്ക്കപ്പെടുന്നത് അവിടമാണ് ബത്‌ലഹേം. അതിനുള്ള നല്ല മനസ്സുണ്ടാകണം. സന്മനസ്സില്ലാത്തതുകൊണ്ടാണ് സമാധാനവും ഇല്ലാത്തത്. ധാരാളം ഇടങ്ങളിൽ ഈ സന്മനസ്സ് ആവശ്യമാണ്. ലോകരാഷ്ട്രങ്ങൾ തമ്മിലും രാഷ്ട്രീയപ്പാർട്ടികൾ തമ്മിലും സമൂഹങ്ങളും സമുദായങ്ങളും തമ്മിലുമൊക്കെയുള്ള കലഹങ്ങൾ നമ്മെ വീർപ്പുമുട്ടിക്കുമ്പോൾ നമുക്കൊരുമിച്ചുനിന്നു പറയാറാകണം, ക്രിസ്മസ് അർഥവത്താകണമെങ്കിൽ വിട്ടുകൊടുക്കാനും കരം കൊടുക്കാനും തയ്യാറാകണമെന്ന്.

കിടപ്പാടമില്ലാത്തവരും ഭക്ഷണമില്ലാത്തവരും ആവശ്യത്തിനു വസ്ത്രമില്ലാത്തവരുമൊക്കെയായി ധാരാളംപേർ ചുറ്റുമുണ്ടെന്നുള്ള വിചാരം നമുക്കെപ്പോഴുമുണ്ടാകണം. ആർഭാടത്തിൽ ജീവിക്കാൻ നമുക്കവകാശമില്ല. ഉള്ളവൻ ഇല്ലാത്തവനെ മറക്കാൻ പാടില്ല. ജീവിതത്തിൽ ആരും തുണയില്ലാത്തവർക്ക് കരുണയുടെ കരം കൊടുക്കുന്ന സന്മനസ്സിന്റെ ക്രിസ്മസ് നമുക്കുണ്ടാകട്ടെ. ഞാനും നിങ്ങളും മറ്റുള്ളവർക്കു സമ്മാനമാകുമ്പോൾ, അവർക്കു കിട്ടുന്ന സമാധാനമാണ് ക്രിസ്മസ്. സന്തോഷത്തിന്റെയും സംതൃപ്തിയുടെയും സമഭാവനയുടെയും ക്രിസ്മസുണ്ടാവാൻ നമുക്കു പ്രാർഥിക്കാം. ആരെയും മറക്കാതെ, എല്ലാവരെയും ചേർത്തുപിടിക്കുമ്പോൾ സംജാതമാകുന്ന കരുത്തിന്റെ ക്രിസ്മസ് ആഘോഷം നമുക്കെല്ലാവർക്കും സംജാതമാകട്ടെ. എന്റെ സന്തോഷം മറ്റുള്ളവന്റെ കണ്ണീർതുടയ്ക്കുന്നതുകൂടിയാകാൻ ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.




**ഡിസംബർ 29**

**പിറവിക്കാലം രണ്ടാം ഞായർ**

**തിരുക്കുടുംബത്തിന്റെ തിരുനാൾ**

ഉത്പ 1:26 – 28
പ്രഭാ 3:1 – 9
കൊളോ 3:18 – 21
മത്താ 2:13 – 14,19 – 23

# തിരുക്കുടുംബങ്ങൾക്കു സ്തുതി!



ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

**ഈ**ശോയുടെ പിറവിത്തിരുനാൾ കഴിഞ്ഞുവരുന്ന ആദ്യഞായറാഴ്ച സഭയിൽ തിരുക്കുടുംബത്തിന്റെ തിരുനാൾ ആചരിക്കുകയാണ്. ദൈവപുത്രൻ മനുഷ്യനായി അവതരിച്ചു മനുഷ്യത്വത്തെ മഹത്ത്വീകരിക്കുകയും ഒരു കുടുംബത്തിന്റെ ഭാഗമായിത്തീർന്നുകൊണ്ട് കുടുംബബന്ധങ്ങളെ വിശുദ്ധീകരിക്കുകയുംചെയ്തു. മാതാപിതാക്കന്മാർക്കു വിധേയമായി ജീവിച്ചുകൊണ്ട് മാതൃത്വത്തെയും പിതൃത്വത്തെയും ആദരിക്കുകയും ചെയ്തു. തിരുക്കുടുംബത്തെ പ്രത്യേകമായി ഓർക്കുകയും കൃപാവരങ്ങൾ പ്രാർഥിക്കുകയും ചെയ്യുന്ന ദിവസമാണിന്ന്.

ഉത്പത്തിപ്പുസ്തകത്തിൽനിന്നുള്ള ഒന്നാമത്തെ പ്രഘോഷണം മനുഷ്യസൃഷ്ടിയെക്കുറിച്ചുള്ളതാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു എന്നു തിരുവചനം പറയുന്നു. ഛായയിലും സാദൃശ്യത്തിലും എന്നു പറഞ്ഞാൽ എന്താണ് അർഥമാക്കുന്നത്? ഛായയും സാദൃശ്യവും എന്നത് രണ്ടു വ്യത്യസ്തകാര്യങ്ങളെ സൂചിപ്പിക്കുന്നതല്ല; മൂലഭാഷയിൽ അതു രണ്ടുംകൂടി ഒരു യാഥാർഥ്യത്തെ സൂചിപ്പിക്കുന്നതാണ്. വചനത്തിന്റെ വെളിച്ചത്തിൽ അതു വ്യാഖ്യാനിക്കാൻ ശ്രമിക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത് മനുഷ്യനെ ദൈവമക്കളുടെ സ്ഥാനത്തു സൃഷ്ടിച്ചു എന്ന കാര്യമാണ്. ഉത്പത്തിപ്പുസ്തകം 5:3 അനുസരിച്ച് ആദത്തിനു ഛായയിലും സാദൃശ്യത്തിലും ഒരു മകൻ ജനിക്കുന്നു. ഛായയിലും സാദൃശ്യത്തിലുമായിരിക്കുക എന്നു പറഞ്ഞാൽ മക്കളായിരിക്കുക എന്നതാണ്. മാതാപിതാക്കന്മാരുടെ ഛായയിലും സാദൃശ്യത്തിലുമാണല്ലോ മക്കൾ ജനിക്കുന്നത്. ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു എന്നുപറഞ്ഞാൽ മനുഷ്യനെ ദൈവമക്കളുടെ സ്ഥാനത്തു സൃഷ്ടിച്ചു എന്നാണു മനസ്സിലാക്കേണ്ടത്. ദൈവമക്കൾ എന്നു പറഞ്ഞാൽ സത്താപരമായി ദൈവമക്കൾ എന്നല്ല, ദൈവമക്കളുടെ സ്ഥാനം നല്കി സൃഷ്ടിച്ചു എന്നാണു മനസ്സിലാക്കേണ്ടത്. 1 യോഹ. 3:1 ൽ നാം ദൈവമക്കളെന്നു വിളിക്കപ്പെടുന്നു; അങ്ങനെയാണുതാനും. മനുഷ്യൻ പാപം ചെയ്തപ്പോൾ ആ സ്ഥാനം നഷ്ടപ്പെടുത്തി. ഈശോമിശിഹായിലൂടെ അതു വീണ്ടെടുത്തു. അങ്ങനെ നാം മിശിഹായിൽ ദത്തുപുത്രരായി. ദൈവത്തിന്റെ സൃഷ്ടിയിൽ മനുഷ്യനുള്ള അനന്യതയാണ് ഈ തിരുവചനത്തിലൂടെ വ്യക്തമാക്കുന്നത്.

രണ്ടാമത്തെ പ്രഘോഷണം പ്രഭാഷകന്റെ പുസ്തകത്തിൽനിന്നുള്ളതാണ്. മക്കൾക്കു മാതാപിതാക്കന്മാരോടുള്ള കടമയാണ് ഇവിടെ പറയുന്നത്. അവരുടെ വാക്കുകേട്ട് അതനുസരിച്ചു പ്രവർത്തിക്കാനാണ് പ്രഭാഷകൻ ഉപദേശിക്കുന്നത്. അവരെ ബഹുമാനിക്കണമെന്നു കർത്താവ് ആഗ്രഹിക്കുന്നു. മാതാപിതാക്കന്മാരോടുള്ള ആദരവിന്റെ പ്രതിഫലം എന്താണെന്നും തിരുവചനം പറയുന്നുണ്ട്: പാപങ്ങൾക്കു പ്രായശ്ചിത്തം ചെയ്യുന്നു, നിക്ഷേപം കൂട്ടിവയ്ക്കുന്നു. മാതാപിതാക്കളെ ബഹുമാനിക്കുന്നവരുടെ മക്കൾ അവരെ സന്തോഷിപ്പിക്കും. പ്രാർഥന കർത്താവു കേൾക്കും, ദീർഘകാലം ജീവിക്കും, അനുഗ്രഹത്തിനു പാത്രമാകും, മക്കളുടെ ഭവനങ്ങളെ ബലവത്താക്കും. നല്ല കുടുംബങ്ങൾ രൂപപ്പെടുന്നത് നല്ല മാതാപിതാക്കൾ ഉണ്ടാകുമ്പോഴാണ്. അവരെ ബഹുമാനിച്ചും ആദരിച്ചും അനുസരിച്ചും മക്കൾ വളരുമ്പോൾ അതു ദൈവത്തിന്റെ ഭവനമായിമാറും. ദൈവസ്നേഹം അനുഭവിക്കാൻ ആ കുടുംബത്തിനു സാധിക്കും.

പൗലോസ്ശ്ലീഹാ കൊളോസോസിലെ സഭയ്ക്കെഴുതിയ ലേഖനത്തിലൂടെ കർത്താവിനാൽ നയിക്കപ്പെടുന്ന കുടുംബം എപ്രകാരമുള്ളതായിരിക്കണം എന്നാണു പറയുന്നത്. ഭാര്യാഭർത്തൃബന്ധം കർത്താവിനു യോഗ്യമാംവിധം ആയിരിക്കണം. വിധേയത്വത്തിന്റെയും സ്നേഹത്തിന്റെയും കരുതലിന്റെയും ആയിരിക്കണം അത്. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിൽ അനുസരണത്തിന്റെയും അംഗീകരിക്കലിന്റെയും പ്രോത്സാഹനത്തിന്റെയും ഭാവങ്ങൾ കുടുംബങ്ങളിൽ നിലനില്ക്കണമെന്നാണ് ശ്ലീഹാ ഉപദേശിക്കുന്നത്.

മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ സ്വന്തമാക്കിയ കുടുംബത്തെയാണ് ഇന്നത്തെ സുവിശേഷഭാഗത്തു കാണുന്നത്. ദൈവപുത്രൻ അവതരിച്ച കുടുംബമാണ് എങ്കിലും പ്രതിസന്ധികളിലൂടെയും പ്രതികൂലസാഹചര്യങ്ങളിലൂടെയുമാണ് കടന്നുപോകുന്നത്. ആ അവസരങ്ങളിലെല്ലാം ദൈവഹിതത്തിനു സ്വയം സമർപ്പിച്ച് ദൈവികപദ്ധതികളോടു സഹകരിച്ച് കുടുംബത്തെ മുന്നോട്ടുനയിക്കുന്ന യൗസേപ്പിതാവിനെയും അതിനോടു ചേർന്നുനില്ക്കുന്ന പരിശുദ്ധമറിയത്തെയും കാണാം. തിരുക്കുടുംബം ഈജിപ്തിലേക്കു പോകുന്നതും അവിടെനിന്നു തിരിച്ചുവരുന്നതുമായ കാര്യങ്ങളാണ് സുവിശേഷത്തിൽനിന്നു ശ്രവിക്കുന്നത്. മിശിഹായുടെ മനുഷ്യാവതാരത്തോടുള്ള രണ്ടു പ്രതികരണങ്ങളാണ് മത്തായിയുടെ സുവിശേഷം രണ്ടാം അധ്യായത്തിൽ കാണാവുന്നത്. മിശിഹായെ സ്വീകരിക്കുന്ന കുടുംബവും, അവിടെ ഈശോയെ തേടിവന്ന് അവിടുത്തെ ആരാധിക്കുന്ന ജ്ഞാനികളും, മിശിഹായുടെ ജനനത്തിൽ അസ്വസ്ഥരായി അവിടുത്തെ വധിക്കാനൊരുങ്ങുന്ന ഹേറോദേസും കൂട്ടരും. പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കുന്ന തിരുക്കുടുംബത്തെയാണ് സുവിശേഷത്തിൽ കാണുന്നത്. ■

## പുത്തനുണർവിന്റെ ലോകം!

കവിത
ളാക്കാട്ടൂർ പൊന്നപ്പൻ

അന്ധകാരാവൃതലോകം-പണ്ടു
ചിന്തയ്ക്കതീതമായത്രേ
പാപക്കറയേറ്റു പാരിൽ-പൊള്ളി
വെന്തു വെണ്ണീറായി മാറി!
മർത്ത്യൻ മൃഗത്തിൻ സമാനം-എങ്ങും
പാരിലലഞ്ഞൊരു കാലം,
മൃത്യുഗർത്തത്തിൽ പതിക്കും-മർത്ത്യ-
നാർത്തലച്ചീടുന്ന നാളിൽ
ഊഷരഭൂവിന്റെ മാറിൽ-കരി-
ഞ്ഞുൽക്കട ദുഃഖത്തടത്തിൽ
പാരമുരുകിയുരുകി-കരി-
ഞ്ഞാതുരലീനരായ്ത്തീർന്നു
പാപമുറഞ്ഞുറഞ്ഞെങ്ങും-പരി
പൂരിതമായൊരീ ലോകം
കണ്ടു മിഴികളടച്ചു-ഇനി-
യെന്നാണു മോചനകാലം?!
കാലങ്ങളേറെയായ് പാരിൽ-അജ-
ക്കൂട്ടങ്ങൾപോലെ മനുജർ
വല്ലാതെ കേണു വലഞ്ഞോർ-കേട്ടു
നല്ലൊരു സന്ദേശഗീതം!
"അത്യുന്നതങ്ങളിലെന്നും-ലോക
താതനു സ്വസ്തി സംഗീതം!"
നിന്നു മുഴങ്ങിയീഗാനം-സർവ
ലോകർക്കും തുഷ്ടിയതേകി!
വാനമേഘങ്ങളിൽ കേട്ട-സ്വർഗ
ഗീതിയിതേറ്റു പാടീടാൻ
മാലാഖവൃന്ദങ്ങൾ ചുറ്റും-കൂടി-
പ്പാടി മദിച്ചു രസിച്ചു.
മാനവർ കൂടെ മദിച്ചു-താഴെ
മണ്ണിൻമനം കുളിർചൂടി
എങ്ങും പരന്നങ്ങൊഴുകി-മന
മോഹനമീ ഗാനധാര!
സ്വർഗമീമണ്ണിനെ നോക്കി-ചിരി-
ച്ചാഹ്ലാദപൂർവമാ നേരം
നാഥനീ മണ്ണിൽ പിറന്ന-ദിവ്യ
യാമമതായിരുന്നാഹാ!
ധന്യമാ, മാമുഹൂർത്തത്തിൽ-ദൂരെ
വാനിലുദിച്ചൊരു താരം!
താരകം കാട്ടിയ ദിക്കിൽ-മൂന്നു
രാജാക്കളെത്തി സാമോദം!
പണ്ടേ പ്രവചിച്ചപോലെ-അവർ
കണ്ടൊരു കാലിത്തൊഴുത്തും
മേനിയഴകുള്ളൊരുണ്ണി-അതി
ന്നുള്ളിലായ്ത്തൊട്ടിലിൽ മിന്നി.
നാഥൻ പിറന്നുവെന്നുള്ള-മഹത്
കാര്യമവരും ഗ്രഹിച്ചു.
കൈയിൽക്കരുതിയ പൊന്നും-മീറ
കുന്തിരിക്കങ്ങളുമപ്പോൾ
കാഴ്ചയായ് കൺമണിക്കേകി-മൂവർ
സായുജ്യമുണ്ടു മടങ്ങി!
താരകൾ കൺചിമ്മും രാവിൻ-നറു
ഹേമന്തം ചിന്തും നിലാവിൽ
ഈ മണ്ണിന്നുള്ളം വിടർന്നു-പുതു
തൂമകരന്ദം നുകർന്നു.
പാതകൾ കാണാതുഴലും-മേഷ
വൃന്ദം കുതൂഹലമോടെ
മേച്ചിൽപ്പുറം കണ്ട ചേലിൽ-ആഹാ!
മോദമോടാർത്തു തിമിർത്തു!
പുത്തനുണർവിന്റെ ലോകം-കണ്ടു
വാനവർ സംപ്രീതരായി!



# നസ്രത്ത് അകലെയാണ്



ചിത്രീകരണം

ജോസ് വട്ടപ്പലം

വഴിയോരത്തെ ഒലിവുമരത്തണലിൽ അയാൾ ഏകനായിരുന്നു. ഗ്രാമത്തിന് അന്യനും അപരിചിതനുമായ അയാൾ സഞ്ചാരിയായിരുന്നു; സത്യാന്വേഷിയായ സഞ്ചാരി.

പകലിന്റെ പ്രകാശബിന്ദുക്കൾ കൊത്തിപ്പെറുക്കി രാവിന്റെ ചില്ലയിൽ ചേക്കേറാനൊരുങ്ങുകയായിരുന്നു സന്ധ്യ. ആയിരത്താണ്ടുകൾ നീണ്ട അന്വേഷണത്തിന്റെ ആലസ്യത്തിലായിരുന്നു സഞ്ചാരി. വരണ്ടുണങ്ങിയ കണ്ണുകൾ. നീണ്ടുവളർന്നു ജടകെട്ടിയ താടിയും മുടിയും. നരപടർന്ന അയാളുടെ താടിരോമങ്ങൾക്കിടയിൽ ചവച്ചുതുപ്പിയ പച്ചിലയുടെ ചാറ് ഉണങ്ങിപ്പിടിച്ചിരുന്നു.

അലങ്കാരവിളക്കുകൾ തൂക്കി ആരെയോ വരവേല്ക്കാനുള്ള ഒരുക്കത്തിലായിരുന്നു ഗ്രാമം. വീടുകളിലും കടകളിലുമെല്ലാം നക്ഷത്രവിളക്കുകൾ. പഴയ പുൽക്കൂടുകൾ കെട്ടിമേയാനും മരങ്ങൾ വൈദ്യുതദീപങ്ങളാൽ അലങ്കരിക്കാനുമുള്ള തിരക്കിലായിരുന്നു കുട്ടികളും ചെറുപ്പക്കാരും. ആർക്കോവേണ്ടി ഒരുക്കുന്ന സദ്യവിഭവങ്ങളുടെ സുഗന്ധം അന്തരീക്ഷത്തിലാകെ നിറഞ്ഞുനിന്നു. വിശന്നുതളർന്ന സഞ്ചാരിയുടെ നാവിൽ അറിയാതെ കൊതിയൂറി.

അകലെയെങ്ങോ ഉള്ള ദൈവാലയത്തിലേക്കു പോവുകയും പിന്നെ, തിടുക്കത്തിൽ വീടുകളിലേക്കു മടങ്ങുകയും ചെയ്യുന്ന ഭക്തജനത്തിനു മുമ്പിൽ അപശകുനംപോലെ അയാളിരുന്നു.

തന്റെ മുഷിഞ്ഞ വേഷവും വികലമായ കോലവും ആളുകളിൽ അറപ്പുളവാക്കുന്നത് അയാളറിഞ്ഞു. അവർ പെട്ടെന്നു കണ്ണുതിരിച്ച്, കാർക്കിച്ചുതുപ്പി നടന്നകലുന്നത് അയാൾ വേദനയോടെ കണ്ടു. അവരിലൊരാളെ തിരികെവിളിച്ചാലോ എന്ന് ഒരുവേള അയാൾ ചിന്തിച്ചു. വിളിച്ചാൽ തന്റെ യാത്രയുടെ ഉദ്ദേശ്യം അവരോടു പറയാമായിരുന്നു. തനിക്കു ചെന്നുചേരേണ്ട സ്ഥലത്തേക്കുള്ള വഴി ആരായാമായിരുന്നു. പക്ഷേ, അറിയാതൊന്നു നോക്കാനല്ലാതെ, തിരിഞ്ഞൊന്നുകൂടി നോക്കാൻ ആരും തയ്യാറല്ലല്ലോയെന്ന് അയാളറിഞ്ഞു.

തന്നെ 'സ്നേഹിതാ' എന്നു വിളിച്ചില്ലെങ്കിലും വെറുപ്പു പ്രകടിപ്പിക്കാത്ത ഒരാളെയെങ്കിലും കണ്ടെത്താനായെങ്കിലെന്ന് സഞ്ചാരി ആശിച്ചു. വിശപ്പും ദാഹവും അയാളെ വല്ലാതെ തളർത്തിയിരുന്നു. ഒരുപിടി ചോറിനും ഒരിറ്റു വെള്ളത്തിനും അയാൾ കൊതിച്ചു. ആട്ടിയോടിച്ചേക്കുമോയെന്ന ഭയംകൊണ്ട് ആരോടെങ്കിലും യാചിക്കാൻ അയാൾ മടിച്ചു.

നക്ഷത്രങ്ങൾ വിരിഞ്ഞ ആകാശത്തിനു കീഴിൽ ഇരുളും തണുപ്പും കനത്തുനിൽക്കുന്നു. അടുത്ത നിമിഷങ്ങളിലൊന്നിൽ ഭൂമിയിലേക്ക് അതു പെയ്തിറങ്ങുമെന്ന് അയാളറിഞ്ഞു.

നടന്നുനടന്നു കാലുകളാകെ തളർന്നു. തേടിത്തേടി കണ്ണുകൾ കലങ്ങി. ഒരു ചുവടുപോലും മുന്നോട്ടുവയ്ക്കാനാവാത്ത അവസ്ഥ. വിശപ്പകറ്റാൻ ഇത്തിരി ആഹാരവും അന്തിയുറങ്ങാൻ അല്പം സ്ഥലവും കിട്ടിയിരുന്നെങ്കിലെന്ന് സഞ്ചാരി ആശിച്ചു.

അയാൾ മുന്നിൽകണ്ട വീടിന്റെ പടിപ്പുരവാതിൽ മെല്ലെ തുറന്ന് മുറ്റത്തെത്തി നിന്നു മുരടനക്കി.

"ആരാ അത്?" അകത്തുനിന്ന് ആരുടെയോ ശബ്ദം.

"ഞാനാ അമ്മാ... ഒരു സഞ്ചാരി... വിശന്നിട്ടാ... വല്ലതും തരണേ..."

അയാൾ വിനയപൂർവം യാചിച്ചു.

മുറിക്കുള്ളിൽനിന്നു തലനീട്ടിയ വീട്ടമ്മ അലറുംപോലെ പറഞ്ഞു:

"ഇവിടെ ഒന്നുമില്ല... വേഗം പടിയിറങ്ങ്..."

"ഒരിറ്റു വെള്ളമെങ്കിലും..."

സഞ്ചാരി താണുകേണു.

"ഇവിടെയൊന്നുമില്ലെന്നല്ലേ പറഞ്ഞത്. നല്ല ഒരു ക്രിസ്മസ് ആയിക്കൊണ്ട് ഇറങ്ങിയിരിക്കുവാ. അപശകുനങ്ങള്..."

ആ സ്ത്രീയുടെ മുഖത്തേക്കുതന്നെ നോക്കി അയാൾ നിർവികാരനായി നിന്നു.

"പറഞ്ഞതുകേട്ടില്ലേ... ഇറങ്ങിപ്പോകാനാ പറഞ്ഞത്... ഇല്ലെങ്കിൽ ഞാൻ പട്ടിയെ അഴിച്ചുവിടും."

പിന്നെ നിറഞ്ഞ കണ്ണുകളോടെ സഞ്ചാരി പടിയിറങ്ങി.

"ഭ്രാന്തനാണെന്നാ തോന്നുന്നെ... എങ്ങാണ്ടൂന്ന് തൊടലും പറിച്ചോണ്ടിറങ്ങിയതാ..."

മുൻവശത്തെ വാതിലുകൾ അമർഷത്തോടെ വലിച്ചടയ്ക്കുമ്പോൾ അവർ ആരോടെന്നില്ലാതെ പറയുന്നതു കേട്ടു.

വെളിച്ചത്തിൽനിന്ന് അകന്നുമാറി, ആരുടെയും ശ്രദ്ധയിൽപ്പെടാതെ സഞ്ചാരി ഏറെനേരം ഇരുട്ടിൽനിന്നു. 'ക്രിസ്മസ്' അയാൾ ഓർത്തു. ഉണ്ണിയേശുപിറന്ന സുന്ദരസുദിനം. ആ ദിനത്തിന്റെ ഓർമ കൊണ്ടാടാൻ ആളുകൾ തിരക്കുകൂട്ടുന്നു, മത്സരിക്കുന്നു.

ക്രിസ്മസ്ദിനത്തിൽത്തന്നെ ഈ ഗ്രാമത്തിലെത്തിപ്പെട്ടത് നന്നായെന്ന് അയാൾക്കു തോന്നി. ഇവിടത്തെ ആളുകൾക്ക്, വർഷങ്ങളായി താൻ അന്വേഷിക്കുന്ന, കുന്നിൻമുകളിലേക്കുള്ള വഴി അറിയാമെന്നാണല്ലോ അകലെ നഗരത്തിൽ പറഞ്ഞു കേട്ടതെന്ന് അയാൾ ഓർത്തു. "ജറുസലേമിലെ നസ്രത്ത്... നസ്രത്ത്... നസ്രത്ത്." അയാൾ ആ പേര് മനസ്സിൽ അവർത്തിച്ചു. അവിടെയെത്താൻ വേണ്ടിയാണല്ലോ, കാലം കടന്ന്, കരയും കടലും കടന്ന് താനിവിടെയെത്തിയതെന്ന് സഞ്ചാരി ഓർത്തു.

സത്യം തേടിയുള്ള ഏകാന്തമായ യാത്ര. ആ യാത്രയ്ക്കിടയിൽ താൻ എന്തെല്ലാം കണ്ടു. ആരെയൊക്കെയോ പരിചയപ്പെട്ടു. അനുജനെ അടിച്ചുകൊന്ന കായേനെ, ഗുരുവിനെ ഒറ്റിക്കൊടുത്ത യൂദാസിനെ, പിന്നെ കള്ളപ്പണക്കാരനെ, കപടഭക്തരെ, കള്ളപ്രവാചകന്മാരെ...

അവരോടൊക്കെ താൻ വിനയപൂർവം തിരക്കി: "എവിടെയാണു നസ്രത്ത്... അവിടേക്കുള്ള വഴി ഏതാണ്?"

അറിയില്ലെന്ന മട്ടിൽ പുച്ഛത്തോടെ കൈ മലർത്തുകയായിരുന്നു എല്ലാവരും.

അടഞ്ഞ വാതിലുകൾക്കു മുമ്പിലൂടെ, ആൾക്കൂട്ടത്തിനരികിലൂടെ, മിണ്ടാപ്രാണികളുടെ ചോര മണക്കുന്ന അറവുശാലകൾക്കു മുന്നിലൂടെ, സാന്താക്ലോസ് ഇരുകൈകളിലും മദ്യക്കുപ്പിയുമായി നിന്നു ചിരിക്കുന്ന ഹോട്ടലുകൾക്കു മുമ്പിലൂടെ, അയാൾ അലഞ്ഞു. എങ്ങും ഒരു മനുഷ്യനെ കണ്ടെത്താനാവാത്തതിൽ സഞ്ചാരിക്കു നൈരാശ്യം തോന്നി.

വർണദീപങ്ങളാലലങ്കരിച്ചു സുഗന്ധദ്രവ്യം തളിച്ച പുൽക്കൂടുകൾക്കു മുമ്പിൽ സഞ്ചാരി നിന്നു. അവയിലൊന്നും ഉണ്ണി ഉണ്ടായിരുന്നില്ല. കാവൽക്കാരുടെ കളിമൺകോലങ്ങളേ അയാൾക്കു കാണാനായുള്ളൂ. അകലെയെങ്ങോ ആർപ്പുവിളി മുഴങ്ങി. പാട്ടുപാടി, കുഴൽവിളിച്ച്, താളം മുഴക്കി ആരവത്തോടെ വരുന്ന ജനക്കൂട്ടം. മുന്നിൽ ക്രിസ്മസ് പപ്പാ. അതിനു പിന്നിൽ ഗായകസംഘം. കരോൾസംഘത്തിന്റെ കണ്ണിൽപ്പെടാതിരിക്കാനായി സഞ്ചാരി മെല്ലെ ഇരുട്ടിലേക്കൊതുങ്ങിനിന്നു. സംഘം കടന്നുപോയപ്പോൾ പിന്നിൽനിന്ന് ആരോ തട്ടിവിളിച്ചു; മുന്നിലേക്കു പാത്രം നീട്ടി കല്പിച്ചു:

"കൈയിലുള്ളത് ഇടടോ കെളവാ... പിരിവാ..."

"ക്ഷമിക്കണം സഹോദരാ... എന്റെ കൈയിൽ ഒന്നുമില്ല."

"പിന്നെ തന്റെയീ സഞ്ചിക്കുള്ളിലെന്നതാ..." അയാളുടെ ശബ്ദം കനത്തു.

"ഞാനൊരു സഞ്ചാരിയാണ്. പുണ്യസ്ഥലങ്ങളിൽനിന്നു സംഭരിച്ച ഇത്തിരി മണ്ണാണു സഹോദരാ ഇതിനുള്ളിൽ."

സഞ്ചാരിയെ വെറുപ്പോടെ കനപ്പിച്ചു നോക്കി അയാൾ ഓടി ആൾക്കൂട്ടത്തിലലിഞ്ഞു.

എല്ലാം കണ്ടും കേട്ടും സഞ്ചാരി ഗ്രാമത്തിലൂടെ അലഞ്ഞു.

കണ്ടവരോടെല്ലാം നസ്രത്തിലേക്കുള്ള വഴി തിരക്കി.

പിന്നെ ആഹാരവും അഭയവും യാചിച്ചു.

നസ്രത്തിലേക്കുള്ള വഴി ആർക്കുമറിയില്ലായിരുന്നു.

ക്രിസ്മസ് ആഘോഷത്തിനിടയിൽ ഉണ്ണിയെയും സഞ്ചാരിയെയും അവർ മനഃപൂർവം മറക്കുകയായിരുന്നു. പിന്നെ, എപ്പോഴോ വഴിവക്കിലെ മരത്തിന്റെ നിഴലിൽ വീണ സഞ്ചാരി തളർന്നുമയങ്ങി. അകലെ ദൈവാലയത്തിൽനിന്നു മണിനാദവും വെടിയൊച്ചയുമുയർന്നപ്പോൾ അയാൾ ഞെട്ടിയുണർന്നു.

പിറവിയുടെ മുഹൂർത്തം അടുക്കുകയാണെന്ന് സഞ്ചാരി അറിഞ്ഞു. ആളുകൾ തിരക്കിട്ടു ദൈവാലയത്തിലേക്കു നടക്കുന്നത് അയാൾ കണ്ടു. അയാൾ മെല്ലെ ദൈവാലയത്തിനു സമീപമുള്ള കവലയിലേക്കു നടന്നു. അവിടെയെത്തി അയാൾ പറഞ്ഞുതുടങ്ങി:

"കണ്ണുതുറക്കൂ... ആകാശത്തിലേക്കു നോക്കൂ. അവിടെ ഒരു ചുവന്ന നക്ഷത്രം കാണുന്നില്ലേ... കാതുതുറക്കൂ, ശ്രദ്ധിക്കൂ, ഭൂമിയുടെ അഗാധതയിൽനിന്ന് ഒരു മുഴക്കം കേൾക്കുന്നില്ലേ. ലോകാന്ത്യമടുത്തുവെന്നതിന്റെ ലക്ഷണങ്ങളാണ്. നന്മ ചെയ്തവർ രക്ഷിക്കപ്പെടുന്നതിനും തിന്മ ചെയ്തവർ ശിക്ഷിക്കപ്പെടുന്നതിനുമുള്ള സമയം അടുത്തിരിക്കുന്നു..."

അയാളുടെ വാചാലത ആളുകളെ ആകർഷിച്ചു.

"ആരായിരിക്കുമയാൾ? ഭ്രാന്തനോ കള്ളപ്രവാചകനോ അതോ അന്തിക്രിസ്തുവോ?" ആളുകൾ പരസ്പരം ചോദിച്ചു. അവരുടെ സംശയമറിഞ്ഞ സഞ്ചാരി പറഞ്ഞു: "ഞാൻ വെറുമൊരു സഞ്ചാരിയാണ്. പുണ്യസ്ഥലങ്ങൾ തേടി നടക്കുന്ന സഞ്ചാരി. ഇനി എനിക്ക് ഒരു സ്ഥലംകൂടിയേ സന്ദർശിക്കാനുള്ളൂ; നസ്രത്ത് എന്ന ഗ്രാമം മാത്രം. അവിടേക്കുള്ള വഴി ഞാൻ ചോദിച്ചു. നിങ്ങൾക്കറിയില്ല..."

അയാളുടെ വാക്കുകളിൽ കൗതുകം വളർന്ന ജനക്കൂട്ടം ദൈവാലയത്തെയും ഉണ്ണിയെയും മറന്ന് അവിടെനിന്നു. "ഞാൻ നിങ്ങളോടു ഭക്ഷണം ചോദിച്ചു... നിങ്ങൾ തന്നില്ല.. നസ്രത്തിലേക്കുള്ള വഴി ചോദിച്ചു; പറഞ്ഞില്ല... നിങ്ങൾ രക്ഷപ്പെടില്ല..." ശപിക്കുംപോലെ അയാൾ പറഞ്ഞു.

സഞ്ചാരിയുടെ ശാപം ജനത്തെ ഇളക്കി. അവർ പരസ്പരം നോക്കി. ഇയാൾ എന്തൊക്കെയാണു പറഞ്ഞത്? വെറുതെ വിടരുത്... വിചാരണ ചെയ്ത് ഇയാളെ കുരിശിലേറ്റി കൊല്ലണം. ലോകത്തിന്റെ അന്ത്യത്തെയും പാപത്തിന്റെ ശിക്ഷയെയുംകുറിച്ചു പ്രസംഗിക്കുന്ന ഇവൻ അന്തിക്രിസ്തുതന്നെയെന്നും ജനം ഉറപ്പിച്ചു.

അവർ അയാളെ പിടിച്ചു ബന്ധിച്ചു ഗ്രാമത്തലവന്റെ മുന്നിലെത്തിച്ചു.

"ഇവൻ നമ്മെക്കുറിച്ചു പരദൂഷണം പറയുന്നു. ലോകാവസാനത്തെയും മരണത്തെയും പറഞ്ഞ് ജനത്തെ ഭയവിഹ്വലരാക്കുന്നു. അതുകൊണ്ട് ഇവനെ കുരിശിലേറ്റി കൊല്ലാൻ വിധിയുണ്ടാവണം..."

ജനത്തിന്റെ ആരോപണത്തിനു മുമ്പിൽ തലകുനിച്ചുനിന്ന സഞ്ചാരിയോട് ഗ്രാമാധിപൻ ചോദിച്ചു:

"തനിക്ക് എന്തെങ്കിലും പറയാനുണ്ടോ?"

"ഇല്ല... കുരിശിലേറ്റി കൊല്ലുന്നതുതന്നെയാണ് എനിക്കിഷ്ടം. പക്ഷേ, അതിനുമുമ്പ് ഒരാഗ്രഹമുണ്ട്. എനിക്ക് നസ്രത്തിലൂടെ, ജറുസലേം കുന്നുകളിലൂടെ, ഒരു ദിവസം മുഴുവൻ ഓടിച്ചാടി നടക്കണം. അവിടങ്ങളിലെ മണ്ണിൽ മതിവരുവോളം മുത്തംവയ്ക്കണം..."

സഞ്ചാരിയുടെ ആഗ്രഹം കേട്ട് ഗ്രാമാധിപനും ജനക്കൂട്ടവും പരസ്പരം നോക്കി. വിധി പറയൽ പുലർച്ചത്തേക്കു മാറ്റി. ജനം ദൈവാലയത്തിലേക്കു തിടുക്കത്തിൽ പാഞ്ഞു. പിറവിത്തിരുനാൾ തീരുംമുമ്പേ അവിടെയെത്തണം.

പുലർച്ചെ അവർ മടങ്ങിവന്നപ്പോൾ ഗ്രാമാധിപന്റെ തടവിൽനിന്ന് സഞ്ചാരി രക്ഷപ്പെട്ടിരുന്നു. പിന്നെ, എപ്പോഴോ അവരറിഞ്ഞു; വഴിയോരത്തെ ഒലിവുമരക്കൊമ്പിൽ സഞ്ചാരിയുടെ ജഡം തൂങ്ങിനിൽക്കുന്നുവെന്ന്.

■

35 വർഷത്തെ സേവനപാരമ്പര്യം
നവഭാരത് കോളേജ്
മരിയൻ ഹോസ്പിറ്റൽ Jn. അരുണാപുരം പി.ഒ., പാലാ
Govt. V.H.S.S. നു സമീപം പൊൻകുന്നം
Ph: 9495195739, 9495021259
അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)
B.A., B.Com - (M.G. University)
Regular, Postal & Holiday Classes
1 വർഷംകൊണ്ട് ഹിന്ദി അധ്യാപകരാകാം
എസ്.എസ്.എൽ.സി. വിജയികൾക്ക് 1 ½ വർഷം കൊണ്ടും + 2, ഡിഗ്രി വിജയികൾക്ക് 1 വർഷംകൊണ്ടും യു.പി. സ്കൂൾ, ഹൈസ്കൂൾ ഹിന്ദി അധ്യാപന കോഴ്സ് പൂർത്തിയാക്കാം. ട്രെയിനിംഗ് ഇല്ലാതെ യു.പി. സ്കൂളിലും, ട്രെയിനിംഗിനു വിധേയമായി ഹൈസ്കൂളിലും അധ്യാപകരാകാം.
കേരള ഗവൺമെന്റ് – PSC അംഗീകൃതം
+ 2 പരാജിതർക്ക് 3 വിഷയം മാത്രം
കേരള, സിബിഎസ്ഇ., +2 പരാജിതർക്ക് വിജയിച്ച വിഷയം ഒഴിവാക്കി 3 വിഷയം എഴുതി പാസാകാൻ അവസരം. +1 പരീക്ഷ എഴുതേണ്ട ആവശ്യമില്ല.

# പാതയിൽ പൊലിയുന്ന ജീവിതങ്ങൾ



ജിൻസ് കാവാലി

ഇന്ത്യയിൽ കഴിഞ്ഞവർഷം മാത്രം റോഡപകടങ്ങളിൽ മരിച്ചത് 1.78 ലക്ഷം പേരാണ്. ഇതിൽ 60 ശതമാനമാവട്ടെ, 18 നും 34 നുമിടയിൽ പ്രായമുള്ളവരും. റോഡപകടങ്ങളെക്കുറിച്ചു ചർച്ച ചെയ്യുന്ന അന്താരാഷ്ട്രസമ്മേളനങ്ങളിൽ പോകുമ്പോൾ മുഖം മറയ്ക്കേണ്ട അവസ്ഥയാണെന്നു കേന്ദ്ര ഗതാഗതവകുപ്പുമന്ത്രി നിതിൻ ഗഡ്കരി പറഞ്ഞത് ഈ കണക്കുകളുടെ അടിസ്ഥാനത്തിലാണ്. ഇന്ത്യയിൽ ഏറ്റവുമധികം റോഡപകടങ്ങൾ നടക്കുന്ന നഗരം ഡൽഹിയും സംസ്ഥാനം ഉത്തർപ്രദേശുമാണെന്നാണ് റിപ്പോർട്ട്. കേരളത്തിന്റെ നിലയും ഒട്ടും ആശാവഹമല്ല. അപകടമരണങ്ങളുടെ വാർത്തകളില്ലാത്ത ഒരു ദിവസംപോലും ഇല്ലെന്ന സ്ഥിതിയായിരിക്കുന്നു. ദേശീയ ക്രൈം റെക്കോഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം 2023 ജനുവരിമുതൽ 2024 ഓഗസ്റ്റുവരെ സംസ്ഥാനത്ത് 80, 465 റോഡപകടങ്ങളും 6534 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എത്രയോ മനുഷ്യരുടെ സ്വപ്നങ്ങളാണു പാതിവഴിയിൽ നിശ്ചലമാകുന്നത്.

ഇതിൽ ഏറ്റവും ശ്രദ്ധേയവും അത്യന്തം ദൗർഭാഗ്യകരവുമായ വസ്തുത അപകടമരണങ്ങളിൽ പകുതിയിലധികവും സംഭവിക്കുന്നതിനു കാരണം അമിതവേഗമാണ് എന്നതാണ്. അമിതവേഗംകൊണ്ട് അപകടങ്ങൾ ഉണ്ടാക്കുന്ന വാഹനങ്ങളിലാവട്ടെ ഒന്നാംസ്ഥാനം ഇരുചക്രവാഹനങ്ങൾക്കും.

Speed thrills but kills എന്ന മുന്നറിയിപ്പ് അക്ഷരാർഥത്തിൽ ശരിയാവുന്നു. ആവേശയാത്രകൾ പലപ്പോഴും അവസാനയാത്രകളായി മാറുന്നു. അമിതവേഗം, വിശേഷിച്ച് ഇരുചക്രവാഹനങ്ങളുടെ മിന്നൽവേഗം വാഹനയാത്രികരുടെ മാത്രമല്ല, റോഡു മുറിച്ചുകടക്കുന്ന കാൽനടയാത്രക്കാരുടെപോലും ജീവനെടുക്കുന്നു. ട്രാഫിക് ബ്ലോക്കിൽ കാത്തുകിടക്കാൻ ക്ഷമയില്ലാതെ ഫുട്പാത്തുകളിലൂടെയും മറ്റും പാഞ്ഞുവരുന്ന മോട്ടോർ ബൈക്കുകൾ പലയിടങ്ങളിലെയും പേടിപ്പെടുത്തുന്ന കാഴ്ചയാണ്. നഗരങ്ങളിലുംമറ്റും താമസിക്കുന്ന വയോജനങ്ങൾ തങ്ങൾക്കു റോഡിലേക്കിറങ്ങാൻതന്നെ ഭയമാണെന്നു പറയുന്നു. ഈ അവസ്ഥയ്ക്കു തീർച്ചയായും മാറ്റം വരുത്തേണ്ടതുണ്ട്. മഹാമാരികളോ പ്രകൃതിദുരന്തങ്ങളോ ഒന്നും നമുക്കു തടഞ്ഞുനിർത്താനാവില്ലായിരിക്കാം. എന്നാൽ, വാഹനാപകടങ്ങൾ നിയന്ത്രിക്കാൻ, അതുവഴിയുള്ള മരണസംഖ്യ കുറയ്ക്കാൻ തീർച്ചയായും ഉത്തരവാദിത്വബോധമുള്ള ഒരു സമൂഹത്തിനു കഴിയും.

ഗതാഗതനിയമങ്ങൾ എത്രമാത്രം കർക്കശമാക്കിയാലും, നിയമലംഘനങ്ങൾക്കുള്ള പിഴത്തുക എത്രതന്നെ വർധിപ്പിച്ചാലും ശരി, റോഡിൽ വാഹനവുമായി ഇറങ്ങുന്ന മനുഷ്യർ വിചാരിച്ചാൽമാത്രമേ അപകടങ്ങൾ ഇല്ലാതാവൂ. വാഹനവുമായി വീട്ടിൽനിന്നിറങ്ങുന്ന നിങ്ങൾ സുരക്ഷിതമായിത്തന്നെ മടങ്ങിയെത്തേണ്ടത് ഗവണ്മെന്റിന്റെയോ ട്രാഫിക് പൊലീസിന്റെയോ ആവശ്യമല്ല, നമ്മുടെയും നമ്മുടെ കുടുംബത്തിന്റെയും ആവശ്യമാണ്. ഒരു നിമിഷത്തിന്റെ അശ്രദ്ധ മതി ഒരു കുടുംബം ആയുഷ്കാലം കണ്ണീരിലാകാൻ. ജോലിയോ സമ്പത്തോ മറ്റു ഭൗതികവസ്തുക്കളോ ഒക്കെ നഷ്ടമായാലും തിരിച്ചുപിടിക്കാൻ മാർഗങ്ങളുണ്ട്. പക്ഷേ, ജീവൻ നഷ്ടമായാലോ? വാഹനവുമായി പുറത്തിറങ്ങുമ്പോൾ നിങ്ങൾ തിരിച്ചുവരുന്നതു കാത്തിരിക്കുന്ന പ്രിയപ്പെട്ടവരെ മറക്കരുത്. ഇരുചക്രവാഹനമാണെങ്കിൽ നിശ്ചയമായും ഹെൽമെറ്റ് ധരിക്കണം. കാറിലും മറ്റും യാത്ര ചെയ്യുന്നവർ സീറ്റ് ബെൽറ്റ് ഇടാൻ മടികാണിക്കരുത്. ഹെൽമറ്റ് ധരിക്കാത്തതും സീറ്റ് ബെൽറ്റ് ഇടാത്തതുമാണ് പലപ്പോഴും നിസ്സാരപരിക്കുകളിൽ നിൽക്കേണ്ട അപകടങ്ങൾ ഗുരുതരപരിക്കുകളിലേക്കും മരണത്തിലേക്കുംവരെ എത്തുന്നതിനുള്ള കാരണം.

നമ്മുടെ നാട്ടിലെ അപകടങ്ങളിലധികവും വളവുതിരിവുകളും കുത്തനെയുള്ള കയറ്റിറക്കങ്ങളും ഇല്ലാത്ത നേരായ റോഡുകളിലാണു സംഭവിക്കുന്നത് എന്ന റിപ്പോർട്ടും ശ്രദ്ധിക്കേണ്ടതാണ്. നേരായ റോഡുകൾ പലർക്കും അതിവേഗത്തിലും അങ്ങേയറ്റം അശ്രദ്ധമായും വാഹനം ഓടിക്കാനുള്ള ഇടങ്ങളാണ്. മൊബൈലിൽ സംസാരിച്ചും ഹെഡ്ഫോൺ ചെവിയിൽ തിരുകി പാട്ടു കേട്ടുമൊക്കെ വാഹനം ഓടിക്കുന്നവർ സ്വജീവനെമാത്രമല്ല, ആ വഴിയിൽ യാത്ര ചെയ്യുന്ന മറ്റ് അനേകമനുഷ്യരുടെ ജീവനെക്കൂടിയാണ് അപകടമുനമ്പിലേക്ക് എത്തിക്കുന്നത്.

ലഹരിപദാർഥങ്ങൾ ഉപയോഗിച്ചിട്ടുള്ള ഡ്രൈവിങ്ങാണ് റോഡപകടങ്ങൾക്കുള്ള മറ്റൊരു പ്രധാന കാരണം. മദ്യംമാത്രമല്ല, പെട്ടെന്നു തിരിച്ചറിയാൻ കഴിയാത്ത എംഡിഎംഎ അടക്കമുള്ള നിരവധിയായ നിരോധിതരാസലഹരികളും ഇന്നു സമൂഹത്തിൽ സുലഭമാണ്. അത്യന്തം അപകടകരമായ ഈ ലഹരിവലയിൽപെട്ടുപോകുന്നവരിൽ അധികവും കൗമാര യൗവന പ്രായക്കാരാണ് എന്ന വസ്തുത നാടിന്റെ നാളേക്കുതന്നെ വലിയ വെല്ലുവിളി ഉയർത്തുന്നുണ്ട്. ലഹരി ഒഴുകുന്ന നൈറ്റ് പാർട്ടികളും അതിനുശേഷം അർധരാത്രിയിൽ പാതി ബോധത്തിലുള്ള ഡ്രൈവിങ്ങും അനേക അപകടങ്ങൾ വരുത്തിവയ്ക്കുന്നതായി നാം കാണുന്നു.

രാത്രി നടക്കുന്ന അപകടങ്ങൾക്കുള്ള മറ്റൊരു പ്രധാന കാരണം വാഹനമോടിക്കുന്നയാൾ ഉറങ്ങിപ്പോകുന്നതാണ്. ഒരുനിമിഷം കണ്ണൊന്നടഞ്ഞാൽമതി വാഹനത്തിന്റെ നിയന്ത്രണം നഷ്ടമാകാൻ. അർദ്ധരാത്രിയിലും മറ്റുമുള്ള യാത്രകൾ ഒഴിവാക്കുന്നതു തന്നെയാണ് ഏറ്റവും സുരക്ഷിതം. ഇനി അഥവാ അത്തരം യാത്രകൾ അനിവാര്യമാണെങ്കിൽ യാത്രയ്ക്കുമുമ്പേ ആവശ്യമുള്ളത്ര നേരം ഉറങ്ങാൻ ശ്രമിക്കുക. യാത്രയ്ക്കിടെ ഉറക്കം വരുന്നുവെന്നു മനസ്സിലാക്കിയാൽ നിർബന്ധമായും വാഹനം നിർത്തുകയും വിശ്രമിച്ചു ക്ഷീണം അകറ്റിയതിനുശേഷംമാത്രം യാത്ര തുടരുകയും ചെയ്യുക. യാത്ര എവിടേക്കാണെങ്കിലും എത്ര പ്രധാനപ്പെട്ടതാണെങ്കിലും സുരക്ഷിതമായി എത്തിച്ചേരുക എന്നതിനുതന്നെയാവണം പ്രഥമപരിഗണന.

ഡ്രൈവിങ് ദുഷ്കരമാക്കുംവിധം പാതയോരങ്ങളിൽ, പ്രത്യേകിച്ച് വളവുകളിലും മറ്റും സ്ഥാപിച്ചിരിക്കുന്ന ബാനറുകൾ, ഫ്ളക്സ് ബോർഡുകൾ തുടങ്ങിയവയും അപകടങ്ങൾക്കു കാരണമാകാറുണ്ട്. ഇതിനെതിരേ കർശനമായ നടപടികൾ സ്വീകരിക്കാൻ പലപ്പോഴും നിയമപാലകർക്കും കഴിയാറില്ല. ഈ വിഷയത്തിൽ കോടതികൾ മറ്റും പലതവണ രൂക്ഷമായ വിമർശനങ്ങൾ ഉയർത്തിയിട്ടുണ്ട്. റോഡുകളിൽ യഥാസമയം അറ്റകുറ്റപ്പണികൾ നടക്കാത്തതും തത്ഫലമായി രൂപപ്പെടുന്ന വലിയ കുഴികളും അപകടങ്ങൾ വരുത്തിവയ്ക്കുന്നു. റോഡിലെ കുഴികൾ പലപ്പോഴും മരണക്കുഴികളായി മാറുന്നു.

മഴക്കാലമായാൽ വഴിയേത്, പുഴയേത് എന്നു തിരിച്ചറിയാനാവാത്ത അവസ്ഥയാണ് പലയിടത്തും എന്നതുകൊണ്ട് ഇത്തരം കുഴികളിൽ വീണുള്ള അപകടങ്ങൾ തുടർക്കഥയാകുന്നു.

ഏതുനിമിഷവും റോഡിൽ പ്രത്യക്ഷപ്പെട്ടേക്കാവുന്ന വന്യജീവികളാണ് യാത്രികർ ഇന്നു നേരിടുന്ന മറ്റൊരു പ്രധാന ഭീഷണി. വയനാടും ഇടുക്കിയും പാലക്കാടുമൊക്കെ യാത്ര ചെയ്യുന്ന മനുഷ്യർക്കു മുന്നിൽ എപ്പോഴാണ് കാട്ടാനക്കൂട്ടമോ കാട്ടുപോത്തോ കാട്ടുപന്നിയോ പ്രത്യക്ഷപ്പെടുകയെന്നറിയില്ല. ദൗർഭാഗ്യകരമെന്നു പറയട്ടെ, നിയമത്തിനു മുന്നിൽ പലപ്പോഴും മനുഷ്യജീവനെക്കാൾ വില കാട്ടുപന്നിക്കും കാട്ടുപോത്തിനും ഒക്കെയാണുതാനും. വന്യജീവികളുടെ ഭീഷണി നിലനിൽക്കുന്ന ഇടങ്ങളിൽ അത്യന്തം ജാഗ്രതയോടെ വേണം സഞ്ചരിക്കുവാൻ. വനാതിർത്തിയോടു ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ മിനിമം വേഗത്തിൽ മാത്രം യാത്ര ചെയ്യുക. രാത്രിയാത്രകളും മറ്റും നിർബന്ധമായും ഒഴിവാക്കുക.

നമ്മൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ശ്രദ്ധിക്കാതെ വരുത്തിവയ്ക്കുന്ന അപകടങ്ങളെ വിധിയെന്നോ ദൈവനിശ്ചയമെന്നോ വിളിക്കുന്നതിൽ അർഥമില്ല. ഡ്രൈവിങ്സീറ്റിൽ ഇരിക്കുന്ന നമ്മുടെ പ്രവൃത്തികൾ തന്നെയാണ് പലപ്പോഴും നമ്മുടെ വിധിയും നിശ്ചയിക്കുന്നതെന്നു മറക്കാതിരിക്കുക. ട്രാഫിക് നിയമങ്ങൾ കൃത്യമായി പാലിക്കുക. ട്രാഫിക് സിഗ്നലുകളും വേഗനിയന്ത്രണത്തെ സംബന്ധിച്ച് പൊലീസ് സ്ഥാപിച്ചിരിക്കുന്ന ബോർഡുകളും ശ്രദ്ധിക്കാതെ പോവരുത്. അപകടകരമായ വിധമുള്ള ഓവർടേക്കിങ്ങുകൾ ഒഴിവാക്കുക. യാത്രയിൽ ആവേശമല്ല, വിവേകമാണു വേണ്ടത്. മനുഷ്യർക്കു ഭീതിയില്ലാതെ യാത്ര ചെയ്യാനാവുന്ന ഒരു യാത്രാസംസ്കാരം നമ്മുടെ റോഡുകളിൽ രൂപപ്പെടട്ടെ. വാഹനവുമായി നിരത്തിലിറങ്ങുന്ന ഓരോരുത്തരും ശ്രദ്ധയോടും ഉത്തരവാദിത്വത്തോടുംകൂടി മാത്രമേ വാഹനമോടിക്കൂ എന്നു തീരുമാനിക്കണം. ഓരോ മനുഷ്യജീവനും അത്യധികം വിലപ്പെട്ടതാണെന്നു മറക്കാതിരിക്കുക; അതിനു പകരംവയ്ക്കാൻ മറ്റൊന്നുമില്ല താനും. നമ്മുടെ വഴിയോരങ്ങളിൽ ഇനിയെങ്കിലും ചോരയും കണ്ണീരും കലരാതിരിക്കട്ടെ.

■

**കവിത** — **ഏലിക്കുട്ടി മാണി തടത്തിൽ**

## രക്ഷകൻ

ലോകൈകനാഥനാം ദൈവപുത്രൻ മന്നിൽ
മർത്ത്യനു രക്ഷകനായ്പ്പിറന്നു

പാരിന്റെ പാപവിമോചകൻ ശ്രീയേശു
രാജനായ് പുൽക്കൂട്ടിൽ ജാതനായി

വാനദൂതർ പാടി മംഗളഗീതികൾ
മാലോകർക്കാനന്ദമദ്ഭുതമായ്

വാനുലകത്തിലെ ദേവസദ്വാർത്തകൾ
മാനവഹൃത്തിനെ ശുദ്ധി ചെയ്തു

അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി
നന്മനം മന്നിലുള്ളോർക്കു ശാന്തി

മാലാഖവ്യൂഹസങ്കീർത്തനം കേട്ടുട-
നെത്തിയിടന്മാർ ഗോശാലയിൽ


പൊന്നുണ്ണിരാജനെ കണ്ടുവന്ദിച്ചവ-
രാമോദനൃത്തസ്തുതി പൊഴിച്ചു

സംപൂജ്യരാം മൂന്നു രാജാക്കളാദരാ-
ലർപ്പിച്ചു കാഴ്ചകൾ സമ്പൂർണമായ്

യൗസേപ്പും മേരിയും ധ്യാനിച്ചു ശക്തരായ്
പൊന്നുണ്ണിരാജനെ ശുശ്രൂഷിച്ചു

പാപവിമോചകൻ പാരിന്റെ രക്ഷകൻ
പകലോൻപ്രഭതൂകി വാണിടുന്നു.



കഥ

# ക്രിസ്മസ് രാത്രിയിൽ

സി. എൽ. ജോസ്

മകൻ കിടപ്പുരോഗിയാണ്. ആ വീട്ടിലെ ഏക മകൻ. പ്രായം പതിനഞ്ചായെങ്കിലും അത്ര തോന്നില്ല. നാലഞ്ചു വർഷമായി കിടപ്പിലായതുകൊണ്ടും വേണ്ടത്ര വ്യായാമമില്ലാത്തതുകൊണ്ടും ശരീരം മെല്ലിച്ചുപോയി.

തുള്ളിച്ചാടിയും പൊട്ടിച്ചിരിച്ചും സ്കൂളിൽ പോയിരുന്നതാണ്. ഒരു ദിവസം സ്കൂളിലേക്കുള്ള ലൈൻബസിൽ കയറാൻ കുട്ടികൾ ഓടിക്കൂടി. എല്ലാവരും തിക്കിത്തിരക്കി കയറുന്നതിനിടയിൽ കണ്ടക്ടർ വിസിലടിച്ചു. ഡ്രൈവർ പെട്ടെന്നു വണ്ടിയെടുത്തപ്പോൾ ഏറ്റവും പിറകിലായിരുന്ന ഷാജി പിടിവിട്ടു റോഡിലേക്കു തെറിച്ചുവീണു. വീണതു പുറംതല്ലിയാണ്. എഴുന്നേൽക്കാൻ വയ്യാത്ത അവസ്ഥ.

ഉടനെ ആശുപത്രിയിൽ എത്തിച്ചു. വിദഗ്ധപരിശോധനയിൽ നട്ടെല്ലിനു സാരമായ പരിക്ക്. അരയ്ക്കു കീഴോട്ട് തളർന്നുപോയി. ചലനശേഷി നഷ്ടപ്പെട്ടു.

ഷാജിയുടെ പിതാവ് സർക്കാരുദ്യോഗസ്ഥനായിരുന്ന ജേക്കബ് റിട്ടയർ ചെയ്തിട്ട് അധികമായില്ല. അപ്പോഴാണീ ദുരന്തം.

മാതാപിതാക്കളുടെ സമസ്തസ്വപ്നങ്ങളും കരിഞ്ഞുപോയി. കണ്ണുനീർ ആ വീട്ടിൽ തളംകെട്ടി നിന്നു. വീടിനകത്ത് ഇടയ്ക്കിടെ മുഴങ്ങിക്കേട്ടതു കരച്ചിലും വിതുമ്പലും.

ഷാജി മുറിച്ചിട്ട തടിപോലെ ഇമവെട്ടാതെ മിഴികളുമായി നിസ്സഹായനായി, നിരാശ്രയനായി കിടന്നു. അവൻ ആരോടും പരാതി പറഞ്ഞില്ല. ഒന്നിനോടും കലഹിച്ചില്ല. വിധി നൽകിയ സമ്മാനമാണിതെന്നു സ്വയം സമാധാനിച്ചു.

ജേക്കബ് എപ്പോഴും അവനോടൊപ്പമുണ്ട്. സ്നേഹിക്കാൻ, ശുശ്രൂഷിക്കാൻ, സാന്ത്വനം നൽകാൻ, സന്തോഷം പകരാൻ, രാത്രി ഉറങ്ങുന്നതുപോലും മകന്റെ അടുത്തുകിടന്നാണ്. എന്തെങ്കിലും ആവശ്യം വന്നാൽ അവൻ അപ്പച്ചനെ തോണ്ടിവിളിക്കും. മാതാപിതാക്കൾ അവന്റെ ശ്വാസോച്ഛ്വാസത്തിനുപോലും ചെവികൊടുത്തു. ഇരുവരും അവനുവേണ്ടി മുട്ടിന്മേൽനിന്നു മുട്ടിപ്പായി പ്രാർഥിച്ചു.

പക്ഷേ, ക്രൂരമായ വിധി ദമ്പതികളുടെ ആ പ്രാർഥന ഇടയ്ക്കുവെച്ചു മുറിച്ചുകളഞ്ഞു. ഹൃദയസ്തംഭനംമൂലം ജേക്കബിന്റെ അന്ത്യം പെട്ടെന്നായിരുന്നു. പ്രശസ്ത ഹാർട്ട് ഹോസ്പിറ്റലിലെ വിദഗ്ധ കാർഡിയോളജിസ്റ്റിന്റെ സേവനം ലഭിക്കും മുമ്പുതന്നെ.

അമ്മയും മകനും വറവുചട്ടിയിൽനിന്ന് എരിതീയിലേക്കു വീണ അവസ്ഥ. വീടിന്റെ താങ്ങും തണലും നഷ്ടപ്പെട്ടു. ആശ്രയം അസ്തമിച്ചു. അബലയായ അമ്മ, അവശനായ മകൻ, ചുറ്റും ഇരുട്ട്. എങ്ങും ശൂന്യത.

മെരീനയുടെ ഹൃദയം ഉരുകിയുരുകി കണ്ണീരായി പുറത്തുവന്നു. ഇനി എന്ത്... എങ്ങനെ?

''അമ്മേ!'' അകത്തുനിന്നു ഷാജിയുടെ വിളി. മെരീന ഞെട്ടിയുണർന്നു.

''ഇതാ വരുന്നു മോനേ.'' കണ്ണുകൾ തുടച്ച് അവൾ മകന്റെ അടുത്തേക്കു നീങ്ങി.

''ടാബ്ലറ്റ്സ് കഴിക്കേണ്ടേ അമ്മേ?''

''ഓ, ഞാനതങ്ങു മറന്നു.''

ഷാജി ടാബ്ലറ്റ് കഴിച്ചു.

''അമ്മ എന്റെ അടുത്തിരിക്ക്.''

''അയ്യോ. അടുക്കളയിൽ പണിയുണ്ട് മോനേ. ആഹാരം പാകം ചെയ്യേണ്ടേ?''

''ആഹാരം വേണ്ട. എനിക്കു വിശപ്പില്ല. അമ്മ എന്റടുത്തിരുന്നാൽ മതി. അപ്പച്ചൻ എനിക്കു കഥകൾ പറഞ്ഞുതരും; ബൈബിൾ വായിച്ചുകേൾപ്പിക്കും, ചില അനുഭവങ്ങൾ പറയും. ഓരോന്നു പറഞ്ഞ് എന്നെ ചിരിപ്പിക്കും.''

''അതിനുള്ള കഴിവൊന്നും ഈ അമ്മയ്ക്കില്ല മോനേ!''

''വേണ്ട. ഞാൻ വിളിക്കുമ്പോൾ അമ്മ വന്നാൽ മതി. ഇന്നു കാലത്തു വിളിച്ചപ്പോൾ അമ്മ വന്നില്ലല്ലോ. എവിടെയായിരുന്നു?''

''മീൻകാരൻ വന്നപ്പോൾ വാങ്ങാൻ താഴെ ഇറങ്ങിയതാ.''

''ഞാനെത്ര തവണ വിളിച്ചു. ഇനി ഞാനങ്ങനെ തൊണ്ട കാറി വിളിക്കില്ല. പകരം വേറൊരു സൂത്രമുണ്ട്.''

ഷാജിയുടെ ആഗ്രഹപ്രകാരം വീട്ടിലെ ഒരു സ്റ്റീൽ പ്ലെയിറ്റ് അവന്റെ കൈയെത്തുന്ന അകലത്തിൽ കെട്ടിത്തൂക്കിയിട്ടു. അമ്മയെ സ്വരമുയർത്തി വിളിക്കുന്നതിനു പകരം ഒരു സ്പൂൺ കൊണ്ട് പ്ലെയിറ്റിന്മേൽ രണ്ടുമൂന്നു വട്ടം തട്ടും. അത് അമ്മയ്ക്കുള്ള കാളിംഗ് ബെല്ലാണ്. കൗതുകകരമെങ്കിലും പ്രയോജനപ്രദമായ ഒരു കൗശലം. അവന്റെ ഈ ബെല്ലടി കേട്ടാൽ മെരീന ഓടിയെത്തും. വീട്ടിലെ എല്ലാ ജോലികൾക്കും പുറമേ മകന്റെ സകല ആവശ്യങ്ങൾക്കും അമ്മ വേണം. പല്ലുതേപ്പ്, മുഖം കഴുകൽ, പ്രാഥമികാവശ്യങ്ങൾ നിറവേറ്റൽ, കുളിപ്പിക്കൽ, ആഹാരവും മരുന്നും കൊടുക്കൽ, സന്ധ്യാജപങ്ങളും പ്രാർഥനകളും ചൊല്ലൽ, വസ്ത്രങ്ങൾ മാറ്റി ധരിപ്പിക്കൽ തുടങ്ങി നിരവധി ജോലികൾ. പറഞ്ഞാൽ തീരാത്ത, ചെയ്താൽ കാണാത്ത പണികൾ.

അടുത്താഴ്ച ക്രിസ്മസ് ആണ്. രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ബെത്‌ലഹേമിലെ പുല്ത്തൊഴുത്തിൽ ഉണ്ണിയേശു ഭൂജാതനായതിന്റെ സ്മരണ പുതുക്കുന്ന പുണ്യദിനം. മനുഷ്യമനസ്സുകളിൽ ആഹ്ലാദത്തിന്റെ പൂത്തിരി കത്തുന്ന മഹോത്സവം. ലോകമെമ്പാടും ജാതിമതഭേദമെന്യേ ഒരേ മനസ്സോടെ ആ സുദിനം ആചരിക്കുന്നു, ആഘോഷിക്കുന്നു.

ഇപ്പോൾത്തന്നെ വീടുകളിൽ അലങ്കാരങ്ങൾ തുടങ്ങിക്കഴിഞ്ഞു. നക്ഷത്രവിളക്കുകൾ, മാലബൾബുകൾ, പുൽക്കൂടുകൾ, ക്രിസ്മസ്ട്രീകൾ അങ്ങനെയങ്ങനെ പലതരത്തിൽ - പല തലത്തിൽ.

നാളത്തെ കഴിഞ്ഞാണ് ക്രിസ്മസ്. ഷാജിയെ സന്തോഷിപ്പിക്കാൻ മെരീന വീടിനുള്ളിൽ നക്ഷത്രവിളക്കു കൊളുത്തി. മകനു കിടന്ന കിടപ്പിൽ നേരിട്ടു കാണാൻ പാകത്തിൽ കൊച്ചു പുൽക്കൂടൊരുക്കി. സീരിയൽ സെറ്റു കത്തിച്ചു. അവൻ ഉത്സാഹപൂർവം അമ്മയ്ക്ക് ചില നിർദേശങ്ങൾ കൊടുത്തു. എല്ലാം മെരീന പാലിച്ചു. മകന്റെ സന്തോഷമാണ് വലുത്. അവന്റെ മനസ്സ് നിറയണം. ആഹ്ലാദം പെരുകണം.

നാളെ രാത്രിയിലാണ് കൊട്ടും പാട്ടും ബാന്റ്സെറ്റും ഗ്യാസ് ലൈറ്റുകളുമായി കരോൾ ഗാനങ്ങൾ പാടിക്കൊണ്ട് ക്രിസ്മസ് പാപ്പാമാർ വരിക. അവർ വീഥികൾതോറും സഞ്ചരിച്ച്



നൃത്തം വയ്ക്കും. ആഹ്ലാദഭരിതരായി താളം പിടിച്ചും തുള്ളിച്ചാടിയും പൊതുജനം ഒപ്പം കൂടും. സന്തോഷം പെയ്തിറങ്ങുന്ന നിമിഷങ്ങൾ!

ഷാജി വിടർന്ന കണ്ണുകളോടെ ചിന്താമൂകനായി കിടന്നു. മ്ലാനമാണാ മുഖം. അവൻ വിഷാദപൂർവം ചിന്തിച്ചു. തനിക്കിതൊന്നും കാണാനൊക്കില്ല. കാഴ്ചകൾ കാണാനാവാതെ സ്വരങ്ങൾ മാത്രം കേൾക്കാം. അതുകൊണ്ടുമാത്രം എന്തു കാര്യം?

മെരീന കടന്നുവന്നു. ''മോനെന്താ വലിയ ആലോചനയിലാണല്ലോ.''

''അമ്മേ! നാളെ രാത്രി കൊട്ടുംപാട്ടും ബാന്റ് വാദ്യങ്ങളുമായി ക്രിസ്മസ് ഫാദർ വരില്ലേ? ചുവന്ന ഉടുപ്പും ചുവന്ന തൊപ്പിയും വെളുത്ത താടിയുമായി ക്രിസ്മസ് ഫാദർ വരുന്നതു കാണാൻ കൊതിയാവുന്നു അമ്മേ. മുകളിലേക്ക് ഒന്നു കേറിവരാൻ പറയൂ അമ്മേ. എനിക്കു വയ്യാഞ്ഞിട്ടല്ലേ.''

''കഴിഞ്ഞവർഷവും അതിനു മുമ്പിലത്തെ വർഷവും നമ്മൾ ശ്രമിച്ചതല്ലേ. വന്നില്ലല്ലോ. അവർക്കു തിരക്കാണ്. ഏതെല്ലാം സ്ട്രീറ്റുകളിൽ അവർക്കു സഞ്ചരിക്കണം. മോൻ സമാധാനിക്ക്. ഈ പ്രാവശ്യവും നമുക്കു പറഞ്ഞുനോക്കാം.''

ക്രിസ്മസിന്റെ തലേരാത്രി ചുറ്റുവട്ടത്തുള്ള വീടുകളിൽ പടക്കം പൊട്ടുന്നു. പൂത്തിരികൾ കത്തുന്നു. നക്ഷത്രവിളക്കുകൾ പ്രകാശിക്കുന്നു. ആകാശത്തു നക്ഷത്രങ്ങൾ കണ്ണുചിമ്മുന്നു.

കാതോർത്തു കിടക്കുകയാണു ഷാജി. അല്പം കഴിഞ്ഞപ്പോൾ അതാ അകലെനിന്ന് ക്രിസ്മസ് കരോളിന്റെയും വാദ്യമേളങ്ങളുടെയും സ്വരം കേൾക്കുന്നു. ക്രിസ്മസ് ഫാദറിന്റെ വരവാണ്. ജനക്കൂട്ടത്തിന്റെ ആരവത്തോടൊപ്പം കരോൾഗാനത്തിന്റെ സ്വരവീചികൾ അടുത്തടുത്തുവരുന്നു.

''ജിങ്കിൾ ബെൽസ്... ജിങ്കിൾ ബെൽസ്... ജിങ്കിൾസ് ഓൺ ദ വേ...''

ഇമ്പമാർന്ന ആ കളകളനാദം ഷാജിയെ കോരിത്തരിപ്പിച്ചു. കിടന്ന കിടപ്പിൽ ഗാനത്തിന്റെ താളത്തിനൊത്ത് അവൻ കരങ്ങളടിച്ചു. തൂങ്ങിക്കിടന്ന സ്റ്റീൽ പ്ലെയിറ്റിൽ സ്പൂൺകൊണ്ട് തുടരെ മൂന്നാലുവട്ടമടിച്ചു. മെരീന ഓടിയെത്തി.

''അമ്മേ! അതാ കരോൾ ഗാനം കേൾക്കുന്നു. ക്രിസ്മസ് ഫാദർ വരുന്നു.''

''ഞാൻ താഴെ ചെന്നു പറയാം. എന്റെ മോനെക്കാണാൻ കേറിവരണമെന്ന്. കാലുപിടിച്ച് അപേക്ഷിക്കാം...''

''ങാ! ശരി, വേഗം ചെല്ലൂ അമ്മേ. വേഗം ചെല്ലൂ.''

അവന് പ്രത്യാശ കലർന്ന ഉത്സാഹത്തിമിർപ്പ്. മെരീന വേഗം താഴേക്കിറങ്ങി. ഘോഷയാത്രയുടെ ആരവവും പാട്ടും അടുത്തടുത്തു വരുന്നു. ആ സ്ട്രീറ്റിൽ അനേകം വീടുകളുള്ളതിനാൽ ഘോഷയാത്ര അകന്നുപോകാൻ സമയമെടുക്കും.

താഴെ കരോൾഗാനവും വാദ്യഘോഷവും തുടരുകയാണ്. ഷാജി അടക്കാനാവാത്ത ആനന്ദത്തോടെ കരങ്ങളടിച്ച നിർവൃതി കൊള്ളുന്നു.

ഈ മംഗളമുഹൂർത്തത്തിൽ തികച്ചും അപ്രതീക്ഷിതമായി ക്രിസ്മസ് ഫാദർ അതാ തുള്ളിക്കളിച്ച് അകത്തേക്കു വരുന്നു. വിശ്വസിക്കാനായില്ല.

ഷാജിയുടെ കട്ടിലിനെ വലംവച്ച് നൃത്തം ചെയ്യുന്നു. താഴെ മുറുകിമുഴങ്ങുന്ന കരോൾ ഗാനത്തോടൊപ്പം ക്രിസ്മസ് ഫാദർ താളത്തിൽ ചുവടുകൾ വയ്ക്കുന്നു. ഷാജിക്ക് കൈകൊടുക്കുന്നു. തുടർന്നു ചില സമ്മാനങ്ങൾ നൽകുന്നു.

ഷാജിക്ക് സ്വർഗം കിട്ടിയ സന്തോഷം. ഇതെല്ലാം കാണാൻ അമ്മയെവിടെ? പൊടുന്നനേ സ്പൂൺ എടുത്തു സ്റ്റീൽ പ്ലെയിറ്റിൽ തുടരെത്തുടരെ അടിക്കുന്നു.

''അമ്മ... അമ്മേ...'' അവൻ ഉച്ചത്തിൽ വിളിച്ചു.

ക്രിസ്മസ് ഫാദർ താളം ചവിട്ടി തുള്ളിത്തുള്ളി താഴേക്കിറങ്ങി. ക്രമേണ വാദ്യഘോഷത്തിന്റെയും കരോൾഗാനത്തിന്റെയും ശബ്ദങ്ങൾ അകന്നകന്നു പോകുന്നു. കോണിയിറങ്ങിയ ക്രിസ്മ ഫാദർ നാലു സ്റ്റെപ്പുകൾ ഇറങ്ങിയശേഷം അവിടെയിരുന്നു. അത്... മെരീനയായിരുന്നു. മകനുവേണ്ടി - അവന്റെ സന്തോഷത്തിനുവേണ്ടി ക്രിസ്മസ് ഫാദറായി ചമഞ്ഞ മെരീന!

വികാരങ്ങൾ അടക്കാനാവാതെ അവൾ മുഖംപൊത്തി പൊട്ടിക്കരഞ്ഞു. ആ കരച്ചിൽ ഗതികേടിന്റെ കരച്ചിലായിരുന്നില്ല; മറിച്ച്, സന്തോഷം കൊടുക്കാൻ കഴിഞ്ഞതിലുള്ള സംതൃപ്തിയുടെ കരച്ചിൽ. ആ നേത്രങ്ങളിൽനിന്ന് ഉതിർന്നുവീണത് ആനന്ദാശ്രൂ!

അവൾ ധൃതിപ്പെട്ടു എഴുന്നേറ്റു ചുവന്ന ഡ്രസ്സുകളൂരി സഞ്ചിയിലാക്കി മാറ്റിവച്ചു. ഇത്തവണയും ക്രിസ്മസ്ഫാദർ വരില്ലെന്നറിഞ്ഞു മുൻകൂട്ടി ത്തന്നെ ഡ്രസുകൾ വാങ്ങിവച്ചതാണവൾ. കരുതലുള്ള അമ്മ. വേഗം കണ്ണുകൾ തുടച്ച് ഒന്നും അറിയാത്തമട്ടിൽ മകന്റെ അടുക്കലേക്കു കുതിച്ചുചെന്നു.

ആനന്ദനിർവൃതിയോടെ അവൻ പറഞ്ഞു.

''അമ്മേ, ക്രിസ്മസ് ഫാദർ വന്നു.... അമ്മ എവിടെയായിരുന്നു? ഞാനെത്രവട്ടം വിളിച്ചു. ക്രിസ്മസ് ഫാദർ എന്റെ മുന്നിൽ തുള്ളിച്ചാടിക്കളിച്ചു. എന്റെ കൈപിടിച്ചു കുലുക്കി... ദേ എനിക്കു സമ്മാനങ്ങൾ തന്നു...''

''അയ്യോ, എനിക്കു കാണാനൊത്തില്ലല്ലോ. ഞാൻ വരുമ്പോഴേക്കും... സാരമില്ല. എന്റെ മോന് സന്തോഷമായില്ലേ. ഈ അമ്മയ്ക്ക് അതുമതി.

ഷാജി ആനന്ദത്തിന്റെ കൊടുമുടിയിലാണ്. നടന്നതെല്ലാം അവിശ്വസനീയമായ ഒരദ്ഭുതംപോലെ തോന്നി.

ഈ നിമിഷത്തിൽ അവന്റെ സിരകളിൽ ഏതോ ആവേശം പടരുന്നതായി തോന്നി. ആ ശരീരത്തിനുള്ളിൽ ഒരു മിന്നൽപ്രവാഹമുണ്ടായതുപോലെ. ശരീരമാകെ വിറയ്ക്കുന്ന അനുഭവം. കാലുകളിൽ ചലനശേഷിയുടെ ലാഞ്ഛനകൾ. കാലുകളിലെ ഉൾഞരമ്പുകൾ വലിയുന്നു. രക്തധമനികൾ ത്രസിക്കുന്നു. പാദങ്ങൾ അല്പാല്പം ചലിക്കുന്ന അനുഭവം. അതേ, ചലനശേഷി തിരിച്ചുവരുന്നു.

''അമ്മേ! എന്റെ കാലുകൾ...! എന്റെ കാലുകളനങ്ങുന്നു... നോക്കൂ അമ്മേ...''

ഷാജി കാൽവിരലുകളും പാദങ്ങളും ചലിപ്പിക്കുന്നു.

വിശ്വസിക്കാനാകാത്ത ആ അദ്ഭുതദൃശ്യം കണ്ട് മെരീന ഒരു നിമിഷം സ്തംഭിച്ചുനിന്നു. തുടർന്ന് അവൾ വീണ്ടും പൊട്ടിക്കരഞ്ഞു. സന്തോഷത്തിന്റെ ആധിക്യംകൊണ്ട്. ■




കഥാസാരം

ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ പരസ്പരം സ്നേഹത്തിൽ കഴിഞ്ഞിരുന്ന അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. 20 വർഷംമുമ്പ് സിസിലിയുടെ കുടുംബം വീടുവിറ്റ് ഹൈറേഞ്ചിലേക്കു പോയി. പിന്നീട് തമ്മിൽ ബന്ധമുണ്ടായില്ല. സൂസമ്മയുടെ മകൻ ജയേഷിന്റെ വിവാഹത്തിനു ക്ഷണിക്കാൻ സൂസമ്മയും ജയേഷും ഹൈറേഞ്ചിൽ ചെന്നപ്പോഴാണ് വീണ്ടും കാണുന്നത്. ഭർത്താവിനെ ആന ചവിട്ടിക്കൊന്നതിനു ശേഷം സിസിലിയുടെ ജീവിതം ദുരിതപൂർണമായിരുന്നു. മകൾ എൽസയുടെ സംസാരവും പെരുമാറ്റവും ജയേഷിനു നന്നേ ഇഷ്ടമായി. ജയേഷിന്റെ വിവാഹം നടന്നു. ഭാര്യ വർഷ മോഡേൺ ചിന്താഗതിക്കാരിയായതിനാൽ പൊരുത്തപ്പെട്ടുപോകാൻ നന്നേ ബുദ്ധിമുട്ടി ജയേഷ്. എൽസയുടെ കാലിന്റെ മുടന്തു മാറ്റാനുള്ള സർജറിക്കു പണം കൊടുക്കാമെന്ന് ജയേഷ് അറിയിച്ചു. ഇതറിഞ്ഞ വർഷ കോപാകുലയായി. പണം തരില്ലെന്ന് എൽസയെ വിളിച്ചറിയിച്ചു. ഇടവകവികാരി ഫാദർ മാത്യു കുരിശിങ്കൽ പണം സംഘടിപ്പിച്ചുകൊടുത്ത്, സർജറി നടത്തി മുടന്തുമാറ്റി. സർജറി നടത്തിയ ഡോക്ടർ മനുവുമായി എൽസ സൗഹൃദത്തിലായി. ഇതിനിടയിൽ വർഷ ഗർഭിണിയായി. ജയേഷ് അറിയാതെ ഗർഭച്ഛിദ്രം നടത്തിയിട്ട് ബാത്റൂമിൽ തെന്നിവീണ് അബോർഷനായീന്ന് കള്ളം പറഞ്ഞു. ഒരപകടത്തിൽ സിസിലി മരിച്ചു. എൽസ ഒറ്റയ്ക്കായി. ഡോക്ടർ മനു അവൾക്ക് താൻ ജോലി ചെയ്യുന്ന ആശുപത്രിയിൽ ഒരു ജോലി ശരിയാക്കിക്കൊടുത്തു. എൽസയെ വിവാഹം കഴിക്കാൻ ആഗ്രഹമുണ്ടെന്ന കാര്യം ഡോക്ടർ മനു വീട്ടിൽ പറഞ്ഞു. എൽസ ഡോക്ടറോടൊപ്പം രണ്ടുദിവസം അയാളുടെ വീട്ടിൽ പോയി താമസിച്ചു. വീട്ടുകാർക്ക് എൽസയെ ഒരുപാട് ഇഷ്ടമായി. വർഷ ഗർഭച്ഛിദ്രം നടത്തിയ കാര്യം യാദൃച്ഛികമായി ജയേഷും സൂസമ്മയും അറിഞ്ഞു. ജയേഷ് വർഷയോട് ഇക്കാര്യം ചോദിച്ചെങ്കിലും അവൾ നിഷേധിച്ചു. നുണ പറഞ്ഞതിൽ വർഷയ്ക്ക് പിന്നീട് കുറ്റബോധം തോന്നി. ഒരു ദിവസം ജോലി കഴിഞ്ഞു മടങ്ങുന്നതിനിടയിൽ വർഷ ഓടിച്ച സ്കൂട്ടർ കാറുമായി കൂട്ടിയിടിച്ചു. അപകടത്തിൽ വർഷയ്ക്ക് കാര്യമായ പരിക്കുപറ്റിയില്ലെങ്കിലും താൻ നുണ പറഞ്ഞതിന്റെ ദൈവശിക്ഷയാണോ അപകടം എന്ന തോന്നൽ അവളിലുണ്ടായി. ജയേഷിനോട് എല്ലാം ഏറ്റുപറഞ്ഞ് അവൾ മാപ്പു ചോദിച്ചു. ജയേഷ് ക്ഷമിച്ചു. ആശുപത്രിയിൽ കഴിയവേ ജയേഷിന്റെ സ്നഹം കണ്ടപ്പോൾ അവൾക്കു മനസ്സിലായി ഭർത്താവിന്റെ സ്നേഹത്തിന്റെ ആഴം എത്ര അധികമായിരുന്നു എന്ന്. വർഷ ഒരു പുതിയ ജീവിതം തുടങ്ങി. എൽസയെ കണ്ടു ക്ഷമ ചോദിക്കണമെന്ന് അവൾ ജയേഷിനോടു പറഞ്ഞു.

(തുടർന്നു വായിക്കുക)

ഡോക്ടർ മനുതോമസിന്റെ വീട്ടിൽനിന്ന് കാറിൽ അദ്ദേഹത്തോടൊപ്പം ആശുപത്രിയിലേക്കു മടങ്ങുമ്പോൾ എൽസയുടെ മനസ്സിൽ സന്തോഷം തിരതല്ലുകയായിരുന്നു. സ്വന്തം വീട്ടിൽ സ്വന്തം പപ്പയുടെയും അമ്മയുടെയുംകൂടെ താമസിച്ചതുപോലുള്ള അനുഭവമായിരുന്നു അവൾക്ക്.

എത്ര സ്നേഹമുള്ള അമ്മയാണ്! നിഖിലയാണെങ്കിൽ സ്വന്തം ചേച്ചിയോടെന്നപോലെയാണ് തന്നോട് ഇടപെട്ടത്. പള്ളിയിൽ കുർബാന കഴിഞ്ഞ് ഇറങ്ങിയപ്പോൾ, താൻ ആരാണെന്നു സുഹൃത്തുക്കൾ ചോദിച്ചപ്പോൾ ഒരു സ്വന്തക്കാരിയാണെന്നു പറയാൻ കാണിച്ച ആ നല്ല മനസ്സിനെ എത്ര അഭിനന്ദിച്ചാലും മതിയാവുമോ?

"എങ്ങനുണ്ട് എന്റെ വീട്?"

കാർ ഓടിക്കൊണ്ടിരിക്കുമ്പോൾ ഡോക്ടർ മനു ചോദിച്ചു.

"ഒരുപാട് ഇഷ്ടമായി. എന്റെ സ്വന്തം വീട്ടിൽ വന്നുനിന്നപോലുള്ള അനുഭവമായിരുന്നു. എത്ര സ്നേഹമുള്ള അമ്മയും പപ്പയുമാ. തിരിച്ചുപോരുമ്പം സങ്കടമായിരുന്നു."


"എന്നാ അവിടങ്ങു സ്ഥിരതാമസമാക്കിയാലോ?'' ചിരിച്ചുകൊണ്ട് മനു പറഞ്ഞു.

"കളിയാക്കിയതാണല്ലേ?"

"അങ്ങനെ തോന്നിയോ?"

"ഉം."

''സത്യത്തിൽ എൽസയെ ഞാനെന്റെ വീട്ടിൽ കൊണ്ടുപോയത് വെറും ഒരു സന്ദർശനത്തിനുവേണ്ടിമാത്രമല്ല. ഞാനെന്റെ ഒരാഗ്രഹം അമ്മയോടു പറഞ്ഞു.



അപ്പം അമ്മ പറഞ്ഞു എൽസയെ ഒന്നു കാണണമെന്ന്. അങ്ങനെ കൂട്ടിക്കൊണ്ടു പോയതാ."

"എന്താഗ്രഹമാ?"

"പറയട്ടേ?"

"ഉം."

"വരുന്നോ, എന്റെ ജീവിതപങ്കാളിയായി എന്നോടൊപ്പം ഒരുമിച്ചു ജീവിക്കാൻ."

അപ്രതീക്ഷിതമായി ആ ക്ഷണം കേട്ട് ശ്വാസം നിലച്ച പോലെ ഇരുന്നുപോയി എൽസ. ഇങ്ങനെയൊരു വിളി പ്രതീക്ഷിച്ചതേയില്ല. ദൈവമേ, താൻ എന്താണീ കേൾക്കുന്നത്. മറുപടി കേൾക്കാഞ്ഞപ്പോൾ മനു ചോദിച്ചു:

''ഇഷ്ടപ്പെട്ടില്ലേ എന്റെ ചോദ്യം?"

"ഒരുപാട് ഒരുപാട് ഇഷ്ടമായി. സന്തോഷംകൊണ്ടു മിണ്ടാൻ പറ്റാതെ ഇരുന്നുപോയതാ. ഒരിക്കലും പ്രതീക്ഷിച്ചില്ല ഇങ്ങനെയൊരു ക്ഷണം."

''അമ്മയ്ക്കും പപ്പയ്ക്കും അനിയത്തിക്കും എൽസയെ ഒരുപാട് ഇഷ്ടമായി. അതുകൊണ്ടാ ഞാനീ ആഗ്രഹം ഇപ്പം തുറന്നു പറഞ്ഞത്."

"ഡോക്ടറെ എന്റെ ജീവിതപങ്കാളിയായി ഞാൻ ഒരിക്കൽപ്പോലും മനസ്സിൽ സങ്കല്പിച്ചിട്ടുണ്ടായിരുന്നില്ല. അതിനുള്ള യോഗ്യത എനിക്കില്ലെന്ന് അറിയാമായിരുന്നു. ഇപ്പോ ഇങ്ങനൊരാഗ്രഹം ഡോക്ടർ തുറന്നുപറഞ്ഞപ്പോൾ ഞാൻ വിചാരിക്കുന്നത് ദൈവം എന്റെ ഹൃദയം കണ്ടിട്ട് എനിക്ക് വലിയ ഒരു സമ്മാനം തന്നു എന്നാണ്."

"എൽസയെ വിവാഹം കഴിക്കണമെന്ന് ഞാനും ചിന്തിച്ചിരുന്നില്ല. രണ്ടാഴ്ചമുമ്പ് പൂച്ചപ്പാറപ്പള്ളിയിൽ ഒരു മെഡിക്കൽ ക്യാമ്പ് ഉണ്ടായിരുന്നു. അന്ന് അവിടുത്തെ വികാരി ഫാദർ മാത്യു കുരിശിങ്കലിനെ ഞാൻ പരിചയപ്പെട്ടു. എൽസയുടെ അമ്മയുടെ മൃതസംസ്കാരത്തിൽ അച്ചനായിരുന്നല്ലോ ചരമപ്രസംഗം നടത്തിയത്. പലതും സംസാരിച്ച കൂട്ടത്തിൽ എൽസയെപ്പറ്റി ഞാൻ അച്ചനോടു ചോദിച്ചു. അച്ചൻ പറഞ്ഞത് ഇത്രയും നല്ലൊരു കുട്ടിയെ അച്ചന്റെ വൈദികജീവിതത്തിൽ വേറേ കണ്ടിട്ടില്ലെന്നാണ്. നൂറു നാവായിരുന്നു എൽസയെപ്പറ്റി പറഞ്ഞപ്പം അച്ചന്. അപ്പഴാ എനിക്കു തോന്നിയത് എൽസയെ എന്റെ ജീവിതപങ്കാളിയാക്കിയാലോന്ന്."

"എന്റെ ഭാഗ്യം."

"വീട്ടിൽ പറഞ്ഞപ്പോ, അപ്പനും അമ്മയുമില്ലാത്ത കുട്ടിയല്ലേ, വേണ്ട എന്നുപറഞ്ഞ് അമ്മ എന്നെ നിരുത്സാഹപ്പെടുത്തിയതാ. ഞാൻ പറഞ്ഞു കുരിശിങ്കലച്ചനെ വിളിച്ചൊന്നു ചോദിക്കാൻ. എന്റെ നിർബന്ധംകൊണ്ട് അമ്മ കുരിശിങ്കലച്ചനെ വിളിച്ച് അഭിപ്രായം ചോദിച്ചു. അച്ചന്റെ അഭിപ്രായം കേട്ടപ്പോൾ അമ്മയുടെ മനസ്സുമാറി. എൽസയെ നേരിട്ടുകണ്ടു സംസാരിച്ചിട്ടു തീരുമാനം പറയാമെന്ന് അമ്മ പറഞ്ഞു. അതു മതിയെന്നു ഞാനും പറഞ്ഞു. അമ്മയ്ക്കിഷ്ടമായില്ലെങ്കിൽ അതു ഡ്രോപ്പ് ചെയ്യാമെന്ന് ഞാൻ വാക്കുകൊടുത്തു. അതുകൊണ്ടാ എൽസയെ ഞാൻ വീട്ടിലേക്കു കൂട്ടിക്കൊണ്ടു ചെന്നത്."

''അമ്മ എന്നെപ്പറ്റി എന്തു പറഞ്ഞു?"

"എൽസയെ ഒരുപാട് ഇഷ്ടമായി. അമ്മയ്ക്കു മാത്രമല്ല, പപ്പയ്ക്കും അനിയത്തിക്കും. സന്ധ്യാപ്രാർഥനയിൽ എൽസ ഭക്തിപൂർവം പ്രാർഥന ചൊല്ലുന്ന കേട്ടപ്പം അമ്മ അതിശയത്തോടെ നോക്കിയിരുന്നു പോയീന്നു പറഞ്ഞു.

തന്നത്താൻ പ്രാർഥന ഉണ്ടാക്കി ചൊല്ലാനൊക്കെ ആരാ പഠിപ്പിച്ചെ?"

"പപ്പയും അമ്മയും നന്നായി പ്രാർഥിക്കുമായിരുന്നു. കുഞ്ഞുന്നാൾ മുതൽ ഞങ്ങളെ പ്രാർഥിക്കാനും ശീലിപ്പിച്ചു. വായിക്കാൻ പഠിച്ചതുമുതൽ എന്നും ബൈബിൾ വായിക്കുന്നുണ്ട്."

"വെരിഗുഡ്. വിശ്വാസത്തിൽ വളർന്നതുകൊണ്ടാണ് നന്മയുള്ള ഒരു ഹൃദയം ദൈവം എൽസയ്ക്കു സമ്മാനിച്ചത്."

"നല്ല വാക്കുകൾക്കു നന്ദി."

''അമ്മ ഇന്ന് പച്ചക്കൊടി കാട്ടിയതുകൊണ്ടാ ഞാനെന്റെ ആഗ്രഹം ഇപ്പം തുറന്നു പറഞ്ഞത്. എൽസയ്ക്ക് എതിർപ്പൊന്നുമില്ലല്ലോ അല്ലേ?"

''എതിർപ്പോ? ആരോരുമില്ലാത്ത ഒരു പെണ്ണിന് സ്നേഹനിധിയായ ഒരു പുരുഷൻ താങ്ങും തണലുമായി വരാമെന്നു പറയുമ്പോൾ വേണ്ടാന്നു പറയുമോ ഡോക്ടർ ആരെങ്കിലും? നൂറുവട്ടം ഇഷ്ടമാണ് എനിക്ക്."

"സന്തോഷമായി. ങ്ഹ, പിന്നൊരു കാര്യം. ഞാനും എൽസയുംമാത്രം തൽക്കാലം ഇതറിഞ്ഞാൽ മതി. കുരിശിങ്കലച്ചൻ ചോദിച്ചാൽ അച്ചനോടും പറഞ്ഞോ. വേറാരോടും പറയണ്ട. കല്യാണം ഫിക്സ് ചെയ്തു കഴിഞ്ഞിട്ട് മറ്റുള്ളവരറിഞ്ഞാൽ മതി."

"ഉം."

"ഒരു കാര്യംകൂടി. ഞാനൊരു ഡോക്ടറാണ്. സമയത്തും കാലത്തുമൊന്നും വീട്ടിലെത്താൻ പറ്റിയെന്നു വരില്ല. കറങ്ങിനടക്കാൻ ഒരുപാട് സമയം കിട്ടിയെന്നും വരില്ല. അതൊക്കെ ചിന്തിച്ചു വേണം എന്നോടൊപ്പം വരാൻ."

"ഒരു ഡോക്ടറുടെ ജോലി എന്താന്ന് എനിക്കറിയാവുന്നതല്ലേ! പൊരുത്തപ്പെട്ടുപോകാൻ പറ്റുന്ന ഒരു മനസ്സ് എനിക്കുണ്ട് ഡോക്ടർ. ഒന്നുമില്ലെങ്കിലും സ്നേഹനിധിയായ ഒരു പപ്പയുടേം അമ്മയുടേം കൂടെ ജീവിക്കാല്ലോ."

ഓരോന്നു പറഞ്ഞും ചിരിച്ചും അവർ യാത്ര തുടർന്നു.

രാത്രി ഹോസ്റ്റൽമുറിയിലിരുന്നു ബൈബിൾ വായിക്കുമ്പോൾ എൽസയുടെ ഫോൺ ശബ്ദിച്ചു. നോക്കിയപ്പോൾ കുരിശിങ്കലച്ചനാണ്. ഫോണുമായി അവൾ വരാന്തയിലേക്കിറങ്ങി. സംസാരിക്കുന്നത് റൂംമേറ്റ് കേൾക്കേണ്ടെന്നവൾ ചിന്തിച്ചു.

"ഹലോ..."

"കിടന്നായിരുന്നോ?"

"ഇല്ലച്ചോ. ബൈബിൾ വായിച്ചോണ്ടിരിക്കായിരുന്നു."

''വെരി ഗുഡ്. എന്തുണ്ട് വിശേഷം? ജോലിയൊക്കെ സുഖാണോ?"

"ഉം..."

"വീട്ടിൽ പോകാറുണ്ടോ?"

"ഇടയ്ക്കു പോകാറുണ്ട്."

''കല്യാണം ഒന്നും ആയില്ലല്ലോ അല്ലേ?"

"ഒരു പ്രപ്പോസൽ വന്നിട്ടുണ്ട്. അച്ചൻ ആളെ അറിയും. ഡോക്ടർ മനു തോമസ്."

"ങ്ഹ. അതറിയാനാ ഞാനിപ്പം വിളിച്ചത്. ഡോക്ടറുടെ അമ്മ കുറച്ചുദിവസം മുമ്പ് എന്നെ വിളിച്ച് നിന്നെപ്പറ്റി അഭിപ്രായം ചോദിച്ചിരുന്നു. അതിന്റെ തീരുമാനം വല്ലോം ആയോന്നറിയാനാ ഞാനിപ്പം വിളിച്ചത്."

എൽസ എല്ലാക്കാര്യങ്ങളും അച്ചനോടു പറഞ്ഞു. മനുവിനോടൊപ്പം വീട്ടിൽ പോയി രണ്ടു ദിവസം തങ്ങിയതും തിരിച്ചുപോരുമ്പോൾ മനു വിവാഹക്കാര്യം പറഞ്ഞതുമെല്ലാം കേട്ടപ്പോൾ അച്ചന് ഒരുപാട് സന്തോഷമായി.

"അച്ചനിത് ആരോടും പറയണ്ട. ഫിക്സ് ചെയ്തു കഴിഞ്ഞ് എല്ലാരും അറിഞ്ഞാൽ മതീന്നു ഡോക്ടർ പറഞ്ഞു."

"ഇതു ഞാൻ നിന്നോടു പറയാൻ തുടങ്ങ്വായിരുന്നു. നീ നന്നായിട്ടു പ്രാർഥിച്ചോ? ഇനി മുതൽ നിനക്കു ദൈവം തരാൻ പോകുന്നത് സന്തോഷകരമായ ഒരു ജീവിതമായിരിക്കും. നിനക്കുവേണ്ടി ഞാൻ എന്നും പ്രാർഥിക്കുന്നുണ്ടായിരുന്നു."

"താങ്ക് യു ഫാദർ."

"ചേച്ചിക്കു സുഖമല്ലേ?"

"ചേച്ചിയുടെ സുഖം അച്ചൻ കണ്ടതല്ലേ? കരഞ്ഞും പിഴിഞ്ഞും ഓരോ ദിവസവും തള്ളിനീക്കിക്കൊണ്ടിരിക്കുന്നു."

"അവൾക്കുവേണ്ടിയും ഞാൻ പ്രാർഥിക്കുന്നുണ്ട്. എല്ലാം ശരിയാകും."

കുറച്ചുനേരംകൂടി ഓരോന്നു ചോദിച്ചിട്ട് അച്ചൻ ഫോൺ കട്ട് ചെയ്തു. എൽസ അകത്തേക്കു കയറി വാതിൽ ബന്ധിച്ചു.

* * *

കുത്തനെയുള്ള കയറ്റം. വളഞ്ഞും പുളഞ്ഞുമുള്ള റോഡിലൂടെ കാർ സാവധാനമാണ് ഓടിക്കൊണ്ടിരുന്നത്. ജയേഷാണ് കാർ ഓടിച്ചിരുന്നത്.

*ശേഷം 17-ാം പേജിൽ*




## പതിനെട്ടിന്റെ പടിയിൽനിന്ന്

# ലോകത്തിന്റെ നെറുകയിൽ

■ ഡാലിയ ജോസഫ്

നീണ്ട പതിനെട്ടു ദിവസങ്ങൾക്കും പതിന്നാലു ക്ലാസ്സിക്കൽ ഗെയിമുകൾക്കുമൊടുവിൽ ഇന്ത്യയുടെ ദൊമ്മരാജു ഗുകേഷ് ലോക ചെസ്ചാമ്പ്യൻ! കറുത്ത കരുക്കളുമായി നിർണായകമായ പതിന്നാലാം മിനിറ്റിൽ നിലവിലെ ലോകചാമ്പ്യൻ ചൈനയുടെ ഡിങ് ലിറനെ പരാജയപ്പെടുത്തിയാണ് പതിനെട്ടുകാരനായ ഗുകേഷിന്റെ ചരിത്രനേട്ടം. വിശ്വനാഥൻ ആനന്ദിനുശേഷം ലോക ചെസ് ചാമ്പ്യനാകുന്ന ഇന്ത്യക്കാരനെന്ന നേട്ടത്തിനു പുറമേ, ലോക ചെസ്ചാമ്പ്യനാകുന്ന ഏറ്റവും പ്രായകുറഞ്ഞ താരമെന്ന റെക്കോർഡും ഇനിമുതൽ ഗുകേഷിനു സ്വന്തം. ചെസ് ഇതിഹാസം ഗാരി കാസ്പറോവിന്റെ ഇരുപത്തിരണ്ടാം വയസ്സിലെ ലോക കിരീടനേട്ടമാണ് ഗുകേഷ് പഴങ്കഥയാക്കിയത്. ലോക ചെസ് ചാമ്പ്യൻഷിപ്പ്ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ ചാലഞ്ചർകൂടിയായിരുന്ന ഈ പതിനെട്ടുകാരൻ പയ്യൻ, ഇന്ത്യയുടെ ചെസ് ഇതിഹാസങ്ങൾക്കുപോലും കഴിയാതിരുന്ന നേട്ടം സ്വന്തമാക്കുമ്പോൾ രാജ്യവും ആനന്ദത്തേരിലാണ്.

ചെന്നൈയിൽ ഇഎൻടി സർജനായ രജനീകാന്തിന്റെയും മൈക്രോബയോളജിസ്റ്റായ പത്മയുടെയും മകനായി 2006 മേയ് 29 നാണ് ദൊമ്മരാജു ഗുകേഷിന്റെ ജനനം. ഒരു തെലുങ്കുകുടുംബത്തിലാണു ജനിച്ചതെങ്കിലും തമിഴ്നാടാണ് ഗുകേഷിനെ വളർത്തിയത്. ഏഴാം വയസ്സിൽ ചെസ് ബോർഡിലെ 64 കളങ്ങളിൽ ആകൃഷ്ടനായ ഗുകേഷ് കരുക്കൾ നീക്കിത്തുടങ്ങിയപ്പോഴേ അപ്രതീക്ഷിതനീക്കങ്ങളിലൂടെ ശ്രദ്ധേയനായി. ആഴ്ചയിൽ മൂന്നു ദിവസം ഒരു മണിക്കൂർ വീതമായിരുന്നു ആദ്യകാലത്തു പരിശീലനം.

പ്രാദേശികടൂർണമെന്റുകളിൽ മികവറിയിച്ചെങ്കിലും 2015 ൽ ഏഷ്യൻ സ്കൂൾ ചെസ് ചാമ്പ്യൻഷിപ്പിൽ അണ്ടർ 9 വിഭാഗത്തിൽ ചാമ്പ്യനായാണ് ഗുകേഷ് വരവറിയിക്കുന്നത്. പിന്നീട് 2018 ൽ അണ്ടർ 12 വിഭാഗത്തിൽ ലോക യൂത്ത് ചെസ് ചാമ്പ്യഷിപ്പിൽ അഞ്ചു സ്വർണമെഡലുകൾ നേടി ജേതാവായതോടെ ചെസ് ലോകം ആ പേര് ശ്രദ്ധിച്ചുതുടങ്ങി. പ്രായം കുറഞ്ഞ ലോക ചെസ് ചാമ്പ്യനാവുകയാണ് തന്റെ ലക്ഷ്യമെന്നു പതിനൊന്നാംവയസ്സിൽത്തന്നെ ഉറപ്പിച്ചുപറഞ്ഞ ഗുകേഷിന്റെ വാക്കുകളെ സംശയിച്ചവർക്കുള്ള മറുപടികൂടിയാണ് ഈ വിജയം. അഞ്ചുതവണ ചാമ്പ്യനായ വിശ്വനാഥൻ ആനന്ദിന്റെ ലോകകിരീടം 2013 ൽ മാഗ്നസ് കാൾസൺ സ്വന്തമാക്കിയപ്പോഴേ ഗുകേഷ് ഈ നിമിഷം മനസ്സിലുറപ്പിച്ചിരുന്നു.

സിങ്കപ്പൂരിലെ റിസോർട്ട് വേൾഡ് സെന്റോസയിൽ പിറന്നത് ലോക ചെസ്സിന്റെ പുതുചരിത്രമാണ്. ചാമ്പ്യൻഷിപ്പിൽ ആദ്യ ഗെയിമിൽത്തന്നെ നാല്പത്തിരണ്ടു നീക്കങ്ങൾക്കൊടുവിൽ ലിങ് ലിറനോടു തോല്‌വി വഴങ്ങിയ ഗുകേഷിന്റെ ശക്തമായ തിരിച്ചുവരവിനാണ് പിന്നീട് സിങ്കപ്പൂരിലെ വേദി സാക്ഷ്യം വഹിച്ചത്. സമനിലയിലായ രണ്ടാം ഗെയിമിനുശേഷം മൂന്നാംഗെയിമിൽ ലിങ് ലിറന് ഒപ്പത്തിനൊപ്പമെത്തി. പിന്നീട് തുടർച്ചയായ ഏഴു ഗെയിമുകളിൽ സമനില. പതിനൊന്നാം ഗെയിമിൽ ജയിച്ച് ലിറനെ പിന്നിലാക്കിയെങ്കിലും പന്ത്രണ്ടാം ഗെയിമിലെ പരാജയം തിരിച്ചടിയായി. പിന്നീട് മുൻതൂക്കം ലഭിച്ചിട്ടും പതിമ്മൂന്നാം ഗെയിം സ്വന്തമാക്കാൻ സാധിക്കാത്തതിന്റെ നിരാശയും ഉണ്ടായിരുന്നു ഗുകേഷിന്. ഒടുവിൽ, ഇന്ത്യ കാത്തിരുന്ന ആ ചരിത്രനിമിഷം പിറന്നു. ലോക ചെസ് ചാമ്പ്യൻഷിപ്പിന്റെ 138 വർഷത്തെ ചരിത്രത്തിൽ ആദ്യമായാണ് രണ്ട് ഏഷ്യൻതാരങ്ങൾ കിരീടത്തിനായി മത്സരിച്ചത്.

2017 മാർച്ചിൽ ഇന്റർനാഷണൽ മാസ്റ്ററും 2019 ൽ ചെസ്സ് ചരിത്രത്തിലെ രണ്ടാമത്തെ പ്രായം കുറഞ്ഞ ഗ്രാൻഡ് മാസ്റ്ററുമായ ഗുകേഷ് 2023 ഓഗസ്റ്റിൽ 2750 റേറ്റിങ് നേടി ഈ നേട്ടം സ്വന്തമാക്കുന്ന പ്രായം കുറഞ്ഞ താരമായി. എന്നാൽ, ഗുകേഷിന്റെ യഥാർഥനേട്ടം വരാനിരിക്കുന്നതേ ഉണ്ടായിരുന്നുള്ളൂ. ഒരു മാസത്തിനുശേഷം സാക്ഷാൽ വിശ്വനാഥൻ ആനന്ദിനെ മറികടന്ന് ലോക ചെസ് റാങ്കിങ്ങിൽ ഇന്ത്യയിലെ നമ്പർ വണ്ണായി. 37 വർഷത്തിനുശേഷമാണ് ആനന്ദിന്റെ ഒന്നാംസ്ഥാനത്തിനു പുതിയ അവകാശിയെത്തിയത് എന്നറിയുമ്പോൾത്തന്നെ ഗുകേഷിന്റെ നേട്ടത്തിന്റെ തിളക്കം മനസ്സിലാവും.

ഈ വർഷം സെപ്റ്റംബറിൽ ചെസ് ഒളിമ്പ്യാഡിൽ ഇന്ത്യയ്ക്കാദ്യമായി കിരീടം സമ്മാനിക്കാൻ കരുനീക്കിയ ഗുകേഷ് ഈ വർഷം കാൻഡിഡേറ്റ്സ് ചെസിൽ ചാമ്പ്യനായി ഈ നേട്ടം കൈവരിക്കുന്ന പ്രായം കുറഞ്ഞ താരമെന്ന റെക്കോർഡുമായാണ് ലോക ചാമ്പ്യൻഷിപ്പിനു യോഗ്യത നേടിയത്. ആനന്ദിനുശേഷം ലോക ചെസ്ചാമ്പ്യനായ ഗുകേഷ് താൻ ആനന്ദിന്റെ യഥാർഥപിൻഗാമിയാണെന്ന് ഒരിക്കൽക്കൂടി തെളിയിച്ചിരിക്കുന്നു.

സമ്മർദങ്ങളെ അതിജീവിക്കാൻ ഗുകേഷിനു കരുത്തായത് മെന്റൽ കോച്ച് ദക്ഷിണാഫ്രിക്കൻ പരിശീലകൻ പാഡി അപ്ടന്റെ ശിക്ഷണമാണ്. 2011 ൽ എം എസ് ധോണിയും സംഘവും ഏകദിന ലോകകപ്പ് നേടിയപ്പോഴും പാരിസ് ഒളിമ്പിക്സിൽ ഇന്ത്യൻ ഹോക്കി ടീം വെങ്കലം നേടിയപ്പോഴും ടീമിന്റെ അണിയറയിൽ പാഡി അപ്ടൺ ഉണ്ടായിരുന്നു. ഗ്രാൻഡ്മാസ്റ്റർ വിഷ്ണുപ്രസന്നയുടെ പരിശീലനമാണ് ഗുകേഷിനെ ലോകത്തിന്റെ നെറുകയിലെത്തിച്ചത്. ഏകാഗ്രതയും അച്ചടക്കവുമാണ് ഗുകേഷിന്റെ സവിശേഷതകൾ എന്ന് വിഷ്ണു പറയുന്നു.

■

ക്രിസ്മസ് – പുതുവത്സരാശംസകൾ







15-ാം പേജ് തുടർച്ച

"നമ്മൾ അവിടെ ചെല്ലുമ്പോൾ എൽസ അവിടെ ഉണ്ടായിരിക്കുമോ?"

വർഷ സംശയം പ്രകടിപ്പിച്ചു.

"ഇല്ലാണ്ട് എവിടെപ്പോകാൻ? പോയാലും അയൽക്കാരോടു ചോദിച്ചാലറിയാല്ലോ?"

"നമ്മുടെ രണ്ടുപേരുടേം ഫോണിൽനിന്ന് മാറിമാറി വിളിച്ചിട്ട് എൽസ കോൾ അറ്റൻഡ് ചെയ്തില്ലല്ലോ."

"വാട്സ് ആപ്പിൽ മെസേജ് ഇട്ടിട്ടും റെസ്പോണ്ട് ചെയ്തില്ല. അത്രയേറെ ദേഷ്യം കാണും."

"ഇരന്നു തിന്നാതെ പണിയെടുത്തു ജീവിക്കാൻ പറഞ്ഞാൽ ആർക്കാണെങ്കിലും വിഷമം തോന്നില്ലേ? ഞാൻ എങ്ങനെ അവളെ ഫേസ് ചെയ്യുമെന്നാ ഇപ്പം ഓർക്കുന്നേ..." വർഷ പറഞ്ഞു.

"എനിക്കും അതാ വിഷമം. എങ്ങനെ ഫേസ് ചെയ്യും? കാശു കൊടുക്കാന്നു പറഞ്ഞു പറ്റിച്ചതല്ലേ."

ദീർഘദൂരം ഓടി, കാർ കുറുക്കൻകുന്നു കവലയിലെത്തി. അവിടെനിന്ന് കുറച്ചുദൂരം മുമ്പോട്ടുപോയി വലത്തോട്ടു തിരിഞ്ഞു.

വീട്ടുമുറ്റത്ത് കാർ വന്നു നിന്നപ്പോൾ ജയേഷ് അദ്ഭുതം കൂറി. വീടു പൂട്ടിക്കിടന്നു. മുറ്റം നിറയെ പുല്ലു വളർന്നിട്ടുണ്ട്. ദീർഘനാളായി ആൾത്താമസമില്ലാതെ കിടക്കുന്ന വീടാണെന്ന് ഒറ്റനോട്ടത്തിൽ അറിയാം.

"ഇവിടെ ആരുമില്ലല്ലോ."

ജയേഷ് വർഷയെ നോക്കി പറഞ്ഞു. അയാൾ വീടിനു ചുറ്റും നടന്നുനോക്കി. തെല്ലകലെ ഒരാൾ പശുവിനെ തീറ്റുന്നതു കണ്ടു. ജയേഷ് കൈകൊട്ടി വിളിച്ചിട്ടു ചോദിച്ചു:

"ഇവിടെ താമസിച്ചിരുന്ന എൽസ എങ്ങോട്ടു പോയീന്നറിയാമോ?"

"അവള് കട്ടപ്പനേൽ ഒരാശുപത്രീൽ ജോലി ചെയ്യുവാ. അവിടെ ഹോസ്റ്റലിലാ താമസം."

"ഏത് ആശുപത്രീലാ?"

അയാൾ ഹോസ്പിറ്റലിന്റെ പേരു പറഞ്ഞു.

"എത്രനാളായി പോയിട്ട്?"

"അമ്മ മരിച്ച ഉടനെ പോയതാ."

കൂടുതലൊന്നും ചോദിക്കാതെ ജയേഷ് വർഷയെയും കൂട്ടി കാറിൽ കയറി. കാർ വന്ന വഴിയേ തിരിച്ചുപോയി.

"ആശുപത്രീൽ പോയി അവളെ കാണണോ?" ജയേഷ് ചോദിച്ചു.

"കാണണം. കണ്ടു ക്ഷമ ചോദിച്ചില്ലെങ്കിൽ എനിക്കു മനഃസമാധാനം ഉണ്ടാകില്ല."

"അവിടെവച്ച് പരുഷമായി വല്ലതും പറഞ്ഞാൽ എല്ലാരും കേൾക്കും."

"ഏയ് അങ്ങനൊന്നും ഒണ്ടാവില്ല. അവളൊരു പെണ്ണല്ലേ. നമ്മൾ അന്വേഷിച്ച് അങ്ങോട്ടു ചെല്ലുമ്പം പൊട്ടിത്തെറിക്കുവൊന്നും ഇല്ല."

ഏറെ ദൂരം ഓടിയിട്ട് ആശുപത്രിവളപ്പിൽ ആ കാർ വന്നുനിന്നു. ജയേഷും വർഷയും കാറിൽ നിന്നിറങ്ങി എൻക്വയറി കൗണ്ടറിലേക്കു നടന്നു.

"എൽസ എന്നൊരു പെൺകുട്ടി ഇവിടെ ജോലി ചെയ്യുന്നുണ്ടോ?"

"എൽസ തോമസ്."

"അതെ."

"ബില്ലിങ് സെക്ഷനിലാ. ഇവിടുന്നു റൈറ്റ് പോയിട്ട് ലെഫ്റ്റിലോട്ടു തിരിഞ്ഞിട്ട് മൂന്നാമത്തെ റൂം."

എൻക്വയറിയിലിരുന്ന പെൺകുട്ടി ചൂണ്ടിക്കാണിച്ച വഴിയേ ജയേഷും വർഷയും നടന്നു. അവരുടെ ഹൃദയം ക്രമാതീതമായി മിടിക്കുന്നുണ്ടായിരുന്നു.

(തുടരും)

# ഒരു രാജ്യം ഒറ്റത്തിരഞ്ഞെടുപ്പ് സാധ്യമോ?



ഫാ. മാത്യു ചന്ദ്രൻകുന്നേൽ


നേർമൊഴി

ഒരു രാജ്യം, ഒറ്റത്തിരഞ്ഞെടുപ്പ് എന്ന ആശയം പുതിയതല്ല. അതു ബിജെപി സർക്കാരിന്റെ കണ്ടുപിടിത്തവുമല്ല. 1967 വരെ രാജ്യത്തു നിലവിലിരുന്ന തിരഞ്ഞെടുപ്പുരീതി അതായിരുന്നു. പാർലമെന്റിലേക്കും നിയമസഭകളിലേക്കും ഒരുമിച്ചായിരുന്നു തിരഞ്ഞെടുപ്പ്. ത്രിതലപഞ്ചായത്തു തിരഞ്ഞെടുപ്പ് അന്നു പ്രസക്തമായിരുന്നില്ല. കാരണം, 1992 ലാണ് അതു പ്രാബല്യത്തിൽ വന്നത്. 1968, 1969 കാലഘട്ടത്തിൽ ചില നിയമസഭകൾ പിരിച്ചുവിടപ്പെടുകയോ മറ്റു കാരണങ്ങളാൽ ഇല്ലാതാവുകയോ ചെയ്തതുമുതലാണ് കേന്ദ്രത്തിലേക്കും സംസ്ഥാനങ്ങളിലേക്കും പ്രത്യേകം പ്രത്യേകം തിരഞ്ഞെടുപ്പ് ആവശ്യമായിവന്നത്.

പ്രധാനമന്ത്രി നരേന്ദ്രമോദി ഗുജറാത്തിൽ മുഖ്യമന്ത്രിയായിരുന്ന കാലംമുതലേ ഒരു രാജ്യം, ഒറ്റത്തിരഞ്ഞെടുപ്പ് എന്ന ചിന്തയോട് അനുഭാവം പ്രകടിപ്പിക്കുകയും 2014 ൽ പ്രധാനമന്ത്രിയായശേഷം അതു നടപ്പാക്കുന്നതിനുള്ള നീക്കങ്ങൾ ആരംഭിക്കുകയും ചെയ്തു. എങ്കിലും 2019 ലെ തിരഞ്ഞെടുപ്പുവേളയിലാണ് അതൊരു രാഷ്ട്രീയ അജണ്ടയായി ബിജെപി അവതരിപ്പിച്ചത്. അതിന്റെ വിശദാംശങ്ങൾ പഠിച്ചു റിപ്പോർട്ടു സമർപ്പിക്കുന്നതിന് മുൻരാഷ്ട്രപതി രാംനാഥ് കോവിന്ദിന്റെ നേതൃത്വത്തിൽ ഒരു ഉന്നതാധികാരസമിതിയെ നിയോഗിച്ചു. 39 രാഷ്ട്രീയപ്പാർട്ടികൾ, സാമ്പത്തികവിദഗ്ധർ, തിരഞ്ഞെടുപ്പുകമ്മീഷൻ തുടങ്ങിയവരുമായി ചർച്ച ചെയ്താണ് കമ്മിറ്റി റിപ്പോർട്ടു തയ്യാറാക്കിയത്. ആ റിപ്പോർട്ട് ഡിസംബർ 12-ാം തീയതി കേന്ദ്രമന്ത്രിസഭ അംഗീകരിച്ചു. അതിനുപിന്നാലേ, രാജ്യമൊട്ടാകെ ലോക്സഭാ, നിയമസഭാതിരഞ്ഞെടുപ്പുകൾ ഒരുമിച്ചു നടത്തുന്നതിനായുള്ള 'ഒരു രാജ്യം ഒറ്റത്തിരഞ്ഞെടുപ്പി'നു വേണ്ടിയുള്ള രണ്ടു ഭരണഘടനാഭേദഗതി ബില്ലുകൾ ലോകസഭയിൽ അവതരിപ്പിക്കുകയുണ്ടായി, 198 നെതിരേ 269 വോട്ടുകൾക്കാണ് ബില്ലവതരണം ലോകസഭ അംഗീകരിച്ചത്. ബില്ലുകളിപ്പോൾ വിശദപഠനത്തിനും നിർദേശങ്ങൾക്കുമായി സംയുക്ത പാർലമെന്ററി സമിതിക്കു(ജെപിസി) വിട്ടിരിക്കുകയാണ്. ബില്ലവതരണത്തിന് മൂന്നിൽരണ്ടു ഭൂരിപക്ഷം ആവശ്യമില്ലെന്നതിനാൽ സാങ്കേതികമായി സർക്കാരിനു തിരിച്ചടിയുണ്ടായില്ല. എന്നാൽ, ബില്ലുകൾ പാസാക്കാനാവശ്യമായ പിന്തുണ സർക്കാരിനില്ലെന്നു വോട്ടെടുപ്പിൽ തെളിഞ്ഞത് സർക്കാരിനു നേരിയ ക്ഷീണവും പ്രതിപക്ഷത്തിനു താത്കാലികവിജയവുമായി. ബില്ലവതരണത്തെ എതിർത്ത പ്രതിപക്ഷം ആവശ്യപ്പെട്ടതിനെത്തുടർന്നാണ് വോട്ടെടുപ്പു നടന്നത്.

ഒരു രാജ്യം ഒറ്റത്തിരഞ്ഞെടുപ്പ് എന്ന ആശയം കേൾവിക്ക് ഇമ്പകരവും തത്വത്തിൽ സ്വീകാര്യവുമാണ്. എന്നാൽ, അതിന്റെ ഭരണഘടനാപരവും പ്രായോഗികവുമായ തലങ്ങൾ പരിശോധിക്കുമ്പോൾ അതു നടപ്പാക്കുക എളുപ്പമല്ലെന്നു ബോധ്യപ്പെടും.

പാർലമെന്റിലേക്കും സംസ്ഥാനനിയമസഭകളിലേക്കും രാജ്യത്തെ എല്ലാ വോട്ടർമാരും ഒരുമിച്ച് ഒരേസമയം വോട്ടു രേഖപ്പെടുത്തുന്ന സമ്പ്രദായമാണ് ഒരു രാജ്യം ഒറ്റത്തിരഞ്ഞെടുപ്പു പദ്ധതി. ത്രിതലപഞ്ചായത്തിലേക്കുള്ള തിരഞ്ഞെടുപ്പ് പൊതുതിരഞ്ഞെടുപ്പുകഴിഞ്ഞ് 100 ദിവസത്തിനുള്ളിൽ നടക്കണം. ഇത്തരത്തിൽ തിരഞ്ഞെടുപ്പുപ്രക്രിയ പുനഃക്രമീകരിക്കുന്നതിനു ഭരണഘടനാഭേദഗതികളും നിലവിലുള്ള തിരഞ്ഞെടുപ്പുചിട്ടവട്ടങ്ങളുടെ ഭേദഗതിയും ആവശ്യമായിവരും. അതെല്ലാം പൂർത്തിയാക്കി രാജ്യം ഒരുമിച്ചു വോട്ടു ചെയ്യുന്ന സമ്പ്രദായം നിലവിൽ വരുമെങ്കിൽ അത് 2034 മുതലായിരിക്കുമെന്നും റിപ്പോർട്ടിൽ ശിപാർശയുണ്ട്. ഇപ്പോൾ പാർലമെന്റിൽ അവതരിപ്പിച്ച ബില്ലുകൾ പാസായാൽപ്പോലും 2029 ലെ പൊതുതിരഞ്ഞെടുപ്പിൽ പുതിയ സമ്പ്രദായം നടപ്പാക്കാനാവില്ല.



ബിജെപി തിരഞ്ഞെടുപ്പുമാനിഫെസ്റ്റോയിൽ ഉൾപ്പെടുത്തിയ പല വാഗ്ദാനങ്ങളും നിറവേറ്റി. അവശേഷിക്കുന്നത് രണ്ടെണ്ണമാണ്. ഏകീകൃതസിവിൽകോഡും ഒരു രാജ്യം ഒറ്റത്തിരഞ്ഞെടുപ്പുപദ്ധതിയും. പാർലമെന്റിൽ മോദിസർക്കാരിന്റെ അംഗബലം കുറഞ്ഞിരിക്കുന്ന ഈ സമയത്ത് മേല്പറഞ്ഞ അജണ്ടകൾ നടപ്പാക്കുക എളുപ്പമായിരിക്കുകയില്ല. 2014 ലും 2019 ലും പാർലമെന്റിൽ മൃഗീയഭൂരിപക്ഷമുണ്ടായിരുന്നതുകൊണ്ട് വിശദമായ ചർച്ചകൾപോലുമില്ലാതെ ബില്ലുകൾ പാസാക്കാൻ സാധിച്ചിരുന്നു. ഇപ്പോൾ ഇന്ത്യാസഖ്യം ശക്തമായ ആക്രമണമാണ് സർക്കാരിനെതിരേ ഉയർത്തുന്നത്. ഒരു രാജ്യം ഒറ്റത്തിരഞ്ഞെടുപ്പു പദ്ധതി നിയമമായി മാറണമെങ്കിൽ അഞ്ചോളം ഭരണഘടനാഭേദഗതികളും പതിനേഴോളം മറ്റു നിയമഭേദഗതികളും ഉണ്ടാകേണ്ടതുണ്ട്. പാർലമെന്റിന്റെ കാലാവധിഭേദഗതിയുമായി ബന്ധപ്പെട്ട ഭരണഘടനയുടെ 83-ാം ആർട്ടിക്കിൾ, ലോക്സഭ പിരിച്ചുവിടുന്നതുമായി ബന്ധപ്പെട്ട 85-ാം ആർട്ടിക്കിൾ, സംസ്ഥാന നിയമസഭകളുടെ കാലാവധിയുമായി ബന്ധപ്പെട്ട 172-ാം ആർട്ടിക്കിൾ, രാഷ്ട്രപതിഭരണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട 356-ാം ആർട്ടിക്കിൾ തുടങ്ങിയവ പ്രധാന ഭേദഗതികളിൽപ്പെടുന്നു. ഇതു പാസാകണമെങ്കിൽ സഭയിൽ മൂന്നിൽ രണ്ടു ഭൂരിപക്ഷപിന്തുണ ലഭിക്കണം. രണ്ടാമത്തെ വ്യവസ്ഥ പകുതിയിലധികം സംസ്ഥാനങ്ങൾ ഇത് അംഗീകരിക്കണമെന്നതാണ്. ഇതു ബിജെപിക്കു ബുദ്ധിമുട്ടുണ്ടാക്കില്ല. കാരണം, കൂടുതൽ സംസ്ഥാനങ്ങൾ ഭരിക്കുന്നത് ബിജെപിയത്രേ. എന്നാൽ, മൂന്നിൽ രണ്ടു ഭൂരിപക്ഷം നേടുക ഇന്നത്തെ സാഹചര്യത്തിൽ അസാധ്യമാണ്.

ഒരു രാജ്യം ഒറ്റത്തിരഞ്ഞെടുപ്പുപദ്ധതിക്കു നേട്ടങ്ങളും കോട്ടങ്ങളുമുണ്ട്. അടുക്കലടുക്കൽ സംഭവിക്കുന്ന തിരഞ്ഞെടുപ്പു ചെലവുകൾ ഒഴിവാക്കാനാകുമെന്നതാണ് ഒന്നാമത്തെ നേട്ടം. ആ തുക വികസനപ്രവർത്തനങ്ങൾക്കു ചെലവഴിക്കാനാകും.

രണ്ട്, അടുക്കലടുക്കൽ നടക്കുന്ന തിരഞ്ഞെടുപ്പുകൾ വികസനത്തിന്റെ വേഗം കുറച്ചു. പെരുമാറ്റച്ചട്ടം നിലവിൽവന്നാൽ ഫണ്ടുകൾ അനുവദിക്കാനാവുകയില്ല.

മൂന്ന്, തിരഞ്ഞെടുപ്പാവശ്യങ്ങൾക്ക് ഉദ്യോഗസ്ഥർ നിയോഗിക്കപ്പെടുന്നതുകൊണ്ട് മാസങ്ങളോളം ഓഫീസ് പ്രവർത്തനങ്ങൾ സ്തംഭിക്കും. അതു വികസനത്തെ ബാധിക്കും.

നാല്, വോട്ടിങ് ശതമാനമുയരാൻ ഒരുമിച്ചുള്ള തിരഞ്ഞെടുപ്പു സഹായിക്കും.

അഞ്ച്, പൊതുജനങ്ങളുടെ ബുദ്ധിമുട്ടുകൾ ഒഴിവാകുകയും തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അക്രമസംഭവങ്ങളുടെ നിരക്കു കുറയുകയും ചെയ്യും.

എന്നാൽ, ഈ പദ്ധതിയുടെ ഏറ്റവും വലിയ കോട്ടമായി പറയുന്നത് അതു ഭരണഘടനാവിരുദ്ധവും ജനാധിപത്യവിരുദ്ധവുമാണെന്നതാണ്. നിലവിലുള്ള രീതിയാണ് ഭരണഘടന വിഭാവനം ചെയ്തിട്ടുള്ളത്. ഒറ്റത്തിരഞ്ഞെടുപ്പാകുമ്പോൾ ജനാധിപത്യത്തിനും ജനഹിതത്തിനും വേണ്ട പരിഗണന ലഭിക്കാതെ വരും. ചർച്ച ചെയ്യപ്പെടുന്നതു ദേശീയവിഷയങ്ങൾ മാത്രമായിരിക്കും. അങ്ങനെ വരുമ്പോൾ, കേന്ദ്രം ഭരിക്കുന്ന പാർട്ടിക്ക് അനുകൂലമായ നിലപാടുകളാകും സംസ്ഥാനങ്ങളിൽപോലുമുണ്ടാകുക. രാജ്യത്ത് ദേശീയപാർട്ടികളുടെ പതിന്മടങ്ങ് സംസ്ഥാനപാർട്ടികളും പ്രാദേശികപാർട്ടികളുമുണ്ട്. അവർ പരിഗണിക്കപ്പെടാതെ പോകും. ഫെഡറൽ ഭരണക്രമത്തെയും അതു ബാധിക്കും. ശക്തമായ കേന്ദ്രവും ശക്തമായ സംസ്ഥാനങ്ങളുമാണ് ആവശ്യം. ■

---

# വെറുതെ...

(4-ാം പേജ് തുടർച്ച)

പക്ഷേ, ഒന്നിനും വഴങ്ങാതെ അവൾ... അങ്ങനെയുള്ള ആളുടെ അടുത്തേക്കാണ് ഗിഫ്റ്റും വാങ്ങി... എങ്ങനെയായിരിക്കും പ്രതികരിക്കുകയെന്ന് ഊഹിക്കാവുന്നതേയുണ്ടായിരുന്നുള്ളൂ. വേണമെങ്കിൽ പോയിക്കണ്ടുവെന്നും സമ്മാനം കൊടുത്തുവെന്നും അമ്മയോടു നുണ പറയാം. പക്ഷേ, അതിനു സാധിക്കുമായിരുന്നില്ല. ലോകത്ത് മറ്റാരോടെങ്കിലും നുണ പറഞ്ഞിട്ടുണ്ടെങ്കിലും, പറയാമെങ്കിലും അമ്മയോടു മാത്രം നുണ പറയാനാവില്ലായിരുന്നു. അതുകൊണ്ട് ഗത്യന്തരമില്ലാതെയാണ് ഗിഫ്റ്റ് വാങ്ങിയതും അതുമായി ബാങ്കിലെത്തിയതും. സെക്യൂരിറ്റി സൗഹൃദഭാവത്തോടെ ചിരിച്ചു.

"മേഡം അകത്തുണ്ട്."

ശരിയെന്നു പറഞ്ഞ് അകത്തേക്കു കടന്നു. ആന്വൽ ക്ലോസിങ്ങുമായി ബന്ധപ്പെട്ടു തിരക്കിലായിരുന്നു ബാങ്കിലെ സ്റ്റാഫെല്ലാം. പരസ്പരം വേർതിരിച്ചിരിക്കുന്ന ഗ്ലാസുറൂമുകളിലൊന്നിൽ ലയ തിരക്കിടുന്നതു നോക്കിനിന്നു. വിളിക്കണോ വേണ്ടയോ എന്ന ആശയക്കുഴപ്പത്തിൽ നില്ക്കവേ തൊട്ടടുത്ത സീറ്റിലുണ്ടായിരുന്ന അഖില അയാളെ കാണുകയും ലയയ്ക്ക് അയാളെ കാണിച്ചുകൊടുക്കുകയും ചെയ്തു. മാസങ്ങൾക്കുശേഷമുള്ള കണ്ടുമുട്ടലിന്റെ വീർപ്പുമുട്ടൽ ഇരുവർക്കുമുണ്ടായിരുന്നു. ലയ വരുന്നതും കാത്ത് കസ്റ്റമേഴ്സിനുള്ള ഇരിപ്പിടത്തിൽ അയാളിരുന്നു. ഏതാനും മിനിറ്റുകൾ കഴിഞ്ഞപ്പോൾ ലയ മുമ്പിൽ വന്നു നിന്നു. അവളുടെ തോളിൽ ബാഗുമുണ്ടായിരുന്നു. കൈയിലൊരു കവറും. എന്തു പറയണമെന്നറിയാതെ അയാൾ അവൾക്കു മുമ്പിൽ നിന്നു... പിന്നെ കൈയിലിരുന്ന ടെക്സ്റ്റയിൽസ് ഷോപ്പിന്റെ കവർ അവൾക്കുനേരേ നീട്ടി. എന്തെങ്കിലും തടസ്സമോ എതിരോ അവൾ പറയുമെന്നയാൾ കരുതി. പക്ഷേ, അതുണ്ടായില്ല. അവളതു സ്വീകരിച്ചു. അമ്മ പറയരുതെന്നു പറഞ്ഞിട്ടും അയാൾക്കു പറയാതിരിക്കാൻ കഴിഞ്ഞില്ല:

"അമ്മ ബെർത്ത്ഡേ വിഷ് ചെയ്തിട്ടുണ്ട്.. ക്രിസ്മസും."

അതുപറയുമ്പോൾ അയാളുടെ തൊണ്ട ഇടറുന്നുണ്ടായിരുന്നു. പക്ഷേ, അതു സങ്കടംകൊണ്ടാണെന്നു സമ്മതിച്ചുകൊടുക്കാൻ അയാളിലെ അഹന്ത തയ്യാറായിരുന്നില്ല. അതുകൊണ്ടു തൊണ്ട ശരിയാക്കുന്ന വിധത്തിൽ അയാൾ ശബ്ദമുണ്ടാക്കുകയും ജലദോഷമുണ്ടെന്നു ഭാവിച്ച് പോക്കറ്റിൽനിന്നു ടൗവലെടുത്തു മൂക്കു തുടയ്ക്കുകയും ചെയ്തു.

പുറത്തേക്ക് ഒരുമിച്ചാണ് അവർ ഇറങ്ങിയത്. സ്റ്റെപ്പുകൾ ഇറങ്ങുമ്പോൾ അയാളോർത്തു: രണ്ടു വർഷത്തെ പ്രണയത്തിനുശേഷമായിരുന്നു വിവാഹം. പ്രണയിക്കുമ്പോൾ ഒരു മുഖവും വിവാഹം കഴിയുമ്പോൾ മറ്റൊരു മുഖവും. അതാണ് എല്ലാവർക്കുമുള്ളതെന്ന് അയാൾക്കു തോന്നി. ആരാണ് ഒരുമിച്ചു ജീവിക്കാമെന്ന് ആദ്യം പറഞ്ഞത്? ആരാണ് പിരിയാമെന്നു പറഞ്ഞത്? രണ്ടും അവളായിരുന്നു.

"ഒരു കോഫി കുടിക്കാം." അവളാണു ക്ഷണിച്ചത്. അതയാളെ സന്തോഷിപ്പിക്കാതിരുന്നില്ല.

"ഇന്നലെ ഓപ്പൺ ചെയ്തതേയുള്ളൂ... ഞങ്ങളുടെ ബാങ്കിന്റെ ഒരു കസ്റ്റമറാ."

മനോഹരമായ ഇന്റീരിയറുള്ള ഒരു കോഫീ ഷോപ്പായിരുന്നു അത്. അകത്തെ കാഴ്ചകളിലേക്കും കടന്നുവരികയും പോവുകയും ചെയ്യുന്നവരിലേക്കുമായിരുന്നു അയാളുടെ ശ്രദ്ധമുഴുവൻ. മൗനത്തിന്റെ മതിൽക്കെട്ടുകൾ ഉയർന്നുയർന്നുവരുന്നതുപോലെ.

ബിൽ പേ ചെയ്തതും അവൾതന്നെയായിരുന്നു. അയാളതിനു തടസ്സം പറഞ്ഞതുമില്ല. പുറത്തേക്കിറങ്ങുമ്പോൾ അവൾ ഫോണിൽ വിളിക്കുന്നതു കേട്ടു. പിന്നെ അയാളോടു പറഞ്ഞു:

യൂബറ് വിളിച്ചതാ... വണ്ടി സർവീസിനു കൊടുത്തു. നാളെയേ കിട്ടൂ...

"ഞാൻ ഡ്രോപ്പു ചെയ്യാം." അയാൾ പറഞ്ഞു.

ആ മറുപടി കാത്തിരിക്കുകയാണെന്ന മട്ടിൽ അവൾ അതും സമ്മതിച്ചു. കുട നിവർക്കാൻ മഴ കാത്തു നില്ക്കുന്നതുപോലെ...

"നല്ല വർക്ക് പ്രഷറുണ്ട്. സ്ട്രസും. ചിലപ്പോ മനസ്സ് കൈവിട്ടുപോയതുപോലെതോന്നും. രണ്ടുദിവസം ഇനി സ്വസ്ഥം. നല്ലതുപോലെ ഉറങ്ങണം."

എന്തിനോ ഉള്ള ന്യായീകരണം പോലെയും ആരോടെന്നില്ലാതെയും അവൾ പറഞ്ഞു.

പിന്നെ അവൾ ചോദിച്ചു:

"അമ്മയ്ക്ക്...?"

"കീമോ കഴിഞ്ഞു. പക്ഷേ, മുടിയൊന്നും കൊഴിഞ്ഞിട്ടില്ല. മുടി കൊഴിഞ്ഞെങ്കിലേ റിസൾട്ടുണ്ടാകൂ എന്നു പലരും പറയുന്നു."

അയാൾ ദീർഘമായി നിശ്വസിച്ചു.

ലയയുടെ വീട്ടിലേക്കുള്ള വഴിയിൽ കാർ നിന്നു.

"വീട്ടിൽ കയറുന്നില്ലേ?" ലയ ചോദിച്ചു:

ഇല്ലെന്ന് അയാൾ പുഞ്ചിരിച്ചു. ഡോർ തുറന്ന് പുറത്തിറങ്ങിയ അവൾ പെട്ടെന്ന് മറന്നതെന്തോ ഓർമിച്ചതുപോലെ കൈയിലിരുന്ന കവർ അയാൾക്കുനേരേ നീട്ടി.

"അമ്മയ്ക്കാണ്... ഇവിടെവച്ച് ഇങ്ങനെ മീറ്റ് ചെയ്തില്ലായിരുന്നെങ്കിൽ ഞാൻ അമ്മയെ കാണാൻ.... എന്തായാലും ഇനി അതു കൊടുത്തേക്കൂ. അമ്മ എനിക്കു തന്ന സമ്മാനത്തിനും താങ്ക്സ് പറയണം."

"എങ്കിൽ... എങ്കിൽ... അതു നേരിട്ടു കൊടുത്ത്... നേരിട്ടുപറയുന്നതല്ലേ കൂടുതൽ നല്ലത്?"

പ്രതീക്ഷയോടെ അയാൾ അവളുടെ മുഖത്തേക്കു നോക്കി. നേരത്തേതന്നെ അങ്ങനെയൊരു തീരുമാനം മനസ്സിൽ ഉണ്ടായിരുന്നതുപോലെ ലയ വേഗം തന്നെ തിരികെക്കയറി. അവൾ അയാളെ നോക്കി ചിരിച്ചു. അയാൾ അവളെയും. ഒളിച്ചിരിക്കുന്ന കുട്ടിയെ കൈയോടെ പിടികൂടിയ അമ്മയുടെ ഭാവമായിരുന്നു അവർക്ക്. ചിരി പൊട്ടിച്ചിരിയാകാൻ തെല്ലും സമയമെടുത്തില്ല. അവർ വെറുതെ ചിരിച്ചുതുടങ്ങി. അയാൾ വണ്ടി മുന്നോട്ടെടുത്തു. വീഥിയുടെ ഇരുവശങ്ങളിലുമുള്ള വീടുകളിലെങ്ങും നക്ഷത്രങ്ങൾ പ്രകാശിച്ചുതുടങ്ങിയിരുന്നു അപ്പോൾ. ■




ഞങ്ങളുടെ ക്രിസ്മസ് – പുതുവത്സരാശംസകൾ



# പോൾസൺ ബേക്കറി

മെയിൻ റോഡ്, പാലാ Ph: 04822-212287, 9447805615, 9447675587

നിങ്ങൾക്കായി കേക്കുകളുടെ വിപുലമായ ശേഖരം!

**പോൾസൺ ബേക്ക്സ്**
കൊട്ടാരമറ്റം, പാലാ
Phone: 04822-214527



**പോൾസൺ ബേക്കേഴ്സ്**
A.T.P. Arcade, KSRTC സ്റ്റാൻഡിന് എതിർവശം, പാലാ
Phone: 04822-213527

ക്രിസ്മസ് – പുതുവത്സരാശംസകൾ!
Thanks to the whole-hearted support and co-operation for the past few years

# SURYA DRUGS

Room No. 3K, Puthumana Tower,
PALA P.O., Kottayam Dist.
Ph: 04822- 201977(O)

WHOLESALE PHARMACY IN PALA HAVING FULL RANGE OF SURGICAL EQUIPMENTS, DENTAL PRODUCTS & GENERAL MEDICINES

ക്രിസ്മസ് - പുതുവത്സരാശംസകൾ

# S.J. ആയുർവേദ ഫാർമസി

പുതിയ കാവ് ടെമ്പിൾ റോഡ് ചെത്തിമറ്റം – പാലാ
ബ്രാഞ്ചുകൾ : കോട്ടയം & ആലപ്പുഴ

## മദ്യപാനരോഗചികിത്സ ആയുർവേദത്തിലൂടെ...

നിരാശയിലാണ്ടുപോയ ആയിരക്കണക്കിനു കുടുംബങ്ങളെ സ്വസ്ഥതയിലേക്കു തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞ ദിവ്യൗഷധം

**Please Contact:**
**Dr. K.V. Joseph DAM**
**Mob: 9447421216, 04822-214167**

Deepanalam Weekly

RNI No : 16998/68
Vol. 57 No. 42 Date of Publication 19 December 2024
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

കേരളത്തെ
കണ്ണട ധരിപ്പിച്ച
105
വർഷങ്ങൾ

ലോകോത്തര ബ്രാൻഡുകളുടെ
ഫ്രെയിമും ലെൻസും.
ലോകോത്തര നേത്ര പരിചരണം

105 YEARS OF LEGACY

KURIANS®
OPTICALS
ESTD 1920

കേരളത്തെ ആദ്യം കണ്ണട ധരിപ്പിച്ചവർ

Opp. Kottaramattom Stand, Pala | Call: 0482 2215777 / 8111882973

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org